# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുമ്പാവൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നഗരസഭാ ഓഡിറ്റ് കാര്യാലയം

പെരുമ്പാവൂർ-പി.ഒ

ഇ-മെയിൽ: mlpbvr.ksad@kerala.gov.in

ഫോൺ : 0484-2522230

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ പി ബി എം(എ2)111/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
പെരുമ്പാവൂർ-പി.ഒ
തീയതി: 31/03/2023
ഇ-മെയിൽ:
mlpbvr.ksad@kerala.gov.in
ഫോൺ: 0484-2522230

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ചെയർമാൻ (സെക്രട്ടറി മുഖേന)
പെരുമ്പാവൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1.ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
2.ഡയറക്ടർ,നഗരകാര്യ വകുപ്പ്,തിരുവനന്തപുരം

നമ്പർ: കെ എസ് എ പി ബി എം(എ2)111/23 തീയ്യതി: 31/03/2023

## എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ ടി.എൻ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 04-04-2022 | 31-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-11-2022 | 31-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ഷേർളി ജോസഫ് (ഓഡിറ്റ് ഓഫീസർ,ഹ.ഗ്രേ),
2.സ്റ്റാർ പി ജോൺ (അസി.ഓഡിറ്റ് ഓഫീസർ),
3.ഷൈനി.പി.എം (അസി.ഓഡിറ്റ് ഓഫീസർ),

4.പ്രവീൺ.വി.എൻ (സീനി.ഗ്രേഡ് ഓഡിറ്റർ),
5.ആതിര.ആർ (ഓഡിറ്റർ).

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ടി.എം.സക്കീർഹുസൈൻ | ചെയർമാൻ | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മേഘമേരി കോശി | സെക്രട്ടറി | 01-04-2021 | 23-02-2022 |
| പി.എസ്.ഷിബു | സെക്രട്ടറി | 10-03-2022 | 31-03-2022 |
| ഗ്രേസി ജോസഫ് | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ജയ.പി.എസ് | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.ഷാനി.എം.എം | സൂപ്രണ്ട്,താലൂക്ക് ഹോസ്പിറ്റൽ | 01-04-2021 | 31-03-2022 |
| ഡോ.ലാലി ജോൺ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2021 | 30-04-2021 |
| ഡോ.സിന്ധു.കെ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-05-2021 | 14-11-2021 |
| ഡോ.സിന്ധു.കെ.ആർ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 15-11-2021 | 31-03-2022 |
| ഡോ.നദാഷ തെരേസ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2021 | 24-06-2021 |
| ഡോ.ജോർജ്ജ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 25-06-2021 | 27-07-2021 |
| ഡോ.സിൻസൺ ജോസഫ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 28-07-2021 | 31-03-2022 |
| ഡോ.നൈന.ടി.എ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| വത്സമ്മ.കെ.പി | അസി.ഫീൽഡ് ഓഫീസർ,കൃഷി | 01-04-2021 | 31-03-2022 |
| ബിൻസ.വി.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഷീല.എ.എസ് | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ഗോപകുമാർ.സി | ഹെൽത്ത് സൂപ്പർവൈസർ | 01-04-2021 | 31-05-2021 |
| സഞ്ജീവ് കുമാർ.എസ് | ഹെൽത്ത് സൂപ്പർവൈസർ | 01-06-2021 | 30-06-2021 |
| ബെന്നി മാത്യു | ഹെൽത്ത് സൂപ്പർവൈസർ | 01-07-2021 | 20-08-2021 |
| സഞ്ജീവ് കുമാർ.എസ് | ഹെൽത്ത് സൂപ്പർവൈസർ | 21-08-2021 | 31-08-2021 |

| | | | |
|---|---|---|---|
| ബെന്നി മാത്യു | ഹെൽത്ത് സൂപ്പർവൈസർ | 01-09-2021 | 03-09-2021 |
| സഞ്ജീവ് കുമാർ.എസ് | ഹെൽത്ത് സൂപ്പർവൈസർ | 04-09-2021 | 19-09-2021 |
| ബെന്നി മാത്യു | ഹെൽത്ത് സൂപ്പർവൈസർ | 20-09-2021 | 25-09-2021 |
| സഞ്ജീവ് കുമാർ.എസ് | ഹെൽത്ത് സൂപ്പർവൈസർ | 26-09-2021 | 30-09-2021 |
| ബെന്നി മാത്യു | ഹെൽത്ത് സൂപ്പർവൈസർ | 01-10-2021 | 23-10-2021 |
| സഞ്ജീവ് കുമാർ.എസ് | ഹെൽത്ത് സൂപ്പർവൈസർ | 24-10-2021 | 31-10-2021 |
| ബെന്നി മാത്യു | ഹെൽത്ത് സൂപ്പർവൈസർ | 01-11-2021 | 02-01-2022 |
| സുബൈർ,കെ,പി | ഹെൽത്ത് സൂപ്പർവൈസർ | 03-01-2022 | 31-03-2022 |
| മൈമൂനത്ത്.കെ.പി | പ്രോജക്ട് ഓഫീസർ,നഗരദാരിദ്ര നിർമ്മാർജ്ജന സെൽ | 01-04-2021 | 31-03-2022 |
| ബിന്ദു ആർ. | റവന്യൂ ഓഫീസർ (സെക്രട്ടറി ഇൻ ചാർജ് | 24-02-2022 | 09-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് &പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-11 |
| 12 | പെൻഷൻ ഫണ്ട് | 1-12 |
| 13 | ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിലെ കുടിശ്ശിക | 1-13 |
| 14 | ഷോപ്പിങ്ങ് കോംപ്ലക്സ് വാടകയിനത്തിലെ നഷ്ടം | 1-14 |
| 15 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരംഭങ്ങൾക്കും ലൈസൻസ് | 1-15 |
| 16 | സ്വകാര്യ ആശുപത്രികൾ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ | 1-16 |
| 17 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-17 |
| 18 | തൊഴിൽ നികുതി- ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ) പ്രകാരം ചില സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-18 |
| 19 | കുത്തകാവകാശം ലേലത്തിനെടുത്തവരിൽ നിന്ന് ചരക്ക സേവന നികുതി, ആദായ നികുതി എന്നിവ ഈടാക്കിയില്ല. | 1-19 |
| 20 | കൗൺസിൽ ഹാൾ നവീകരണം | 1-20 |
| 21 | പച്ചക്കറി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് അറ്റകുറ്റപ്പണികൾ | 1-21 |
| 22 | നിലാവ് പദ്ധതി നടപ്പാക്കിയില്ല | 1-22 |
| 23 | ഡെപ്പോസിറ്റ് പ്രവൃത്തി | 1-23 |
| 24 | റിംഗ് കംമ്പോസ്റ്റ് വിതരണം -മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-24 |
| 25 | നഗരസഭ സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കാത്തത് | 1-25 |
| 26 | മത്സ്യ,ഇറച്ചി,പച്ചക്കറി മാർക്കറ്റുകളിലെ വേസ്റ്റുകൾ നീക്കം ചെയ്യൽ - | 1-26 |

| | | |
|---|---|---|
| | നടപ്പാക്കിയതിലെ അപാകതകൾ | |
| 27 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഫണ്ടുകൾ ചെലവഴിക്കുന്നു | 1-27 |
| 28 | വാഴ കൃഷി വികസനം - മാർഗ്ഗ രേഖ പാലിക്കപ്പെട്ടില്ല | 1-28 |
| 29 | തെങ്ങ് കൃഷി വികസനം പ്രൊജക്ട് നടപ്പാക്കിയതിലെ അപാകതകൾ | 1-29 |
| 30 | ജാതി കൃഷി വികസനം - തൈ വിതരണത്തിലെ അപാകതകൾ | 1-30 |
| 31 | ഗ്രോബാഗ് പച്ചക്കറി വികസനം -പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-31 |
| 32 | കൃഷി ഓഫീസിലെ വൈദ്യുതി ചാർജ്ജ്,ഫോൺ ചാർജ്ജ്,ദൈനംദിന ചിലവുകൾ - അധിക തുക അടവാക്കിയത് | 1-32 |
| 33 | കൃഷി ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങിയതിൽ നടപടി ക്രമം പാലിച്ചില്ല | 1-33 |
| 34 | പച്ചക്കറി വികസനം - വിത്തുകൾ വാങ്ങിയതിലെ അപാകതകൾ | 1-34 |
| 35 | ഭവന പുനരുദ്ധാരണം (പട്ടിക ജാതി വിഭാഗം) നടപ്പിലാക്കിയതിലെ അപാകതകൾ | 1-35 |
| 36 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് പഠനമുറി നിർമ്മാണം -മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല | 1-36 |
| 37 | കിണർ പുനരുദ്ധാരണം (പട്ടിക ജാതി വിഭാഗം)- കൂടിയ നിരക്ക് നൽകി | 1-37 |
| 38 | എസ്റ്റിമേറ്റിലില്ലാത്ത ഇനം പ്രവൃത്തി നടത്തിയത് | 1-38 |
| 39 | എസ്റ്റിമേറ്റിലെ ഇനത്തിന്റെ നിരക്ക് മറ്റൊരു ഇനത്തിന് അനുവദിച്ചു | 1-39 |
| 40 | ജീവിത ശൈലി രോഗ നിയന്ത്രണവും ബോധവൽകരണവും - നടപ്പാക്കിയതിലെ അപാകതകൾ | 1-40 |
| 41 | വൃദ്ധർക്ക് കട്ടിൽ വിതരണം (പട്ടിക ജാതി വിഭാഗം) അധിക വില നൽകിയത് | 1-41 |
| 42 | തെരുവു വിളക്കുകളുടെ പരിപാലനം- സബ്സിഡി മാർഗ്ഗരേഖ പാലിക്കുന്നില്ല. | 1-42 |
| 43 | ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ -മരുന്ന് മുഴുവനും ലഭിച്ചില്ല | 1-43 |
| 44 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭിച്ചില്ല. | 1-44 |
| 45 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പൈപ്പ് കണക്ഷൻ - കട്ടിംഗ് ചാർജ്ജ് -വിവരം ലഭ്യമല്ല | 1-45 |
| 46 | മുൻകൂർ നല്കിയ തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല | 1-46 |
| 47 | അർദ്ധ വാർഷിക വരുമാനം അടിസ്ഥാനമാക്കി സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്യുതിൽ കുറവ് | 1-47 |
| 48 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ മുഴുവൻ വിവരവും ലഭ്യമല്ല | 1-48 |

| | | |
|---|---|---|
| 49 | ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങളുടെ 2021-22 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യിട്ടില്ല | 1-49 |
| 50 | ക്ഷേമ പെൻഷൻ അപേക്ഷകൾ ലഭ്യമാക്കിയില്ല | 1-50 |
| 51 | രസീത് വരവ് - ക്രമക്കേടുകൾ | 1-51 |
| 52 | പ്രഥമ മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഇളവുകൾ അനുവദിച്ചു | 1-52 |
| 53 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ | 1-53 |
| 54 | ഉപയോഗ ക്രമമനുസരിച്ച് വസ്തുനികുതി പുനർ നിർണ്ണയിക്കാത്തത് | 1-54 |
| 55 | വാർഷിക വസ്തു നികുതി തുക ഈടാക്കിയതിൽ കുറവ് | 1-55 |
| 56 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് പുതുക്കാത്തത് | 1-56 |
| 57 | ചെയ്യാത്ത ഇനം പ്രവൃത്തിക്ക് 41740.00 രൂപ നൽകി | 1-57 |
| 58 | മരണപ്പെട്ടവരുടെ വിവരങ്ങൾ മറ്റു തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയില്ല | 1-58 |
| 59 | പി.എം.എ.വൈ -ലൈഫ് (നഗരം)പദ്ധതി അവലോകനം | 1-59 |
| 60 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതിലെ അപാകതകൾ | 1-60 |
| 61 | അനുബന്ധ രേഖകൾ ഹാജരാക്കാതെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു | 1-61 |
| 62 | റെഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് | 1-62 |
| 63 | ഒറ്റ തവണ കെട്ടിട നികുതി അടവാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചത് | 1-63 |
| 64 | സേവന പുസ്തക പരിശോധന | 1-64 |
| 65 | ദുരിതാശ്വാസ നിധി | 1-65 |
| 66 | പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടില്ല | 1-66 |
| 67 | തൊഴിൽ നികുതി -ഈടാക്കിയതിൽ കുറവ് | 1-67 |
| 68 | ശോചനീയാവസ്ഥയിൽ സ്കൂൾ കെട്ടിടം-തുടർ നടപടികൾ വൈകുന്നു | 1-68 |
| 69 | ഉപയോഗ ശൂന്യമായ തെരുവു വിളക്കുകളുടെ ലേല നടപടിയിൽ കാലതാമസം- നഗരസഭയ്ക്കു നഷ്ടം | 1-69 |
| 70 | നഗരസഭ വക ഹോസ്റ്റൽ ഉപയോഗമില്ലാതെ നശിക്കുന്നു | 1-70 |
| 71 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശ, കസേര നൽകൽ - അപാകതകൾ | 1-71 |
| 72 | ഫയർ എൻ.ഒ.സി ലഭ്യമാക്കാതെ കെട്ടിട നിർമ്മാണ പെർമിറ്റ് പുതുക്കി നൽകിയത് | 1-72 |
| ഭാഗം **2** | | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-1 |
| 2 | പ്രഥമ മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഇളവുകൾ അനുവദിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയത് | 2-2 |

| | | |
|---|---|---|
| 3 | വാർഷിക വസ്തുനികുതി തുക ഈടാക്കിയതിൽ കുറവ് | 2-3 |
| 4 | റെഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് | 2-4 |
| | ഭാഗം **3** | |
| 1 | പെൻഷണർമാരുടെ മരണ ശേഷവും ക്ഷേമ പെൻഷനുകൾ അനുവദിച്ചു | 3-1 |
| 2 | ചെയ്യാത്ത ഇനം പ്രവൃത്തിക്ക് 41740.00 രൂപ അനുവദിച്ചു | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |
| 6 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കു വിധേയമായും പ്രാദേശിക സർക്കാർ തങ്ങളുടെ പ്രദേശത്തെ ജനങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി വരുന്ന വരവു ചെലവുകളുടെ എസ്റ്റിമേറ്റാണ് ബഡ്ജറ്റ്. നഗരസഭയുടെ 2021-22 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 17.02.2021 -ൽ ചേർന്ന കൗൺസിൽ യോഗത്തിന്റെ 1-ാം നമ്പർ തീരുമാന പ്രകാരവും 2021-22 ലെ പുതുക്കിയ ബഡ്ജറ്റ് 23.03.2022 -ൽ ചേർന്ന കൗൺസിൽ യോഗത്തിന്റെ 1-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 286-പ്രകാരം സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ ലഭ്യമാക്കണമെന്നും പ്രസ്തുത നിർദ്ദേശങ്ങളെയും ഈ ആക്ടിലെ എല്ലാ ആവശ്യങ്ങളെയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മുനിസിപ്പാലിറ്റിയുടെ വരവു ചെലവുകളുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 18.12.2020-ൽ സെക്ഷനിൽ ആരംഭിച്ചു. എല്ലാ സ്റ്റാന്റിങ്ങ് കമ്മിറ്റികൾക്കും ഓഫീസ് സെക്ഷനുകൾക്കും ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കാനാവശ്യപ്പെട്ട് നോട്ടീസ് നൽകിയെങ്കിലും കാര്യമായ പ്രതികരണം ഇല്ലാത്തതിനാൽ മറ്റു സ്റ്റാന്റിങ്ങ് കമ്മിറ്റികളിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൂടി ലഭ്യമാക്കുവാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 19.01.2021-ൽ തീരുമാനമെടുത്തു. എന്നാൽ വിദ്യാഭ്യാസ കലാ കായികം, ക്ഷേമകാര്യം എന്നീ സ്റ്റാന്റിങ്ങ് കമ്മിറ്റികളിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ, ഓഫീസ് സെക്ഷനുകൾ എന്നിവയിൽ നിന്നുള്ള നിർദ്ദേശങ്ങൾ മാത്രമാണ് ഫയലിൽ ഉള്ളത്. മറ്റ് മൂന്നു സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ പങ്കാളിത്തം ബഡ്ജറ്റ് രൂപീകരണത്തിൽ ഉണ്ടായിരുന്നില്ല.

മുൻ വർഷങ്ങളിലെ പോലെ തൻവർഷവും ബഡ്ജറ്റ് പ്രകാരമുള്ള വരവുചെലവുകൾ വാർഷിക കണക്കു പ്രകാരമുള്ള വരവു ചെലവുകളുമായി വളരെയേറെ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക കണക്കുകൾ പ്രകാരം | ബഡ്ജറ്റ് | ബഡ്ജറ്റ് പരിഷ്കരിച്ചത് |
|---|---|---|---|
| മുന്നിരുപ്പ് | 29727679.26 | 7272193 | 8555264 |
| വരവ് | 217461418.00 | 349709100 | 272120836 |
| ആകെ | 247189097.26 | 356981293 | 280676100 |
| ചെലവ് | 211170409.00 | 350889600 | 280068148 |
| നീക്കിയിരുപ്പ് | 36018688.26 | 6091693 | 607952 |

എല്ലാ സ്റ്റാന്റിങ്ങ് കമ്മിറ്റികളും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളും ഓഫീസ് സെക്ഷനുകളും ബഡ്ജറ്റ് രൂപീകരണ പ്രക്രിയയിൽ പങ്കാളികളായി യഥാർത്ഥ കണക്കുകൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്കു നൽകേണ്ടതും ഈ കണക്കുകളുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് രൂപീകരിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31/07/2022 | 30/07/2022 | - | - |

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 9(1) ൽ വ്യക്തമാക്കുന്ന പ്രകാരം വാർഷിക കണക്കുകൾ തയ്യാറാക്കി യഥാസമയം ഓഡിറ്റിനു സമർപ്പിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

| 2021-22 | |
|---|---|
| മുന്നിരിപ്പ് | 29727679.26 |
| വരവ് | 217461418.00 |
| ആകെ | 247189097.26 |
| ചെലവ് | 211170409.00 |
| നീക്കിയിരിപ്പ് | 36018688.26 |

വരവിനങ്ങളിലെ പ്രധാന വരുമാന സ്രോതസായ കെട്ടിട നികുതി, തൊഴിൽ നികുതി, മറ്റ് പ്രധാന നികുതി വരവുകൾ എന്നിവ പൂർണ്ണമായി കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയത് സാധിച്ചാൽ മാത്രമേ തനത് വരുമാനം വർദ്ധിപ്പിക്കാൻ നഗരസഭക്ക് കഴിയുകയുള്ളൂ. സാമ്പത്തിക ഞെരുക്കം പദ്ധതി നടത്തിപ്പിനെ പിന്നോട്ടടിപ്പിക്കുന്നതും നഗരസഭയുടെ സമഗ്ര പുരോഗതിയെ സാരമായി ബാധിക്കുന്നതുമാണ്. ഈ സാഹചര്യം നഗരസഭ ഗൗരവത്തോടു കൂടി വിലയിരുത്തേണ്ടതാണ്.

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 16190191 | 16190191 | 16190191 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 6110338 | 6110338 | 6110338 | 0 |
| വികസന ഫണ്ട് ടി.എസ്.പി | 0 | - | - | - | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 24849203 | 24849203 | 24849203 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 7744405 | 7744405 | 7744405 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ജനറൽ | 0 | 10783131 | 10783131 | 5067945 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ബാങ്ക് | 0 | 10514000 | 10514000 | 4689166 | 5824834 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) ജനറൽ | 0 | 2659883 | 2659883 | 1019630 | 0 |
| ധനകാര്യ കമ്മീഷൻ | 0 | 7010000 | 7010000 | 4683001 | 2326999 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഗ്രാന്റ് (അൺ ടൈഡ് ) ബാങ്ക് | | | | | | | |
| സാക്ഷരത | | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസ നിധി | | | 47634 | 134184 | 181818 | 131000 | 50818 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി | | 1555219 | 5000000 | 6555219 | 5381359 | 626928 |
| | ഭരണ ചെലവ് | | - | - | - | 546932 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | പി.എം.എ.വൈ | 6003011 | 105670 | 6108681 | 5014413 | 1094268 |
| | | എൻ. യു. എൽ.എം* | 549257 | 18408 | 567665 | 567665 | 0 |
| | | ശുചിത്വ മിഷൻ | 3556722 | 206760 | 3763482 | 3705749 | 57733 |
| | | IDSMT | 8107 | 221 | 8328 | 0 | 8328 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | - | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 0 | 0 | 0 | 0 | 0 |
| | ജില്ലാ പഞ്ചായത്ത് | | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | | | 0 | 52694600 | 52694600 | 52694600 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 0 | 15167000 | 15167000 | 15167000 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (SBI) | | 6372211.96 | 109608998 | 115981209 | 100334277 | 15646932.96 |
| | ട്രഷറി അക്കൗണ്ട് | PF/ TPI-145 | 100000 | - | 100000 | 100000 | 0 |
| | | TPA 163 (RP) | 165109 | - | 165109 | 165109 | 0 |
| | | TPA 108 (CP) | 460704 | - | 460704 | 460704 | 0 |
| HDFC | | | 5261242 | 5694736 | 10955978 | 8236310 | 2719668 |

*യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിലെ NULM (അക്കൗണ്ട് നം. 337902010041438 അക്കൗണ്ട് 29.07.2021 ൽ ക്ലോസ് ചെയ്തിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം % |
|---|---|---|---|---|---|---|
| 208 | 55412913 | 145 | 28700654 | ഇല്ല | 63 | 70% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ -ഇല്ല.

സുലേഖ പത്രിക പ്രകാരം നിർവഹണോദ്യോഗസ്ഥരുടെ ആകെ ചെലവു വിവരം ചുവടെ-

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2021-22 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 26 | 11914486 | 24 | 10937606 | 91.80 |
| 2 | മുനിസിപ്പൽ എഞ്ചിനിയർ | 5 | 12184023 | 2 | 2045596 | 16.79 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 108 | 55412913 | 61 | 28700654 | 51.79 |
| 4 | കൃഷി ഫീൽഡ് ഓഫീസർ | 8 | 2471493 | 8 | 2017519 | 81.63 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 2372000 | 3 | 2371722 | 99.98 |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 489300 | 2 | 418708 | 85.57 |
| 7 | വെറ്റിനറി സർജൻ | 8 | 615000 | 8 | 513875 | 83.56 |
| 8 | പ്രൊജക്ട് ഓഫീസർ നഗര ദാരിദ്ര്യ ലഘൂകരണ സെൽ | 16 | 12637100 | 13 | 6901095 | 54.61 |
| 9 | ഹെൽത്ത് ഓഫീസർ | 12 | 9961947 | 9 | 3716545 | 37.31 |
| 10 | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 7 | 6380674 | 6 | 6032125 | 94.54 |
| 11 | ഹെഡ് മാസ്റ്റർ | 3 | 800000 | 2 | 287942 | 35.99 |
| 12 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 6272150 | 7 | 5319350 | 84.81 |
| | ആകെ | 208 | 121511086 | 145 | 69262737 | 57 |

തൻവർഷം 208 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും, ആകെ പൂർത്തീകരിക്കാൻ സാധിച്ചത് 70% മാത്രമാണ്. 30% പദ്ധതികളും പൂർത്തിയാക്കാത്ത പദ്ധതികളാണ്. ഇതിൽ പ്രധാനമായ പദ്ധതികളെല്ലാം തന്നെ മരാമത്ത് വേലകൾ ആണെന്നത് ശ്രദ്ധേയമാണ്. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതിയുടെ ശതമാന കണക്കിൽ വിലയിരുത്തിയാൽ ആകെ 12 നിർവ്വഹണ ഉദ്യോഗസ്ഥരിൽ 3 പേരും

50% താഴെ മാത്രമാണ് പദ്ധതി തുക ചെലവഴിച്ചിരിക്കുന്നത് . ഇതിൽ 20% ൽ താഴെ മാത്രം തുക ചിലവഴിച്ചവരും ഉൾപ്പെടുന്നുണ്ട്. ഏറ്റെടുക്കുന്ന പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1555219 | 5000000 | 6555219 | 546932 | 626928 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | | 5381359 | |
| ആകെ | 1555219 | 5000000 | 6555219 | 5928291 | |

പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു-

| | | |
|---|---|---|
| തൊഴിൽ കാർഡ് നൽകപ്പെട്ടവർ | പട്ടിക ജാതി വിഭാഗം | 24 |
| | പട്ടിക വർഗ്ഗ വിഭാഗം | - |
| | മറ്റുള്ളവർ | 68 |
| | ആകെ | 92 |
| തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | | 331 |
| തൊഴിൽ നൽകപ്പെട്ടവരുടെ എണ്ണം | | 331 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | പട്ടിക ജാതി വിഭാഗം | 6429 |
| | പട്ടിക വർഗ്ഗ വിഭാഗം | - |
| | മറ്റുള്ളവർ | 19597 |
| | ആകെ | 26026 |
| 100 ദിവസം തൊഴിൽ ലഭിച്ചവർ | | 111 |
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | | 124 |
| പൂർത്തീകരിച്ച പ്രവർത്തികൾ | | 124 |
| സാമ്പത്തിക വർഷത്തെ ആകെ വരവ് | | 6555219.00 |
| സാമ്പത്തിക വർഷത്തെ ആകെ ചെലവ് | | 5928291.00 |
| നീക്കിയിരിപ്പ് | | 626928.00 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | ഇല്ല | - |
| കർഷക തൊഴിലാളി പെൻഷൻ | 1681200.00 | 113 |
| വിധവാ പെൻഷൻ | 15193800.00 | 1038 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 30943200.00 | 2246 |
| വികലാംഗ പെൻഷൻ | 4365200.00 | 297 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 511200.00 | 42 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 2021-22 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടില്ല. | - |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.09.2022-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പായ 2,09,790/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

മികവുറ്റതും ഫലപ്രദവുമായ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏതൊരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയും അഭിവൃദ്ധിയിൽ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തെപ്പറ്റിയുള്ള അവലോകനം താഴെ ചേർക്കുന്നു.

1. ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ എല്ലാ സ്റ്റാന്റിങ്ങ് കമ്മിറ്റികളും ഓഫീസ് സെക്ഷനുകളും വേണ്ടത്ര ഇടപെടൽ നടത്തുന്നില്ല. യഥാർത്ഥ കണക്കുകളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കാത്തതിനാൽ വാർഷിക കണക്കിലെ വരവുചെലവുമായി വലിയ അന്തരം നില നിൽക്കുന്നു.

2. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 50 (2) പ്രകാരം നഗരസഭാ സെക്രട്ടറി രേഖാമൂലമുള്ള ഉത്തരവു വഴി തന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ ഏല്പിച്ചുകൊടുക്കാവുന്നതും ടിയാൾ ആ ചുമതല നിർവ്വഹിക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. ഓഫീസ് ജോലി കാര്യക്ഷമമാക്കുന്നതിനും ഓഫീസ് നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും ഓരോ തസ്തികയിലുമുള്ള ജീവനക്കാരന്റെയും ഉത്തരവാദിത്വങ്ങളും ചുമതലകളും ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ച് ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിക്കുന്നുണ്ട്.

3. സാംഖ്യ സോഫ്റ്റ് വെയറിലാണ് നഗരസഭയുടെ അക്കൗണ്ടിങ്ങ് ജോലികൾ നിർവ്വഹിക്കപ്പെടുന്നത്. ബഡ്ജറ്റ് പ്രൊവിഷൻ സാംഖ്യ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്താത്ത സാഹചര്യത്തിൽ ബഡ്ജറ്റ് പരിധി പിന്നിടുന്ന ചെലവിനെ തിരിച്ചറിഞ്ഞ് നിയന്ത്രിക്കുന്നതിന് സോഫ്റ്റ് വെയർ സഹായകമാകുന്നില്ല. ഈ സാഹചര്യത്തിൽ ആവർത്തന ചെലവുകളടക്കം തനതു ഫണ്ടിൽ നിന്നുള്ള ചെലവുകളുടെ കണ്ടിജന്റ് ബില്ലുകളിൽ ബഡ്ജറ്റ് പ്രൊവിഷനും അതുവരെ ആയിനത്തിലുള്ള ചെലവും രേഖപ്പെടുത്തി നിയന്ത്രിക്കുന്നതിന് സ്ഥാപനം ശ്രദ്ധ ചെലുത്തുന്നില്ല.

4. കൗൺസിൽ തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിനു സ്വീകരിച്ച തുടർ നടപടികൾ നിരീക്ഷണ വിധേയമാക്കുന്നില്ല. ആയതിനാൽ പല തീരുമാനങ്ങളും നടപടിയാകാതെ അവശേഷിക്കുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൗൺസിൽ തീരുമാനങ്ങളിന്മേലുള്ള തുടർ നടപടി നിരീക്ഷിക്കുന്നതിന് ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

5. പദ്ധതി രൂപീകരണം പൂർത്തിയാക്കി വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച ശേഷം നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പദ്ധതികൾ ഫലപ്രദമായി മോണിറ്റർ ചെയ്യണമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.02.2018-ലെ ജി.ഒ. (പി) നം 17/2018 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട് (ഖ.3.1.2 (ബി)-13). എന്നാൽ

നഗരസഭയിൽ തൻവർഷം നടപ്പാക്കിയ പദ്ധതികളൊന്നും തന്നെ മോണിറ്ററിംഗ് കമ്മിറ്റി മോണിറ്റർ ചെയ്തതായി കാണുന്നില്ല. മോണിറ്ററിംഗിന്റെ അഭാവത്തിൽ പദ്ധതി നടത്തിപ്പിലെ പോരായ്മകൾ യഥാസമയം ശ്രദ്ധയിൽപ്പെടാതെ പോയത് ഈ റിപ്പോർട്ടിൽ പരാമർശമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

6. ഓഡിറ്റ് അന്വേഷണങ്ങൾക്ക് യഥാസമയം മറുപടി നൽകുന്നതിൽ നഗരസഭ ശ്രദ്ധ കാണിക്കുന്നില്ല. 2021-22 വർഷ ഓഡിറ്റിന്റെ ഭാഗമായി 52 അന്വേഷണകുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മാത്രമാണ് നഗരസഭ മറുപടി നൽകിയത്.

7. നഗരസഭ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തിയിട്ടില്ല. നിലവിലുള്ളവ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നതിനും പ്രധാന വരുമാന മാർഗ്ഗങ്ങളായ ഷോപ്പിങ്ങ് കോംപ്ലക്സുകൾ, ടൗൺ ഹാൾ എന്നിവയുടെ അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുന്നതിനും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

8. ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുന്നില്ല. നഗരസഭയുടെ 1997-98 മുതൽ 2020-21 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ഉചിതമായ പരിഹാര നടപടികൾ സ്വീകരിക്കാത്തതിനാൽ തീർപ്പാകാതെ അവശേഷിക്കുന്നുണ്ട്. നിയമം /ചട്ടം അനുശാസിക്കുന്ന വിധം യഥാസമയം പ്രഥമ മറുപടി സമർപ്പിക്കുകയും മുൻവർഷങ്ങളിലെ തീർപ്പാക്കാനുള്ള പരാമർശങ്ങൾ തീർപ്പാക്കുകയും ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

പോരായ്മകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.06.2016 മുതൽ 02.07.2016 വരെ | 2014-15 & 2015-16 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.02.2020 | 2017-18 & 2018-19 | 20.05.2020 |

## 1-11 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനക്ക് വിധേയമാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) 2020-21 സാമ്പത്തിക വർഷത്തെ അക്കൗണ്ട് സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് സമർപ്പിച്ചിരുന്ന 450210100-SBT Own Fund ഹെഡ്ഡിലുള്ള ബാങ്ക് അക്കൗണ്ടിന്റെ (തനത് ഫണ്ട് അക്കൗണ്ട്) 31.03.2021 ലെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക് പാസ്സ് ബുക്ക് ബാലൻസ് തുകയും നിലവിൽ സാംഖ്യയിൽ നിന്നു ലഭിക്കുന്ന 31.03.2021 തീയതിലെ പ്രസ്തുത ബാങ്ക് അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക് പാസ്സ് ബുക്ക് ബാലൻസ് തുകയും തമ്മിൽ 3,52,361/- രൂപയുടെ വ്യത്യാസമുണ്ട്. അക്കൗണ്ട് സർട്ടിഫിക്കേഷന് സമർപ്പിച്ചിരുന്ന 31.03.2021 ലെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ Cheque Issued But Not Presented Into Bank തുക 25,52,155.10/- രൂപയും, Cheque Deposited But Not Collected തുക7,48,149.10/- രൂപയുമായിരുന്നു. എന്നാൽ നിലവിൽ പ്രസ്തുത അക്കൗണ്ടിന്റെ സാംഖ്യയിൽ നിന്നും ലഭിക്കുന്ന 31.03.2021 ലെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Issued But Not Presented Into Bank തുക 19,24,238.10/- രൂപയും, Cheque Deposited But Not Collected തുക 4,72,593.10/- രൂപയുമാണ്.

(2) 2021-22 സാമ്പത്തിക വർഷത്തിൽ 350800100 Liability In Respect Of Stale Chequeഹെഡ്ഡ് ഓഫ് അക്കൗണ്ടിൽ വിവിധ ബാങ്ക് അക്കൗണ്ടുകളിലെ ചെക്കുകൾ Stale Cheque ഇനത്തിൽ 5,86,866/-

രൂപയുടെയും Revalidation Of Invalid Cheque ഇനത്തിൽ 2,71,930/- രൂപയുടെയും ജേർണൽ എൻട്രി മുഖേന ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ Stale Cheque/ Revalidation Of Invalid Cheque എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത ചെക്കുകളുടെ വിവരങ്ങൾ, കമ്മിറ്റി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(3) റെസീപ്റ്റ് ആന്റ് പെയ്മെന്റിൽ RP-40 (B) Bank ഷെഡ്യൂളിൽ 450210100 SBT Own Fund ഹെഡ്ഡിലുള്ള ബാങ്ക് അക്കൗണ്ടിന്റെ (തനത് ഫണ്ട് അക്കൗണ്ട്) 31.03.2022 ൽ തയ്യാറാക്കിയിരിക്കുന്ന ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

(A) ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് ബുക്ക് ബാലൻസും പാസ്സ് ബുക്ക് ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല 86,971.44/- രൂപയുടെ വ്യത്യാസം ഉണ്ട്. 31.03.2022 ലെ ബാങ്ക് ബുക്ക് ബാലൻസ് തുകയായ 1,56,46,932.96/- രൂപയുടെ കൂടെ Cheque Issued But Not Presented Into Bank തുകയായ 50,981.10/- രൂപ കൂട്ടി അതിൽ നിന്നും Cheque Deposited But Not Collected തുകയായ 5,27,382.10/- രൂപ കുറയ്ക്കുമ്പോൾ 1,51,70,531.96 രൂപയാണ് ലഭിക്കുന്നത് എന്നാൽ പാസ്സ് ബുക്ക് ബാലൻസ് തുക 1,52,57,503.40/- രൂപയാണ്.

(B) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ Cheque Deposited But Not Collected ൽ 5,27,382/- രൂപയുടെ ചെക്കുകൾ ബാങ്കിൽ പണമായി മാറി ലഭിക്കാതെ അവശേഷിക്കുന്നു. ഇതിൽ നഗരസഭയ്ക്ക് 04.01.2013 മുതൽ 31.03.2022 വരെയുള്ള തീയതികളിൽ ലഭിച്ച ചെക്കുകൾ വരെ ഉൾപ്പെട്ടിട്ടുണ്ട്. വിവിധ നികുതി ഇനങ്ങൾ ഉൾപ്പെടെ വ്യക്തികൾ നഗരസഭയ്ക്ക് നൽകിയിട്ടുള്ള ചെക്കുകളാണ് ഇത്തരത്തിൽ ബാങ്കിൽ നിന്നും പണമായി മാറി ലഭിക്കാതിരിക്കുന്നത്. പണമാകാത്ത ചെക്കുകൾ പരിശോധിച്ച് ടി വ്യക്തികളിൽ നിന്നും പണം ഈടാക്കുന്നതിന് നാളിതു വരെ യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല.

(4) റെസീപ്റ്റ് ആന്റ് പെയ്മെന്റിൽ RP-40 (B) Bank ഷെഡ്യൂളിൽ 450210200 SBT Own Fund (IDSMT) ബാങ്ക് അക്കൗണ്ടിന്റെ 31.03.2022 ലെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം പാസ്സ് ബുക്ക് ബാലൻസ് 8,107/- രൂപയാണ് എന്നാൽ ബാങ്ക് പാസ്സ് ബുക്ക് (ബാങ്ക് സ്റ്റേറ്റ്മെന്റ്) പ്രകാരം ബാലൻസ് 8328/- രൂപയാണ് ഇവ തമ്മിൽ 221/- രൂപയുടെ വ്യത്യാസം ഉണ്ട്.

(5) റെസീപ്റ്റ് ആന്റ് പെയ്മെന്റിൽ RP- 40 (B) Bank ഷെഡ്യൂളിൽ 450230100 -Ernakulam District Co Operative Bank ബാങ്ക് അക്കൗണ്ടിന്റെ 31.03.2022 ലെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം പാസ്സ് ബുക്ക് ബാലൻസ് 8,34,719.69/- രൂപയാണ് എന്നാൽ ബാങ്ക് പാസ്സ് ബുക്ക് (ബാങ്ക് സ്റ്റേറ്റ്മെന്റ്) പ്രകാരം ബാലൻസ് 8,68,113.69/- രൂപയാണ് ഇവ തമ്മിൽ 33,394/- രൂപയുടെ വ്യത്യാസം ഉണ്ട്.

(6) റെസീപ്റ്റ് ആന്റ് പെയ്മെന്റിൽ RP-40 (B) Bank ഷെഡ്യൂളിൽ 450410400-SBT Account (SAND) 67308533137 ബാങ്ക് അക്കൗണ്ടിന്റെ 31.03.2022 ലെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം പാസ്സ് ബുക്ക് ബാലൻസ് 5,13,175/- രൂപയാണ് എന്നാൽ ബാങ്ക് പാസ്സ് ബുക്ക് (ബാങ്ക് സ്റ്റേറ്റ്മെന്റ്) പ്രകാരം ബാലൻസ് 5,12,525.50/- രൂപയാണ് ഇവ തമ്മിൽ 649/- രൂപയുടെ വ്യത്യാസം ഉണ്ട്.

(7) റെസീപ്റ്റ് ആന്റ് പെയ്മെന്റിൽ RP 40(b) Bank ഷെഡ്യൂളിൽ 31.03.2022 ലെ നീക്കിബാക്കി തുക പൂജ്യമായിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പാസ്സ് ബുക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ഹെഡ് ഓഫ് അക്കൗണ്ട് | | ബാലൻസ് തുക |
|---|---|---|
| 450210500 | Federal Bank 44038 | 0 |
| 450210800 | Punjab National Bank Old | 0 |
| 450220200 | SBT KURDFC | 0 |
| 450250101 | TSB Own Fund | 0 |

| | | |
|---|---|---|
| 450250300 | Treasury TPA 163 Regular Pension | 0 |
| 450250301 | Treasury Account-COVID | 0 |
| 450410100 | Indian Overseas Bank-FD | 0 |
| 450410200 | EDCB-FD (Solid Waste) | 0 |
| 450410300 | EKM DCB (FISHMKT-FD) | 0 |
| 450430200 | Scheduled Co Operative Bank-Special Funds 2 | 0 |
| 450450101 | Covid-CFLTC STSB 799011400006245 | 0 |
| 450610400 | Union Bank Of India-CDS | 0 |
| 450610600 | UBI-NULM-337902010041438 | 0 |

(8) റെസീപ്റ്റ് ആന്റ് പെയ്മെന്റിൽ RP(40-a) ബാങ്ക്, RP(40-b) ഷെഡ്യൂളിലെ 450450100 ഹെഡ്ഡിലെ ട്രഷറി അക്കൗണ്ടിൽ 8997/-രൂപ ബാലൻസ് തുക കാണിക്കുന്ന അക്കൗണ്ടിന്റെ പാസ്ബുക്ക് /സ്റ്റേറ്റ്മെന്റ് ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

(9) 31.03.2022 ലെ താഴെപ്പറയുന്ന വിവിധ ഫണ്ടുകളുടെ വാർഷിക ധനകാര്യപത്രിക (AFS) പ്രകാരമുള്ള ആകെ ചെലവ് തുകയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) പ്രകാരമുള്ള ചെലവ് തുകയും തമ്മിൽ വ്യത്യാസമുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | AFS പ്രകാരം ചെലവ് | ACR പ്രകാരം ചെലവ് | വ്യത്യാസം |
|---|---|---|---|
| 160100102 Development Fund – SCP | 60,61,226 | 61,10,338 | 49,112 |
| 160100401Maintenance Fund – Road | 2,13,10,781 | 2,48,49,203 | 35,38,422 |
| 160100402 Maintenance Fund – Non Road | 74,59,797 | 77,44,405 | 2,84,608 |

(10) ബാലൻസ് ഷീറ്റിലെ B18 Loans, Advances And Deposits ഷെഡ്യൂളിൽ ലോൺ, അഡ്വാൻസ് എന്നീ ഇനങ്ങളിൽ നഗരസഭ നൽകിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. 1967-68 സാമ്പത്തിക വർഷം മുതൽ നിലവിൽ ക്രമീകരിക്കാത്ത അഡ്വാൻസ് തുകയുടെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2017-18 മുതലുള്ള വാർഷിക ധനകാര്യ പത്രികയിൽ 460500201 – Advance To Implementing Agencies – Municipal Funds എന്ന ഹെഡിൽ 5,50,000/- രൂപ നീക്കിബാക്കിയായിട്ടുള്ളത് ഇപ്പോഴും പ്രസ്തുത തുക തന്നെയായി തുടരുന്നു.

ഇത്തരത്തിൽ അഡ്വാൻസ് നൽകിയിട്ടുള്ള പ്രസ്തുത തുകകൾ ക്രമീകരിക്കുന്നതിനോ, ഈടാക്കുവാനോ, പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഇവയെ അഡ്വാൻസിൽ നിന്നും ഒഴിവാക്കി ആസ്തിയാക്കി മാറ്റുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(11) ബാലൻസ് ഷീറ്റിലെ B7- Deposits Received എന്ന ഷെഡ്യൂളിൽ വിവിധ ഇനങ്ങളിൽ നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ള ഡെപ്പോസിറ്റുകൾ ഉൾപ്പെട്ടിട്ടുണ്ട് എന്നാൽ പ്രസ്തുത തുകകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ / അനുബന്ധ രേഖകൾ കാലികമാക്കി (Upto Date) സൂക്ഷിക്കുന്നില്ല. ആയതിനാൽ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ കണ്ടെത്തി നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നുണ്ടോ എന്നത് പരിശോധിച്ച് ഉറപ്പു വരുത്തുവാൻ സാധിച്ചിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് (വാല്യം 1) ആർട്ടിക്കിൾ 282 (1) പ്രകാരം 3 വർഷ കാലാവധി പൂർത്തിയാക്കിയ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്കു മുതൽ കൂട്ടേണ്ടതാണ്.

(12) താഴെപ്പറയുന്ന ഹെഡ്ഡുകളിലെ ഡെപ്പോസിറ്റ് തുകകൾ 2021-22 സാമ്പത്തിക വർഷത്തിൽ നഗരസഭ ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ മുതൽ കൂട്ടിയിട്ടുള്ള ഡെപ്പോസിറ്റുകളെ സംബന്ധിച്ച വിശദ വിവരം, ആയതിന്റെ കമ്മിറ്റി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | സാംഖ്യാ ഹെഡ്ഡ് | തുക |
|---|---|---|

| | | |
|---|---|---|
| 1 | 340100303 Contractors Retension Money – Special Funds | 71657.00 |
| 2 | 340100302 Contractors Retension Money – Specific Grants | 1,51,292.00 |
| 3 | 340809900 Other Deposits Received | 5,58,608.00 |

(13) ബാലൻസ് ഷീറ്റിലെ B9 -Other Liabilities (Sundry Creditors) എന്ന ഷെഡ്യൂളിൽ വിവിധ ഇനങ്ങളിൽ (റിക്കവറി, ടാക്സ്, സെസ്സ്) നഗരസഭ ഈടാക്കിയിട്ടുള്ള ബാധ്യതകളായിട്ടുള്ള തുകകൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ വർഷങ്ങളായി ഈ ഷെഡ്യൂളിൽ ബാലൻസായി അവശേഷിക്കുന്ന പ്രസ്തുത തുകകൾ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. സർക്കാരിലേക്ക് അടയ്ക്കേണ്ട തുകകൾ കൃത്യ സമയത്ത് അടവാക്കിയിട്ടില്ലെങ്കിൽ പിഴ ഉൾപ്പെടെ അടവാക്കേണ്ടി വരുമെന്നതിനാൽ അവ അതാത് സമയത്ത് തന്നെ അടവാക്കേണ്ടതാണ്. എന്നാൽ വർഷങ്ങളായി ഒരേ നീക്കിബാക്കി തുക തന്നെയായി തുടരുന്ന ബാധ്യതകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാംഖ്യാ ഹെഡ്സ് | വാർഷിക ധനകാര്യ പത്രിക (AFS) പ്രകാരം നീക്കി ബാക്കി | | 2021-22 ലെ നീക്കി ബാക്കി തുക (AFS പ്രകാരം) |
|---|---|---|---|---|
| | | വർഷം | തുക | |
| 1 | 350200215 – Recoveries Payable – Kerala Construction Workers Welfare Fund – Specific Grants | 2017-18 | 8776.00 | 8776.00 |
| 2 | 350400104 – Refund Payable – Service Cess | 2018-19 | 1,60,049.00 | 1,60,049.00 |
| 3 | 350200209 Recoveries Payable – Value Added Tax- Municipal Fund | 2018-19 | 1,88,749.50 | 1,88,749.50 |
| 4 | 350300400 VAT Payable | 2019-20 | 1,77,587.00 | 1,77,591.00 |

(14) 2020 -21 സാമ്പത്തിക വർഷത്തിൽ ബാലൻസ് ഷീറ്റിലെ B9 Other Liabilities (Sundry Creditors) എന്ന ഷെഡ്യൂളിൽ താഴെപ്പറയുന്ന ഹെഡ്ഡുകളിലെ കൊടുക്കുവാൻ ഉണ്ടായിരുന്ന തുകകൾ 2021-22 സാമ്പത്തിക വർഷത്തിൽ Prior Period Income ഹെഡ്ഡുകളിൽ അഡ്ജസ്റ്റിംഗ് എൻട്രികൾ മുഖേന ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഏതൊക്കെ വ്യക്തികളിൽ നിന്നും ലഭിച്ചിട്ടുള്ള തുകകളാണ് ഇത്തരത്തിൽ ക്രമീകരിച്ചിട്ടുള്ളത്, ക്രമീകരിക്കുവാനുണ്ടായ കാരണം, ആയതിന്റെ കമ്മിറ്റി തീരുമാനം എന്നിവ സംബന്ധിച്ച വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | സാംഖ്യാ ഹെഡ്സ് | തുക |
|---|---|---|
| 1 | 350419900 -Advance Collection Of Revenues-Other Revenue | 2,71,550.00 |
| 2 | 350410399 -Advance Collection Of Revenues -Other Fees | 3,42,760.00 |
| 3 | 350309900 -Others Payable | 32860.00 |

(15) ബാലൻസ് ഷീറ്റിലെ B-5 Secured Loans ഷെഡ്യൂളിലെ അപാകതകൾ:-

(A) 330500201 Loans From KURDFC ഹെഡ്ഡിലെ ലോൺ ബാലൻസ് തുക 85,60,549/- രൂപയാണ് എന്നാൽ കേരള അർബൻ & റൂറൽ ഡെവലപ്പ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും ലഭിച്ചിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2022 ലെ ബാലൻസ് തുക 85,49,532/- രൂപയാണ് ഇവ തമ്മിൽ 11,017/- രൂപയുടെ വ്യത്യാസം ഉണ്ട്.

(B) 330500202 Loans From HUDCO ഹെഡ്ഡിലെ 31.03.2022 ലെ ലോൺ ബാലൻസ് തുകയായ

76,80,000/- രൂപയെ സാധൂകരിക്കുന്ന വിവരങ്ങൾ HUDCO ലോൺ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

(C) 330500202 Loans Under National Slum Development Project ഹെഡ്ഡിലെ 31.03.2022 ലെ ലോൺ ബാലൻസ് തുകയായ 11,32,000/- രൂപയെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ / രേഖകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല.

(16) ബാലൻസ് ഷീറ്റിലെ B-11 Fixed Assets ഷെഡ്യൂൾ അപാകതകൾ :-

(A) ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ആസ്തികളുടെയും ആസ്തി രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല.

(B) നിർമ്മാണത്തിലിരിക്കുന്ന ആസ്തി രൂപീകരണ പ്രവൃത്തികളുടെ പാർട്ട് ബിൽ ചെലവുകൾ Capital Work In Progress ഹെഡ്ഡുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

(17) വസ്തു നികുതിയുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ് തുക തൻവർഷ ഇൻകം & എക്സ്പെൻഡീച്ചർ ഷെഡ്യൂൾ (I-1) മായി പൊരുത്തപ്പെടുന്നില്ല.

(18) സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററിൽ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് (ഡിമാന്റ്, കളക്ഷൻ, ബാലൻസ്) എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ യഥാർത്ഥ ഡിമാന്റ് തുക തന്നെയാണോ തൻവർഷത്തെ ഇൻകം & എക്സ്പെൻഡീച്ചർ ഷെഡ്യൂൾ (I-1) -ൽ രേഖപ്പെടുത്തിയിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

(19) വാടക രജിസ്റ്ററിൽ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ യഥാർത്ഥ ഡിമാന്റ് തുക തന്നെയാണോ തൻവർഷ ഇൻകം & എക്സ്പെൻഡീച്ചർ ഷെഡ്യൂൾ (I-3) -ൽ രേഖപ്പെടുത്തിയിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

(20) വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്ററിൽ ഡി.സി.ബി സ്റ്റേറ്റ്മെന്റ് എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ യഥാർത്ഥ ഡിമാന്റ് തുക തന്നെയാണോ തൻവർഷത്തെ ഇൻകം & എക്സ്പെൻഡീച്ചർ ഷെഡ്യൂൾ I-4(b) ൽ രേഖപ്പെടുത്തിയിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

വാർഷിക ധനകാര്യ പത്രിക പരിശോധനക്ക് വിധേയമാക്കിയതിൽ കണ്ടെത്തിയ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി 15.12.2022 ലെ കെ.എസ്.എ. (പി.ബി.എം) എ2- 283/2022 നമ്പർ പ്രകാരം നൽകിയ കത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-12 പെൻഷൻ ഫണ്ട്

1.റഗുലർ ജീവനക്കാരുടെ പെൻഷൻ വിതരണം - സെൻട്രൽ ഫണ്ടിൽ നിന്നും തുക ലഭിക്കുന്നില്ല.

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം – റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം (6) പ്രകാരം രൂപീകരിച്ച സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി ഒടുക്കേണ്ടതാണ് ചട്ടം7(2). ശമ്പള ബില്ലിന്റെ തുക പെൻഷൻ വിഹിതം ഉൾപ്പെടെ ഒന്നായി പിൻവലിക്കേണ്ടതും അറ്റ ശമ്പളമായി പിൻവലിക്കാൻ പാടില്ലാത്തതുമാണ്. പെൻഷൻ വിഹിതം കൃത്യമായി അടച്ചിട്ടും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അർഹതപ്പെട്ട പെൻഷൻ അലോട്ട്മെന്റ് ലഭിക്കാത്തതിനാലും മുനിസിപ്പൽ ഫണ്ടിന്റെ അപര്യാപ്തത മൂലവും 2009 സെപ്റ്റംബർ മാസം മുതൽ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് പെൻഷൻ വിഹിതം അടവാക്കിയിട്ടില്ല. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് ആവശ്യത്തിനു തുക അനുവദിക്കാത്തതിനാൽ നഗരസഭാ ഫണ്ടിൽ നിന്നാണ് പെൻഷൻ നൽകുന്നത്. 31.03.2022 -ൽ 73 റഗുലർ പെൻഷൻകാരാണ് നഗരസഭയിൽ നിന്ന് പെൻഷൻ കൈപ്പറ്റുന്നത്.

പെൻഷൻ വിതരണത്തിനായി തൻവർഷം 21599959/- രൂപ ചെലവായപ്പോൾ 13205386/- രൂപ മാത്രമാണ് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നു ലഭിച്ചിട്ടുള്ളത്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന്

പെൻഷൻ വിതരണത്തിനുള്ള തുക ലഭിക്കാത്തതിനാൽ മുനിസിപ്പൽ ഫണ്ടിൽ നിന്ന് പെൻഷൻ നൽകേണ്ടി വരുന്നത് നഗരസഭയ്ക്ക് അധിക ബാധ്യതയാകുന്നു. ശമ്പളത്തോടൊപ്പം പെൻഷൻ നൽകുന്നതിനും തുക കണ്ടെത്തേണ്ടി വരുന്നതിനാൽ നഗരസഭാ ഫണ്ട് വികസന പ്രവർത്തനങ്ങൾക്ക വിനിയോഗിക്കുന്നതിന് പര്യാപ്തമാകുന്നില്ല. വാർഷിക കണക്കിലെ ബി 9 ഷെഡ്യൂളനുസരിച്ച് നഗരസഭ 25974963/- രൂപ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അടവാക്കാനുണ്ട്.

2. കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരണം

1994 ലെ കേരള മുനിസിപ്പൽ നിയമം വകുപ്പ് 222(1), 565(1) എന്നിവയിലെ അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 1997ലെ കേരള മുനിസിപ്പൽ കണ്ടിൻജന്റ് എംപ്ലോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ് റൂൾസ് രൂപീകരിക്കുകയും തദ്ദേശ ഭരണ വകുപ്പിന്റെ 3.5.1997 ലെ ജി.ഒ.(പി) 96/97 ഉത്തരവായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരന്റെ മൊത്ത ശമ്പളത്തിന്റെ 15% എന്ന നിരക്കിൽ നഗരസഭ പ്രതിമാസ വിഹിതം പെൻഷൻ ഫണ്ടിനായി രൂപീകരിക്കുന്ന ട്രഷറി സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കണമെന്നും പെൻഷൻ അംശദാനം പ്രതിമാസ ശമ്പള ബില്ലിന്റെ ഒരു ഭാഗമായിത്തന്നെ പിൻവലിക്കണമെന്നും ഈ ഉത്തരവിൽ നിർദ്ദേശമുണ്ട്. എന്നാൽ നഗരസഭയിൽ ഇപ്രകാരം പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല. 56 കണ്ടിജന്റ് പെൻഷൻകാർക്ക് തൻവർഷം പെൻഷൻ നൽകുന്നതിന് 8786917/- രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്.

1-13 ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിലെ കുടിശ്ശിക

നഗരസഭയുടെ 11 ഷോപ്പിംഗ് കോംപ്ലക്സുകളിലായി ആകെ 513 മുറികൾ വാടകയ്ക്ക് നൽകാനുണ്ട്. ഇതിൽ 62 എണ്ണമൊഴികെ 451 മുറികളും 2021-22 വർഷം ലീസിന് നൽകിയിട്ടുണ്ട്. വാടക രജിസ്റ്റർ പരിശോധിച്ചതിൽ വാടകയിനത്തിൽ ഭീമമായ തുക കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. കോവിഡ് ലോക്ക് ഡൗൺ പരിഗണിച്ച് നഗരസഭ അനുവദനീയമായ ലൈസൻസികൾക്കെല്ലാം മൂന്ന് മാസത്തെ വാടകയിളവ് അനുവദിച്ചിട്ടുണ്ട്. എന്നിട്ടും തൻവർഷം വാടക അടവാക്കാത്ത ലൈസൻസികളുണ്ട്. ആറ് മാസത്തിലധികം കുടിശ്ശിക വരുത്തിയിട്ടുള്ള ലൈസൻസികളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസിയുടെ പേര് | റൂം നമ്പർ/ പ്രതിമാസ വാടക | 2021-22 വർഷത്തെ കുടിശ്ശിക | റിമാർക്സ് |
|---|---|---|---|---|
| 1 | മുനിസിപ്പൽ മാൾ | | | |
| 1 | വി.എച്ച്.നിയാസ്, വാരിക്കാടൻ | ജി-30/5200 | 46800 | 3 മാസം ഇളവ് അനുവദിച്ചു |
| 2 | സിദ്ദിഖ് പി.എം., പട്ടറുമഠം | ജി-31/5200 | 46800 | 3 മാസം ഇളവ് അനു വദിച്ചു |
| 2 | വെജിറ്റബിൾ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | | | |
| 3 | കെ.ഒ.ജോർജ്ജ്, കളരിക്കകം | സി-1/4000 | 48000 | ഇളവില്ല |
| 4 | നോബി.ഇ.എ, ഇലവുംകുടി | സി-5/4000 | 48000 | ഇളവില്ല |
| 5 | ബാബു.ഡി.പാങ്ങേല | സി-6/4000 | 48000 | ഇളവില്ല |
| 6 | എം.എ.ഷെമീർ, മൂത്തേടം | സി-9/44000 | 52800 | ഇളവില്ല |
| 7 | മുഹമ്മദ് റമീസ്, മൂത്തേടം | സി-11/4000 | 48000 | ഇളവില്ല |

| | | | | |
|---|---|---|---|---|
| 8 | കെ.കെ.സെബാസ്റ്റ്യൻ, മെഷീൻലാന്റ് | സി-20/11025 | 132300 | ഇളവില്ല |
| 9 | കെ.കെ.സെബാസ്റ്റ്യൻ, മെഷീൻലാന്റ് | സി-21/8269 | 99228 | ഇളവില്ല |
| 10 | കെ.കെ.സെബാസ്റ്റ്യൻ, മെഷീൻലാന്റ് | സി-22/7800 | 93600 | ഇളവില്ല |
| 11 | പി.എസ്. സെയ്ഫുദ്ദീൻ, പുത്തുക്കാടൻ | സി-42/തുക രേഖപ്പെടുത്തിയിട്ടില്ല | - | - |
| 12 | പി.എസ്.സെയ്ഫുദ്ദീൻ, പുത്തുക്കാടൻ | സി-43/10000 | 120000 | ഇളവില്ല |
| 13 | ആഷ്ബിൻ മാത്യു, എടത്തല | ഡി-16/2500 | 30000 | ഇളവില്ല |
| 14 | സോളി തമ്പി, കൈപ്പിള്ളിൽ | ഡി-19/2500 | 30000 | ഇളവില്ല |
| 15 | സോളി തമ്പി, കൈപ്പിള്ളിൽ | ഡി-20/4000 | 48000 | ഇളവില്ല |
| 16 | ബൈജു മാത്യു, താഴത്തേടത്ത് | ഡി-24/2500 | 30000 | ഇളവില്ല |
| 17 | അബ്ദുൾ അസീസ്, കളപ്പുരയ്ക്കൽ | ഡി-38/2310 | 25410 | ഇളവില്ല |
| 18 | കെ.എ.അബ്ബാസ്, കുന്നക്കാടൻ | ഡി-40/2000 | 24000 | ഇളവില്ല |
| 19 | എൻ.എ.ഫക്രുദീൻ, നാനേത്താൻ | ഡി-41/2000 | 24000 | ഇളവില്ല |
| 20 | ഡെറിൻ മാത്യു, എടത്തല | ഡി-56/2100 | 25200 | ഇളവില്ല |
| 21 | പി.കെ.സോമൻ, പ്രസിഡന്റ്, എ.കെ.ജി. മെമ്മോറിയൽ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ | ഡി-61/2800 | 33600 | ഇളവില്ല |
| 22 | ജെയിംസ് വർഗ്ഗീസ്, തോമ്പ്ര | ഡി-66/2100 | 25200 | ഇളവില്ല |
| 23 | അമൽരാജ് പി.എ, പുതിയേടത്ത് | ഡി-67/2100 | 25200 | ഇളവില്ല |
| 24 | ചെയർമാൻ, സെക്രട്ടറി, ഐ.എൽ.എം. ട്രസ്റ്റ്, മേതല | ഇ-2/7657 | 91884 | ഇളവില്ല |
| 25 | പ്രസിഡന്റ് & സെക്രട്ടറി, ക്രഷർ ഓണേഴ്സ് കൺസോർഷ്യം | ഇ-3/7232 | 86734 | ഇളവില്ല |
| 26 | ഡയറക്ടർ, കാഡ് ടാലന്റ് സെന്റർ | ഇ-5/11000 | 66000 | 6 മാസത്തെ വാടക |
| 27 | ജോർജ്ജ് കുര്യാക്കോസ്, പാണ്ടിക്കുഴിയിൽ | ഇ-7/12763 | 162104 | 8 മാസത്തെ വാടക |
| 28 | എ.സുരേഷ്, കണ്യാറപ്പറമ്പിൽ | എഫ് വി-12/1500 | 18000 | 7/2015 മുതൽ കുടിശ്ശിക |
| 29 | രാജകുമാരി ശിവൻ, മനയ്ക്കക്കുടി | എഫ് വി-13/1500 | 18000 | 3/2020 മുതൽ കുടിശ്ശിക |
| 30 | നിഷാദ് എം.എ, മറ്റപ്പിള്ളി | വി-11/6120 | 42840 | 7 മാസത്തെ കുടിശ്ശിക |
| 31 | നിഷാദ് എം.എ, മറ്റപ്പിള്ളി | വി-12/6120 | 36720 | 6 മാസത്തെ കുടിശ്ശിക |
| 32 | നിഷാദ് എം.എ, മറ്റപ്പിള്ളി | വി-16/6120 | 61200 | 10 മാസത്തെ കുടിശ്ശിക |
| 33 | എം.എ.ഷെമീർ, മൂത്തേടം | വി-18/4300 | 30100 | 7 മാസത്തെ കുടിശ്ശിക |
| | കന്നുകാലിച്ചന്ത ഷോപ്പിംഗ് കോംപ്ലക്സ് | | | |
| 34 | കെ.വി.പ്രദീപ്കുമാർ, എൻലൈറ്റ് കോളേജ് | ഒന്നാം നില 13 മുതൽ 17 വരെ 19681 | 236172 | |
| 35 | ആഷ്ബിൻ മാത്യു, എടത്തല | രണ്ടാം നില 101 മുതൽ 106 വരെ 6195 | 74340 | |
| 36 | കെ.വി.പ്രദീപ്കുമാർ, എൻലൈറ്റ് കോളേജ് | രണ്ടാം നില 107 മുതൽ 112 വരെ 6195 | 61950 | 10 മാസം കുടിശ്ശിക |

| | | | | |
|---|---|---|---|---|
| | പട്ടാൽ ഷോപ്പിംഗ് കോംപ്ലക്സ് | | | |
| 37 | ഭാസ്കരകുറുപ്പ്, മേലേത്ത് | 3/1988 | 16284 | 8 മാസത്തെ കുടിശ്ശിക |
| 38 | സി.എം. പൗലോസ്, ചിറയ്ക്കൽ | 12/995 | 8148 | 8 മാസത്തെ കുടിശ്ശിക |
| 39 | ജോയിന്റ് ആർ.ടി.ഒ, പെരുമ്പാവൂർ | ഒന്നാം നില 3,4,5 4059 | 36531 | 9 മാസത്തെ കുടിശ്ശിക |
| 3 | യാത്രി നിവാസ് | | | |
| 40 | കെ.പത്മം, ലക്ഷമിപുരം | ജി.എഫ്-16/7631 | 55460 | 7 മാസത്തെ കുടിശ്ശിക |
| 41 | എം.പി.നിസാർ, മാളിയം വീട്ടിൽ | 23/4863 | 58356 | 9/2020 മുതൽ കുടിശ്ശിക |
| 42 | അൻസാരി, കാരയ്ക്കൽ | 34/4652 | 58356 | 7/2021 മുതൽ കുടിശ്ശിക |
| 43 | മുജീബ്, കാരയ്ക്കൽ | 24/4652 | 41868 | 7/2021 മുതൽ കുടിശ്ശിക |
| 44 | പ്രിയേഷ് കാർത്താ, മുതലായവർ | 30/4883 | 58596 | 11/2020 മുതൽ കുടിശ്ശിക |
| 45 | കൺവീനർ, ടെക്നോവേൾഡ് | 32/1667 | 20004 | 2/2020 മുതൽ കുടിശ്ശിക |
| 46 | പി.എം.ബഷീർ പുളിച്ചാലിൽ | 33/4140 | 49680 | - |
| | പ്രൈവറ്റ് ബസ് സ്റ്റാന്റ് പഴയ ബ്ലോക്ക് | | | |
| 47 | സി.കെ.സജി, ചെരിയപ്പറമ്പിൽ | ജി.എഫ്-17/4891 | 58692 | 1/2021 മുതൽ കുടിശ്ശിക |
| 48 | കെ.എ. നൗഷാദ്, കളരിക്കമുഗൾ | ജി.എഫ്-22/5380 | 64560 | - |
| 49 | കെ.എം.സുധീർ, കാരോത്തുകുടി | ജി.എഫ്-28/6538 | 58842 | 7/2021 മുതൽ കുടിശ്ശിക |
| 50 | മഞ്ജു വിമേഷ്, വല്ലായിപ്പറമ്പിൽ | എഫ്.എഫ്-43/2668 | 32016 | 6/20220 മുതൽ കുടിശ്ശിക |
| | പ്രൈവറ്റ് ബസ് സ്റ്റാന്റ് പുതിയ ബ്ലോക്ക് | | | |
| 51 | പ്രവീണ ശിവരാജ്, നാട്ടുവാണി | ബി30/1863 | 22356 | 4/2020 മുതൽ കുടിശ്ശിക |
| 52 | സെക്രട്ടറി, പി.ബി.ഒ.എ | 80എ/538 | 6456 | 3/2020 മുതൽ കുടിശ്ശിക |
| 53 | എ.പി. സോമൻ, അർത്തുങ്കൽ | ബി90/974 | 11688 | 8/2020 മുതൽ കുടിശ്ശിക |
| 54 | മൊയിതീൻ ഷാ, കാട്ടാക്കുഴി | ബി91/1010 | 8080 | 8/2021 മുതൽ കുടിശ്ശിക |
| 55 | പ്രവീണ ശിവരാജ്, നാട്ടുവാണി | ബി93/963 | 11556 | 4/2018 മുതൽ കുടിശ്ശിക |
| 56 | മുഹമ്മദ് ഷാനിജ്, പീടികക്കുടി | ഡി124/1363 | 16356 | 2021-22ൽ തുക യൊന്നും അട ച്ചിട്ടില്ല |
| 57 | ടി.വി.ഏലിയാസ്, തണ്ടേക്കാടൻ | ഡി59/572 | 6864 | 2021-22ൽ തുക യൊന്നും അടച്ചിട്ടില്ല |
| 58 | റൂഫിയാൻ, വള്ളൂരാൻ | ഡി60/541 | 6492 | 11/2020 മുതൽ കുടിശ്ശിക |
| 59 | മുഹമ്മദ് നാസർ, ആലുങ്കൽ | ഡി64/1913 | 23004 | 2/2021 മുതൽ കുടിശ്ശിക |
| 60 | മെർജാൻ അജ്മൽ, ചെരുക്കുടി | ഇ-41/1432 | 17184 | 2021-22ൽ തുക യൊന്നും അട ച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 61 | അജ്മൽ അസീസ്, തച്ചരുകുടി | ഇ-42/1727 | 20724 | 2021-22ൽ തുക യൊന്നും അട ച്ചിട്ടില്ല |
| 62 | എൻ.എ.സലിം, നാനേത്താൻ | ഇ-50,51,52/1200 വീതം | 43200 | 11/2020 മുതൽ അടയ്ക്കാനുണ്ട് |
| 63 | പി.ബി.കുരുന്നദാസ്, കേരള ഗണക സമുദായസഭ | ഇ-53/996 | 11952 | 2021-22ൽ തുകയൊന്നും അടച്ചിട്ടില്ല |
| ആകെ | | | 2851005 | |

നഗരസഭക്ക് കൃത്യമായി ലഭിക്കേണ്ട റവന്യൂ വരുമാനമായ വാടകയിനത്തിൽ ഇത്രയും കുടിശ്ശിക വന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/31.01.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

1-14 ഷോപ്പിങ്ങ് കോംപ്ലക്സ് വാടകയിനത്തിലെ നഷ്ടം

1. വാടക ഈടാക്കിയതിൽ കുറവ്

താഴെപ്പറയുന്ന കട മുറികളുടെ വാടക ഈടാക്കിയതിൽ കുറവു വന്നിട്ടുണ്ട്. കുറവ് തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | ലൈസൻസി/റൂം നം/ വാടക | ഈടാക്കേണ്ട വാടക | ഈടാക്കിയ വാടക | കുറവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | തോമസ് ജോൺ<br>വെജിറ്റബിൾമാർക്കറ്റ് ഇ 6 @ 8934 /- | 107208 | 105087 | 2121 | 1.04.2021 മുതൽ 5% വാടക വർദ്ധിപ്പിക്കുവാൻ 18.08.2021 (35) പ്രകാരം കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. |
| 2 | ഷാജു കെ. പി<br>വെജിറ്റബിൾ മാർക്കറ്റ് എഫ്.വി 20 @1500/- | 13500 | 12000 | 1500 | ലോക്ക് ഡൗൺ ഇളവ് (3 മാസം ) 4500/- രൂപ കിഴിച്ച് 13500/- രൂപ ഈടാക്കണം. 12000/- രൂപ യാണ് ഈടാക്കിയത്. രജിസ്റ്ററിൽ 13500/- രൂപയാണ് രേഖപ്പെടുത്തിയത്. |
| 3 | അലിയാർ കെ.എം<br>വെജിറ്റബിൾ മാർക്കറ്റ് വി 8 @ 3100/- 5/21 വരെ<br>@ 3255/- 6/21 മുതൽ | 28985 | 27900 | 1085 | 23.09.2021 ലെ തീരുമാനം 28 പ്രകാരം 5% വാടക വർദ്ധനവോടെ 1.06.2021 മുതൽ ഒരു വർഷത്തേയ്ക്ക് അനുവദിച്ചു. 12/2021 വരെ യാണ് വാടക ഒടുക്കിയത്. |
| 4 | എൻ.വി. വിജു<br>വെജിറ്റബിൾ മാർക്കറ്റ് വി 13, 14, 15 @ 6426/- 5/21 വരെ 6/21 മുതൽ@ 6747/- | 240966<br>(80322 X 3) | 240048<br>(80016 X 3) | 918<br>(306 X 3) | 4/21 ലെ വാടക 6426/- രൂപയ്ക്കു പകരം 6120/- രൂപയാണ് പിരിച്ചത് |
| | ആകെ | - | - | 5624.00 | - |

2. വാടക വർദ്ധനവ് പരിഗണിക്കാത്തത്

എ. സുഭാഷ് മൈതാൻ ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാം നിലയിലെ ഒന്നു മുതൽ ഏഴുവരെയുള്ള മുറികളുടെ കുത്തക ഉചിതമായ വാടക വർദ്ധനവോടെ പുതുക്കുന്നതിനുള്ള ധനകാര്യ സ്റ്റാന്റിംഗ്

കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ച് കൗൺസിൽ 5% വർദ്ധനവോടെ ഒരു വർഷത്തേയ്ക്ക് പുതുക്കി നൽകുന്നതിന തീരുമാനിച്ചിട്ടുണ്ട് (18.08.2021 ലെ തീരുമാനം നം. 26). ഈ കോംപ്ലക്സിലെ 8,9 നമ്പർ മുറികൾ യഥാക്രമം ജില്ലാ സഹകരണ ബാങ്കിന്റെ എ.റ്റി.എം, പ്രസ്സ് ക്ലബ്ബിന്റെ ഓഫീസ് എന്നിവ പ്രവർത്തിക്കുന്നതിന് നൽകിയിരിക്കുന്നതാണ്.

8 -ാം നമ്പർ മുറിയുടെ 2020 -21 വർഷത്തെ വാടക 1557/- രൂപയാണ്. 2021-22 ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ മുറിയുടെ വാടക പുതുക്കൽ ശുപാർശ ചെയ്യുകയോ കൗൺസിൽ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. പ്രതിമാസം 1482/- രൂപ വീതം 12 മാസത്തെ വാടക ഈടാക്കിയിട്ടുണ്ട്. 9-ാം നമ്പർ മുറിയുടെ കുത്തക 30.06.2020 ൽ അവസാനിച്ചതാണ്. ഈ കോംപ്ലക്സിലെ മറ്റ മുറികൾക്ക് 2020-21 വർഷത്തിൽ 5% വർദ്ധനവ് വരുത്തിയിട്ടുള്ളതിനാൽ ഈ മുറിയ്ക്കും ആനുപാതിക വർദ്ധനവ് വരുത്തുന്ന വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 9.06.2021 ലെ യോഗത്തിന്റെ 4 -ാം തീരുമാന പ്രകാരം കൗൺസിലിലേയ്ക്ക് ശുപാർശ ചെയ്തു. എന്നാൽ കൗൺസിൽ ഈ വിഷയത്തിൽ തീരുമാനമെടുത്തില്ല. നിലവിലുള്ള പ്രതിമാസ വാടകയായ 1103/- രൂപ വച്ച് 8/2021 വരെയുള്ള വാടക അടവാക്കിയിട്ടുണ്ട്. ഈ രണ്ടു മുറികളുടെ വാടക വർദ്ധനവ് പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമല്ല.

ബി. വെജിറ്റബിൾ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിന്റെ വി ബ്ലോക്കിലെ താഴെപ്പറയുന്ന മുറികളുടെ കുത്തക 2021-22 ൽ പുതുക്കേണ്ടതായിരുന്നുവെങ്കിലും പുതുക്കിയില്ല. ഈ ബ്ലോക്കിലെ മറ്റ മുറികളുടെ കുത്തക യഥാസമയം പുതുക്കിയിട്ടുണ്ട്. കുത്തക പുതുക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

| ക്ര നം | ലൈസൻസിയുടെ പേര് / റൂം നമ്പർ | കുത്തക കാലാവധി അവസാനിക്കുന്ന തീയതി | പ്രതിമാസ വാടക | കുത്തക പുതുക്കേണ്ട തിയതി |
|---|---|---|---|---|
| 1. | ഫവാസ് കെ.എം<br>കീളത്ത് -വി 1 | 13.11.2021 | 3100.00 | 14.11.2021 |
| 2. | നിയാസ് എം.കെ<br>മുണ്ടയ്ക്കൽ വി 2 | 31.05.2021 | 3100.00 | 01.06.2021 |
| 3. | ഫവാസ് കെ.എം വി 3 | 31.01.2022 | 3100.00 | 01.02.2022 |
| 4. | -ടി - വി-4 | 31.07.2021 | 3100.00 | 01.08.2021 |
| 5. | നിഷാദ് എം.എ<br>മറ്റപ്പിള്ളി വി -11 | 30.04.2021 | 6120.00 | 01.05.2021 |
| 6. | - ടി - വി -12 | 30.04.2021 | 6120.00 | 01.05.2021 |
| 7. | ടി - വി -16 | 30.04.2021 | 6120.00 | 01.05.2021 |
| 8. | അബ്ദുൾ അസീസ് പി. പി, പാറേലി വി 23 | 31.03.2021 | 4300.00 | 01.04.2021 |
| 9. | - ടി - വി 24 | 31.03.2021 | 4300.00 | 01.04.2021 |
| 10. | വി.എം കുഞ്ഞിട്ടി,<br>വേലമ്മാവുകുടി വി 27 | 31.05.2021 | 3100.00 | 01.06.2021 |
| 11. | അഷ്കർ കെ.കെ., കണേലി വി 31 | 31.05.2021 | 3100.00 | 01.06.2021 |

ഇതുമായി ബന്ധപ്പെട്ട് 31.01.2023 ൽ നൽകിയ 34-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-15 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരംഭങ്ങൾക്കും ലൈസൻസ്

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ ലീസിനെടുത്തിരിക്കുന്ന ലൈസൻസികൾ ഈ മുറികൾ വ്യാപാരങ്ങൾക്കോ പ്രവർത്തികൾക്കോ ഉപയോഗപ്പെടുത്തുന്നതിന് നഗരസഭാ ലൈസൻസ് എടുക്കേണ്ടതാണ്. 2021-22 വർഷം ഷോപ്പിംഗ് കോംപ്ലക്സ് മുറികളിൽ വ്യാപാരമോ മറ്റ പ്രവൃത്തികളോ നടത്തുന്നതിന് ലൈസൻസുകൾ അനുവദിച്ചതിന്റെ വിവരങ്ങളും നഗരസഭയിലെ വാടക രജിസ്റ്ററുമായി പരിശോധിച്ചപ്പോൾ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

1.നഗരസഭയ്ക്ക് ആകെ 11 ഷോപ്പിംഗ് കോംപ്ലക്സുകളാണുള്ളത്. എന്നാൽ ഇതിൽ 8 ഷോപ്പിംഗ് കോംപ്ലക്സുകളിലെ ലൈസൻസ് വിവരങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് നൽകിയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വെജിറ്റബിൾ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, പട്ടാൽ ഷോപ്പിംഗ് കോംപ്ലക്സ്, കന്നുകാലി ചന്ത ഷോപ്പിംഗ് കോംപ്ലക്സ്, എന്നിവിടങ്ങളിലെ മുറികൾക്ക് ലൈസൻസ് നൽകിയതിന്റെ വിവരങ്ങൾ ഈ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2.ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ കൈവശത്തിലുള്ളവരുടെ ലൈസൻസ് അപേക്ഷകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല. രജിസ്റ്റർ മാത്രമാണ് ലഭ്യമാക്കിയത്.

3. വാടക രജിസ്റ്റർ പ്രകാരം മേൽ 8 ഷോപ്പിംഗ് കോംപ്ലക്സുകളിൽ ആകെ 281 മുറികളാണുള്ളത്. ഇതിൽ 14

കടമുറികൾ ഒഴിവാണ്. ബാക്കിയുള്ള 267 കടമുറികളിൽ 148 കടമുറികൾ ലീസിനെടുത്തിട്ടുള്ളവർക്ക് ലൈസൻസ് നൽകിയതിന്റെ രേഖകൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ലൈസൻസ് രേഖകളില്ലാത്ത കൈവശക്കാരുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | റൂം നമ്പർ | ലൈസൻസി |
|---|---|---|
| | മുനിസിപ്പൽ മാൾ | |
| 1 | ജി 2 | കെ.എച്ച്. അലി കോരങ്ങാട്ടിൽ |
| 2 | ജി 5 | വി.പി.അൻസാർ, വലിയപറമ്പിൽ |
| 3 | ജി 6 | കെ.എച്ച്.കുഞ്ഞുമുഹമ്മദ്, കോരങ്ങാട്ടിൽ |
| 4 | ജി 11 | സി.എം.ജമാൽ, ചാലയിൽ |
| 5 | ജി 12 | കെ.എസ്.ഖാദർ, ഈരേത്ത് |
| 6 | ജി 16 | കെ.പി.അലി, കുടിലിങ്ങൽ |
| 7 | ജി 24 | മുഹമ്മദ് എം.ഇ, മുണ്ടയ്ക്കൽ |
| 8 | ജി 31 | സിദ്ദിഖ് പി.എം, പട്ടരുമഠം |
| 9 | എഫ് 1 | കെ.വി.എൽദോസ്, കാഞ്ഞിരത്തിങ്കൽ |
| 10 | എഫ് 8 | റിജ്ജുനാസ് റ്റി.ഹസ്സൻ, തെക്കേക്കുടി |
| 11 | എഫ് 10 | മാഹിൻകുട്ടി, നാത്തേക്കാട്ട് |
| 12 | എഫ് 11 | അബ്ദുൾ സലാം, കരിമ്പനയ്ക്കൽ |
| 13 | എഫ് 13 | ആനി പീറ്റർ, ചിറയത്ത് |
| 14 | എഫ് 14 | സി.ഒ.പീറ്റർ, ചിറയത്ത് |
| 15 | എഫ് 22 | അശ്വിൻ പി.ബാബു, പാത്തിക്ക |
| | സുഭാഷ് മൈതാൻ ഷോപ്പിംഗ് കോംപ്ലക്സ് ബ്ലോക്ക് 48 | |
| 16 | സി | സി.ഇ. ഇബ്രാഹീം, ചെന്താര |
| | രണ്ടാം നില റൗണ്ട് റൂം | |
| 17 | | റ്റി.എസ്.അനു, തെക്കിനേടത്തുമന |
| | ഒന്നാം നില | |
| 18 | 1 | കെ.ഒ.ജോൺ, കണിയാംകുടി |
| 19 | 2 | പി.എം.ജോണി, പള്ളാശ്ശേരി |
| 20 | 6 | എൽദോ പോൾ, ചിറയ്ക്കൽ |
| 21 | 7 | സോജൻ ജോസഫ്, ഇടപ്പുളവൻ |

| | | |
|---|---|---|
| | കൗൺസിൽ ഹാൾ ബിൽഡിംഗ് ഒന്നാം നില | |
| 22 | എ | പി.എ.സലിം, പൂത്തിരി |
| 23 | | സോഫിയ റസാഖ്, ചെറുവള്ളിക്കുടി, |
| | ഗോഡൗൺ കം കാന്റീൻ ബിൽഡിംഗ് | |
| 24 | 1 | എം.എസ്.സുനിൽ, മാളിയേക്കൽ |
| | ഒന്നാം നില | |
| 25 | E. ഹാൾ | ഇ.കെ.കെ. മുഹമ്മദ്, ഇഞ്ചക്കുടി |
| | രണ്ടാം നില | |
| 26 | Wഹാൾ | അനിത എസ്, രാധാഭവൻ |
| 27 | E ഹാൾ | ഇ.കെ.കെ.മുഹമ്മദ്, ഇഞ്ചക്കുടി |
| | യാത്രി നിവാസ് | |
| 28 | 10 | അബ്ദുൾ ബഷീർ & കെ.കെ.നസീർ |
| 29 | 17 | കെ.എസ്.അജിത്, കടുക്കാപ്പിള്ളി |
| 30 | 18 | വി.എൻ. സുരേഷ് കുമാർ, വേലമ്മാവുകുടി |
| 31 | 22 | ഓ.സി. സണ്ണി, ഓലിക്കൽ |
| 32 | 23 | എം.പി.നിസാർ, മാളിയം വീട്ടിൽ |
| 33 | 26 | മുജീബ് കാരക്കൽ |
| 34 | 30 | പ്രിയേഷ് കർത്താ, സുധ പ്രിയേഷ് |
| 35 | 32 | കൺവീനർ, ടെക്നോ വേൾഡ് |
| 36 | 33 | പി.എം.ബഷീർ, പുളിച്ചാലിൽ |
| 37 | 34 | മുഹമ്മദ് അസ്ലം, അനസ് പി.എം. |
| | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഓൾഡ് ബ്ലോക്ക് താഴത്തെ നില | |
| 38 | 17 | സി.കെ.സജി, ചെരിയപ്പറമ്പിൽ |
| 39 | 21 | കെ.എം.നാസർ, കാരോത്തുകുടി |
| 40 | 22 | കെ.എ.നൗഷാദ്, കളരിയ്ക്കമുഗൾ |
| 41 | 28 | കെ.എം.സുധീർ & അബ്ദുൾ റസാഖ്, കാരോത്തുകുടി |
| 42 | 29 | മുഹമ്മദ് അസ്ലാം, കീഴ്ക്കോട്ടത്തിൽ |
| 43 | 30 | സാബു ജോൺസൺ, പുത്തൻവീട്ടിൽ |
| 44 | 31 | അബ്ദുൾ ജബാർ, മനയ്ക്കൽ കുളങ്ങരപറമ്പിൽ |
| 45 | 32 &33 | എൻ.എം.യൂസഫ്, നാനേക്കാട്ടിൽ |
| 46 | 36 | നെസീഹ ഫാത്തിമ, മാളിക വീട് |
| 47 | 37 | വി.എം.സക്കീർ, വെള്ളേംവേലി |
| 48 | 38 | എൽസി മാത്യൂ, വട്ടക്കാട്ട് |
| 49 | 40 | പോൾ മാത്യൂ, മൂലേക്കുടി |
| 50 | 41 | രവികുമാർ, സുദർശന |
| 51 | 43 | മഞ്ജു വിമേഷ്, വല്ലായിപ്പറമ്പൽ |
| 52 | 45 | കെ.എസ്.ഇന്ദു, തൈക്കാവ് |
| | പ്രൈവറ്റ് ബസ് സ്റ്റാന്റ് - ന്യൂ ബ്ലോക്ക് | |
| 53 | ബി 5 | സി.എസ്.നാസർ, ചിറപ്പുലി |
| 54 | ബി 4 | ഭൗമിക് വി.സുബൈർ, |
| 55 | ബി 80 | പ്രവീണ ശിവരാജ്, നാട്ടുവാണി |
| 56 | ബി 80എ | സെക്രട്ടറി, പി.ബി.ഒ.എ |
| 57 | ബി 84 | പ്രിയ സനൽകുമാർ, കുഴിപ്പടിക്കൽ |
| 58 | ബി 87 | കെ.എസ്.സുബൈർ, കുന്നംകുളത്ത് |
| 59 | ബി 89 | വി.കെ.അലിയാർ, വാണിയക്കാട് |
| 60 | ബി 90 | എ.പി.സോമൻ, ആർത്തുങ്കൽ |
| 61 | ബി 91 | മൊയ്തീൻ ഷാ, കാട്ടാക്കുഴി |
| 62 | ബി 92 | മെറിൻ ഏലിയാസ്, പടയാട്ടിൽ |
| 63 | ബി 93 | പ്രവീണ ശിവരാജ്, നാട്ടുവാണി |

| | | |
|---|---|---|
| 64 | സി 16 | എം.എം.അബ്ദുൾ സലിം, മനയ്ക്കക്കുടി |
| 65 | സി 20 | നസിമോൾ നൗഷാദ്, ബ്ലാക്കാട്ട് |
| 66 | സി 68 | കെ.എൽ.മോഹനൻ, കാരോത്തുകുടി |
| 67 | സി 70 | സുലേഖ അബ്ദുൾ സലാം, തോട്ടത്തിക്കുടി |
| 68 | സി 71,<br>സി 72 | ഇ.എം.ബഷീർ, എടയത്താളി |
| 69 | സി 73,<br>സി 74 | എസ്.എ.അലിയാർ, സ്രാമ്പിക്കൽ |
| 70 | സി 75 | എസ്.എ.അസീസ്, സ്രാമ്പിക്കൽ |
| 71 | സി 76 | എ.ഐ. അബ്ദുൾഹക്കിം, എ.കെ.ഉമ്മൻ |
| 72 | സി 77 | പി.എ.കാസിം, പുന്നയ്ക്കൽ |
| 73 | സി 78 | മുനാജ് എം.പി., മൂക്കട |
| 74 | സി 79 | സി.എ.റഫീക്ക്, ചിറയ്ക്കക്കുടി |
| 75 | ഡി 23 | കെ.എസ്.റഹിം, കോട്ടപ്പുറം |
| 76 | ഡി 25 | കെ.എച്ച്. അബൂബക്കർ, കിഴക്കൻ |
| 77 | ഡി 26 | എം.ഒ. യൂനസ്, മങ്ങാട്ട് |
| 78 | ഡി 29 | റ്റി.പി. ജോർജ്, തോട്ടപ്പാടൻ |
| 79 | ഡി 30 | എ.എ. മുഹമ്മദ് ഷെമീർ, ആലങ്ങാടൻ |
| 80 | ഡി 31 | റ്റി. മുരളീശങ്കർ, വല്ലായിപ്പറമ്പ് |
| 81 | ഡി 58 | വി.എം.റഫീഖ്, വള്ളൂരാൻ |
| 82 | ഡി 59 | റ്റി.വി.ഏലിയാസ്, തണ്ടേക്കാടൻ |
| 83 | ഡി 60 | റൂഫിയാൻ, വള്ളൂരാൻ |
| 84 | ഡി 62 | അബൂബക്കർ കെ.എം, കുഴിപ്പന |
| 85 | ഡി 64 | മുഹമ്മദ് നാസർ, ആലുങ്കൽ |
| 86 | ഇ 33 | പി.എ. ഷിഹാബ്, പാലത്താരൻ |
| 87 | ഇ 34 | ഐഷ മക്കാർ, പ്ലാച്ചേരി |
| 88 | ഇ 35 | ഹസ്സൻ & ഹുസൈൻ, പീച്ചാമ്പിള്ളി |
| 89 | ഇ 36 | അബൂബക്കർ എ.വി., ആലങ്ങാടൻ |
| 90 | ഇ 37 | പി.പി. മൊയ്തീൻ, പാലത്തുര് |
| 91 | ഇ 40 | വി.എം. സക്കീർ, വെള്ളേലംവേലി |
| 92 | ഇ 41 | മെർജാൻ അജ്മൽ, തച്ചരുകുടി |
| 93 | ഇ 42 | അജ്മൽ അസീസ്, തച്ചരുകുടി |
| 94 | ഇ 47 | ബാബു കെ.അബ്രഹാം, കണ്ണാടൻ |
| 95 | ഇ 48 | കെ.എം. മൊയ്തീൻഷാ, കാട്ടാക്കുഴി |
| 96 | ഇ 50,<br>51, 52 | എൻ.എ. സലിം, നാനേത്താൻ |
| 97 | ഇ 53 | പി.ബി. കരുണാദാസ് |
| 98 | ഇ 56 | റ്റി.വി. യോഹന്നാൻ, തേക്കാനം |
| 99 | ഇ 57 | എൻ.എ. ഹസ്സൻ, നാനേത്താൻ |
| 100 | സ്ലോട്ടർഹോം | മുഹമ്മദ് ഷെമീർ, മുല്ലപ്പിള്ളി |

നഗരസഭ വക ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ ലീസിനെടുത്തിട്ടുള്ള എല്ലാവരുടേയും ലൈസൻസ് അപേക്ഷകളും രജിസ്റ്ററും ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വറിക്ക് (നം.29/ തിയതി 10.01.2023) 22.03.2023-ൽ ലഭ്യമാക്കിയ മറുപടിയിൽ 50 ലൈസൻസികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലയെന്നാണ് വിശദീകരിച്ചത്. ലൈസൻസ് രേഖകളില്ലാത്ത കൈവശക്കാരുടെ വിവരങ്ങളും മുറികൾ കീഴ് കുത്തകയ്ക്ക് നൽകിയിട്ടുണ്ടോയെന്നതും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും പുരോഗതി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-16 സ്വകാര്യ ആശുപത്രികൾ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ

A) 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടം 3 (6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ 2 -ാം നമ്പർ ഫോറത്തിലുള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അപ്രകാരം രേഖപ്പെടുത്തി കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതുമാണ്. കൂടാതെ ചട്ടം 3 (7) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനമോ ഒരു മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടു എന്നതിന്റെ തെളിവായി ബന്ധപ്പെട്ട സെക്രട്ടറി അപേക്ഷകന് 3-ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ചട്ടം 5 (2) പ്രകാരം രജിസ്ട്രേഷൻ പുതുക്കുന്ന സംഗതിയിൽ അത് സംബന്ധിച്ച വിവരങ്ങൾ 2-ാം നമ്പർ ഫോറത്തിലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും 3 -ാം നമ്പർ ഫോറത്തിലുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

1. സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടം 3(8) പ്രകാരം ഏതൊരു സ്വകാര്യ ആശുപത്രിയുടേയും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനത്തിന്റേയും നടത്തിപ്പുകാരൻ പ്രസ്തുത സ്ഥാപനത്തെ സംബന്ധിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ആ സ്ഥാപനത്തിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതും സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആവശ്യപ്പെടുന്ന പക്ഷം അത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. എന്നാൽ ഫോറം 2 -ൽ 2021-22 സാമ്പത്തിക വർഷം രജിസ്ട്രേഷൻ നടത്തിയിട്ടുള്ള 68 സ്ഥാപനങ്ങളിൽ 13 സ്ഥാപനങ്ങൾക്ക് മാത്രമാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചിരിക്കുന്നത്. ഇതിൽ നിന്നും മറ്റു സ്ഥാപനങ്ങൾ ചട്ടം3 (6) പാലിക്കുന്നില്ലായെന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച വിശദീകരണം നൽകേണ്ടതാണ്.

2. ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും ചട്ടം 5(1) ൽ അനുശാസിക്കുന്ന സമയ പരിധിക്കുള്ളിൽ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ ഫോറം 3 ലുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചിരിക്കുന്നത് 27.07.2021 മുതലാണ്. ഇക്കാര്യത്തിലും വിശദീകരണം ആവശ്യമാണ്.

B) 1999 ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടം 3(7) പ്രകാരം ഒരു ട്യൂട്ടോറിയൽ സ്ഥാപനം ഒരു മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടു എന്നതിന്റെ തെളിവായി ബന്ധപ്പെട്ട സെക്രട്ടറി അപേക്ഷകന് 3 -ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. എന്നാൽ നഗരസഭയിൽ രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ള 16 സ്ഥാപനങ്ങളിൽ 10 സ്ഥാപനങ്ങൾക്ക് മാത്രമാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചിരിക്കുന്നത്. ഇത് ചട്ടം 3(7) ന്റെ ലംഘനമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

1-17 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തിൽ നഗരസഭയുടെ വിവിധ പ്രോജക്ടുകൾ കരാറടിസ്ഥാനത്തിൽ

ഏറ്റെടുത്തു നടത്തിയ കരാറുകാരിൽ നിന്നും 2005 -ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 3(10) പ്രകാരം ഈടാക്കേണ്ട തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | കരാറുകാരുടെ പേര്/മേൽവിലാസം |
|---|---|
| 1 | വിനീഷ് എച്ച് മോഹനൻ |
| 2 | കെ.വി.യാക്കോബ് , കണിയാംകുടി ഹൗസ് |
| 3 | ഒ.കെ. മോഹനൻ |
| 4 | കെ.കെ.ഷെല്ലി |
| 5 | ടി.എൻ.ദിലീപ്കുമാർ |
| 6 | കെ.ബി.സുബ്രഹ്മണ്യൻ |
| 7 | വി.പി.വിജയൻ |
| 8 | ബിജീഷ് സി.ജി. |
| 9 | ഒ.വി. മോഹനൻ |
| 10 | അബു എം.എം. |
| 11 | എൽദോ ഏല്യാസ് |
| 12 | കെ.ഐ.പൗലോസ് |
| 13 | കെ.പി.അബ്ദുൾ മജീദ് |
| 14 | എം.ഡി.ജോസ് |
| 15 | എൽദോ വർഗ്ഗീസ് |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 തൊഴിൽ നികുതി- ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ) പ്രകാരം ചില സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ) പ്രകാരം തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | MAM പ്ലൈവുഡ് (2/163) | I,II |
| 2 | എം.ഇ.റ്റി. പബ്ളിക് സ്കൂൾ (പ്രഗതി അക്കാദമി) | II |
| 3 | കുന്നത്താൻ റസിഡൻസി | I,II |
| 4 | പ്രീമിയർ ഗ്രാനൈറ്റ്സ് | I,II |
| 5 | സുവർണ പാലസ് | II |
| 6 | ചെന്താര ടിമ്പേഴ്സ് | II |
| 7 | എച്ച്.ഡി.എഫ്.സി. ലൈഫ് ഇൻഷുറൻസ് | I,II |

| | | |
|---|---|---|
| 8 | ഇംഗ്ലീഷ് കമ്പനി ഫാർമസ്യൂട്ടിക്കൽസ് | II |
| 9 | Emmar Ply & Boards | I,II |
| 10 | ജെ.ജെ.മിൽസ്, ജെ.ജെ. ഇൻഡസ്ട്രീസ് | II |
| 11 | കുന്നത്താൻ ഇൻഡസ്ട്രീസ് | II |
| 12 | വയലറ്റ് ഓട്ടോ മൊബൈൽസ് | II |
| 13 | നാഷണൽ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് | I,II |

എ.കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 538- ഉപവകുപ്പ് (2) പ്രകാരം നിയമാനുസൃതമായി ഏതെങ്കിലും വ്യക്തിയിൽ നിന്നും മുനിസിപ്പാലിറ്റിക്ക് ലഭിക്കാനുള്ളതായ ഏതെങ്കിലും തുക അതു നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അതു നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം 1% നിരക്കിലുള്ള പിഴ സഹിതം വസൂലാക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. എന്നാൽ തൊഴിൽ നികുതിയിന്മേൽ പിഴയിനത്തിൽ ചില സ്ഥാപനങ്ങളിൽ നിന്നും 2% നിരക്കിൽ പിഴ ഈടാക്കിയതായും എന്നാൽ ചിലവയെ പിഴയിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

ബി. കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 10 പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ ഓരോ ഓഫീസ് മേധാവിക്കും അല്ലെങ്കിൽ മുനിസിപ്പാലിറ്റി ആക്ട് 2005, 5-ാം വകുപ്പ പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ഏതൊരാൾക്കും അവരുടെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടെയോ സ്ഥാപനങ്ങളുടെയോ പേരുകളും മേൽവിലാസവും ആവശ്യപ്പെട്ടു കൊണ്ട് നോട്ടീസ് നൽകേണ്ടതും ഇത്തരത്തിലുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ച കൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ 2021-22 തൊഴിൽ നികുതി എംപ്ലോയീസ് ഡിമാന്റ് രജിസ്റ്ററിൽ എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതിയിനത്തിൽ കുറവു വന്ന തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 കുത്തകാവകാശം ലേലത്തിനെടുത്തവരിൽ നിന്ന് ചരക്ക സേവന നികുതി, ആദായ നികുതി എന്നിവ ഈടാക്കിയില്ല.

കൗൺസിൽ അംഗീകരിച്ച ലേലനിബന്ധനയിലെ രണ്ടാം വ്യവസ്ഥയനുസരിച്ച് ലേലം കൊള്ളുന്നയാൾ ലേലത്തുകയുടെ 18% ജി.എസ് .റ്റിയും (9% സി.ജി.എസ്. റ്റി. + 9% എസ്. ജി. എസ്. റ്റി.) 20000 രൂപയിൽ കൂടിയ തുകയ്ക്ക് 2% ആദായ നികുതിയും അടയ്ക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന കുത്തകകൾ ലേലത്തിനെടുത്തവരിൽനിന്ന് ബാധകമായ നികുതികൾ ഈടാക്കിയിട്ടില്ല. സർക്കാർ പ്രഖ്യാപിച്ച ഇളവുകൾക്കനുസൃതമായി കൗൺസിൽ നൽകിയ ഇളവുകൾ കുറച്ച തുകയ്ക്കുള്ള നികുതിയാണ് കണക്കിലെടുത്തിരിക്കുന്നത്.

| ക്രമ നം | കുത്തക/ ലേലം എടുത്തത് | ഈടാ ക്കിയ കുത്തക ത്തുക | ഈടാക്കേണ്ട നികുതി | | ഈടാക്കിയ നികുതി | | ഈടാക്കാൻ ബാക്കിയായ നികുതി | |
|---|---|---|---|---|---|---|---|---|
| | | | ജി. എസ്. റ്റി. | ആദായ നികുതി | ജി. എസ് . റ്റി. | ആദായ നികുതി | ജി. എസ്. റ്റി. | ആദായ നികുതി |
| 1 | മത്സ്യ ചന്ത വാഹന ഫീസ് മുഹമ്മദ് ഷെമീർ മുല്ലപ്പിള്ളി | 4,91,000 | 88380 | 9820 | 88384 | 409 | - | 9411 |
| 2 | ബസ് സ്റ്റാന്റ് ഫീസ് മുനാജ് എം. പി | 608800 | 109584 | 12176 | 103680 | - | 5904 | 12176 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | പ്രൈവറ്റ് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് സെയ്തു മുഹമ്മദ് റ്റി.എം | 666775 | - | 13336 | - | - | - | 13336 |
| 4 | കാലിച്ചന്ത ഫീസ് പിരിവ് അഷറഫ് എം.എച്ച് | 1057636 | 189660 | 21074 | 189666 | - | - | 21074 |
| 5 | മട്ടൺ സ്റ്റാൾ 3 , റഹിം പി ഇ | 25000 | 4500 | 500 | 4500 | - | - | 500 |
| 6 | മട്ടൺ സ്റ്റാൾ 5 , അഹമ്മദ് റ്റി കെ | 25000 | 4500 | 500 | 4500 | - | - | 500 |
| 7 | മത്സ്യചന്ത സ്റ്റാൾ 1 അഹമ്മദ് എം എ | 20000 | 3600 | 400 | 3600 | - | - | 400 |
| 8 | ലോറി സ്റ്റാന്റ് പേ & പാർക്ക് | 52500 | 9450 | 1050 | 9450 | - | - | 1050 |
| | ആകെ | - | - | - | - | - | 5904 | 58447 |

നികുതിയിനത്തിൽ ഈടാക്കാൻ ബാക്കിയുള്ള തുക ബന്ധപ്പെട്ടവരിൽനിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 22. തീയതി 25.11.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-20 കൗൺസിൽ ഹാൾ നവീകരണം

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | 0120/21-22/ കൗൺസിൽ ഹാൾ നവീകരണം |
| അടങ്കൽ | 20 ലക്ഷം /ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) |
| ചെലവ് /ബിൽ നം | 1999916 /- 320/ 30.03.2022 |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനിയർ |
| എഗ്രിമെന്റ് നം. തീ. | 55/25.02.2022 |
| അളവ് പുസ്തകം | ഇല്ല |
| നിർവ്വഹണ ഏജൻസി | ആർട്ട്കോ, തൃശ്ശൂർ |

നഗരസഭയുടെ 2021-22 വാർഷിക പദ്ധതിയിൽപ്പെട്ട കൗൺസിൽ ഹാൾ നവീകരണം എന്ന പദ്ധതിക്ക് കൗൺസിലിന്റെ 28.08.2021 -ലെ 2-ാം തീരുമാന പ്രകാരം ഭരണാനുമതിയും 120/ PMBR/ EE/ LSGD Dtd 12.11.2021 പ്രകാരം സാങ്കേതിക അനുമതിയും ലഭിച്ചു. മുനിസിപ്പൽ എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥയായ ഈ പദ്ധതി അക്രഡിറ്റഡ് ഏജൻസിയായ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് മുഖേന നോൺ പി.എം.സി ആയി നടപ്പാക്കുന്നതിന് 28.12.2021 ൽ ചേർന്ന കൗൺസിൽ യോഗം തീരുമാനമെടുത്തു (തീരുമാനം.37). ആർട്ട്കോ 14.02.2022 ൽ സമർപ്പിച്ച 19,99,916/- രൂപയുടെ പ്രൊഫോർമ ഇൻവോയ്സ് 22.02.2022 ൽ ചേർന്ന കൗൺസിൽ യോഗം അംഗീകരിച്ച് (തീരുമാനം.1) 25.02.2022 ൽ വർക്ക് ഓർഡർ നൽകി പ്രവൃത്തി പൂർത്തീകരിക്കുകയാണ് ചെയ്തത്. പദ്ധതി നടത്തിപ്പിൽ വന്ന അപാകതകൾ ചുവടെ കൊടുക്കുന്നു

1.അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനും ഇവ മുഖേന മരാമത്തു ജോലികൾ നിർവ്വഹണം നടത്തുന്നതിനും ധനവകുപ്പ് 04.07.2019 -ൽ പുറപ്പെടുവിച്ച 77/2019 മാർഗ്ഗരേഖയുടെ അനുബന്ധത്തിൽ ക്രമനമ്പർ 1 ആയി ആർട്ട്കോയ്ക്ക് നൽകിയിരിക്കുന്ന ഏരിയ ഓഫ് അക്രഡിറ്റേഷൻ ഇന്റീരിയർ വർക്ക് ആണ്. എന്നാൽ ഇൻവോയ്സ് അനുസരിച്ച് ചെയ്തിരിക്കുന്ന എല്ലാ വർക്കും ഇന്റീരിയർ വർക്കിന്റെ

നിർവ്വചനത്തിൽ വരുന്നവയല്ല (ഉദാ:സൗണ്ട് സിസ്റ്റം).

2. സ്റ്റോർ പർച്ചേയ്സ് മാന്വലിന്റെ ഖണ്ഡിക 9.23 (പരിഷ്കരിച്ച മാന്വൽ) ഇളവുചെയ്ത് ടെൻഡർ നടപടി കൂടാതെ സാധനങ്ങളും സേവനങ്ങളും ആർട്ട്കോയിൽ നിന്ന് നേരിട്ട് സമാഹരിക്കുന്നതിനുള്ള സാധുതാ കാലയളവ് 6.03.2021 മുതൽ 5.03.2022 വരെ നീട്ടി നൽകിക്കൊണ്ടുള്ള സ്റ്റോർ പർച്ചേയ്സ് വകുപ്പിന്റെ 31.12.2020-ലെ ജി.ഒ. (ആർ.ടി) 27/2020 ഉത്തരവിൽ വകുപ്പ് കാലാകാലം അംഗീകരിച്ച് പുറപ്പെടുവിക്കുന്ന പ്രൈസ് ലിസ്റ്റിലും കൂടിയ വിലയ്ക്ക് വാങ്ങൽ നടത്തുന്നില്ലയെന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ക്രമനമ്പർ 10 പ്രകാരമുള്ള റൈറ്റിംഗ് പാഡ് ചെയർ വാങ്ങിയിരിക്കുന്നത് വകുപ്പ് 13.05.2019 ൽ പുറപ്പെടുവിച്ച ജി.ഒ.(ആർ. ടി.) 19/2019 ഉത്തരവിന്റെ അനുബന്ധത്തിൽ പരാമർശിച്ചിട്ടുള്ള നാലു മോഡലിനേക്കാളും ഉയർന്ന വിലയ്ക്കാണ്.

3. ടെൻഡർ നടപടി കൂടാതെ സാധനങ്ങളും സേവനങ്ങളും ആർട്ട്കോയിൽ നിന്ന് നേരിട്ട് സമാഹരിക്കുമ്പോൾ വാങ്ങുന്ന സാധനങ്ങൾ ആർട്ട്കോ നിർമ്മിതമാണെന്നും പുറമെ നിന്നു വാങ്ങിയതല്ലായെന്നുമുള്ള സാക്ഷ്യപത്രം ആർട്ട്കോ മാനേജിങ്ങ് ഡയറക്ടറിൽ നിന്ന് ലഭ്യമാക്കണമെന്ന് സ്റ്റോർ പർച്ചേയ്സ് വകുപ്പിന്റെ 31.12.2020- ലെ ജി.ഒ. (ആർ.ടി) 27/2020 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. എഞ്ചിനിയറിങ്ങ് വിഭാഗത്തിലെ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ 17.02.2023 ൽ നടത്തിയ സ്ഥല പരിശോധനയിൽ കൗൺസിൽ ഹാളിൽ സ്ഥാപിച്ചിരിക്കുന്ന ഫർണിച്ചറുകളിൽ ആർട്ട്കോ നിർമ്മിതമെന്നു തെളിയിക്കുന്നതിനുള്ള മുദ്രയോ / രേഖപ്പെടുത്തലോ /മറ്റ് അനുബന്ധ തെളിവുകളോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

4. ഇൻവോയ്സിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ ചെയ്യുന്നതിന് ആർട്ട്കോയ്ക്കുള്ള അക്രഡിറ്റേഷൻ വ്യക്തമാക്കുന്ന ഉത്തരവുകൾ ഹാജരാക്കണമെന്ന് നഗരസഭയുടെ 09.02.2022-ലെ പി ഡബ്ലിയു 3/ സി.എഫ്.സി/ 120/ 21-22 ലെ കത്തിന് മറുപടിയായി, പ്രൈസ് ലിസ്റ്റിന്റെ കോപ്പിയാണ് ആർട്ട്കോ ഹാജരാക്കിയിരിക്കുന്നത്. ഈ ലിസ്റ്റിൽ ഇൻവോയ്സിലെ ക്രമനമ്പർ 1, 11, 12, 13 എന്നീ ഇനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ക്രമ നമ്പർ 2 മുതൽ 7 വരെയുള്ള ഇനങ്ങളിൽ ഉൾപ്പെടുന്ന പബ്ലിക് അഡ്രസ്സ് സിസ്റ്റം (മൈക്ക്) 8 &9 ൽ വരുന്ന പാനലിങ്ങ്, ഫ്ലോറിങ്ങ് എന്നിവ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്തതിനാൽ 31.12.2020 ലെ ജി.ഒ.(ആർ.ടി.) 27/2020 ഉത്തരവിൽ വ്യക്തമാക്കിയപ്രകാരം സ്റ്റോർ പർച്ചേയ്സ് റൂളിന് അനുസൃതമായി ക്വട്ടേഷൻ / ടെൻഡർ നടപടിയിലൂടെ നിർവ്വഹണം നടത്തേണ്ടതും ക്വട്ടേഷൻ / ടെൻഡർ പ്രക്രിയയിൽ ആർട്ട്കോയ്ക്ക് പങ്കെടുക്കാവുന്നതുമായിരുന്നു. പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ നേരിട്ടുള്ള നിർവ്വഹണ രീതിയിൽ നടപ്പാക്കിയതിനാൽ ഇതിലും കുറഞ്ഞ നിരക്കിൽ പ്രവൃത്തി ചെയ്യിക്കുന്നതിനുള്ള അവസരം നഗരസഭയ്ക്ക് നഷ്ടമായി.

5. ക്രമ നം.8 (പാനലിംഗ്), 9 (ഫ്ലോറിംഗ്) എന്നിവ അളവും, തരവും, അനുബന്ധ ഇനങ്ങളും ഉൾപ്പെടുത്തേണ്ട ഇനങ്ങളായതിനാൽ അളവു രേഖപ്പെടുത്തി സൂക്ഷിക്കുന്ന അളവു പുസ്തകം ഫയലിനോടൊപ്പം പരിപാലിക്കാത്തതിനാൽ ഈയിനത്തിലുള്ള ചെലവിന്റെ കൃത്യത പരിശോധനാ വിധേയമാക്കാൻ സാധിച്ചിട്ടില്ല. അളവുപുസ്തകം സൂക്ഷിക്കാത്തത് 1997 -ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്തു പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 15, ഉപചട്ടം (1),(6) എന്നിവയുടെ ലംഘനമാണ്.

6.കരാർ പ്രകാരമുള്ള സാധനങ്ങൾ നഗരസഭയ്ക്കു ലഭിച്ചുവെന്നതിന് തെളിവായി സൂക്ഷിച്ചിട്ടുള്ളത് ആർട്ട്കോയുടെ 26.03.2022 ലെ ഡെലിവറി ചലാനിന്റെ പകർപ്പു മാത്രമാണ്. ഇതിൽ കമ്പനിയുടെ സീൽ, Authorised Signatory യുടെ പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

7.നിലവിൽ കൗൺസിൽ ഹാളിലുണ്ടായിരുന്ന ഫർണിച്ചർ എന്തു ചെയ്തുവെന്ന വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിവരിച്ചിരിക്കുന്ന അപാകതകൾക്ക് നഗരസഭയുടെ വിശദീകരണമോ, സാധൂകരിക്കുന്ന ഉത്തരവുകളോ /തെളിവുകളോ ഹാജരാക്കാനുണ്ടെങ്കിൽ ആയത് ഹാജരാക്കാവാൻ ആവശ്യപ്പെട്ടുകൊണ്ട്

ഓഡിറ്റ് എൻക്വയറി നം.38, തീ. 23.02.2023 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരിച്ച അപാകതകൾ ഉടരുന്നതിനാൽ പദ്ധതിക്കായി ചെലവഴിച്ച 1999916 /- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ നിലവിലെ സർക്കാർ ഉത്തരവുകൾ / മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ വിലയിരുത്തേണ്ടതും, നിർദ്ദേശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ കൗൺസിലിനെ ധരിപ്പിക്കേണ്ടതും നഗരസഭക്ക് ഗുണകരമായ രീതിയിൽ പദ്ധതി നടത്തിപ്പിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതുമാണ്.

1-21 പച്ചക്കറി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് അറ്റകുറ്റപ്പണികൾ

| | |
|---|---|
| പ്രോജക്ട് നം. /പേര് | S0160/22 പച്ചക്കറി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് അറ്റകുറ്റപ്പണികൾ |
| അടങ്കൽ | 150000.00(CFC) |
| ചെലവ്/ബിൽ നം | 130872.00 /105/ 29.12.2021 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അളവ് പുസ്തകം | 19/20-21 |
| എഗ്രിമെന്റ് നം | 17/20-21തീ:18.09.2020 |
| കരാറുകാരൻ | വർഗ്ഗീസ് കെ.ഐ. |

മേൽ പദ്ധതി ടെൻഡർ നടത്തി എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരൻ മുഖേന പ്രവൃത്തി പൂർത്തീകരിക്കുകയാണ് ചെയ്തത്. പദ്ധതി നടത്തിപ്പിൽ വന്ന അപാകത ചുവടെ കൊടുക്കുന്നു.

അളവ് പുസ്തകം. 19/20-21 പേജ് നം.2ൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനം 1.1.ൽ 21.5 Providing And Fixing Powder Coated Aluminium Work (Minimum Thickness Of Powder Coating 50 Micron) Consisting Of Tee / Angle Sections, Of Approved Make Conforming To Is:733 In Frames Of False Ceiling Including Steel Sunk Screws,aluminium Perimeter Angles Fixed To Wall With Stainless Steel Rawl Plugs@450mm Centre To Centre And Fixing The Frame Work To G.I Level Adjusting Hangers 6mm Dia. With Necessary Cadmium Plated Machine Screws All Complete As Per Approved Architechturel Drawing And Direction Of The Engineer – In-charge. എന്നാൽ 17/02/2023 ൽ ടി പ്രവൃത്തി നടന്ന സ്ഥലം നേരിട്ട് പരിശോധന നടത്തിയതിൽ പച്ചക്കറി മാർക്കറ്റ് ഷോപ്പിംഗ് കോപ്ലക്സ് അറ്റകുറ്റപ്പണികൾ എന്ന പ്രവൃത്തി നടന്ന ഭാഗത്ത് മേൽ വിവരിച്ച പ്രകാരമുള്ള അലുമിനിയം പ്രവൃത്തി നടത്തിയിട്ടില്ലായെന്ന് വ്യക്തമായതാണ്. കൂടാതെ ഇനം 3 ആയി ഉൾപ്പെടുത്തിയിട്ടുള്ള OD894581 / 2020-21 Engaging Man

Coolies-For Dismantling Damaged Sheet എന്ന പ്രവൃത്തിക്ക് 10 ആൾ കൂലി (Say -10 Each @ 597.93/ Each = Rs 5979.30) അനുവദിച്ച് നല്കിയിട്ടുണ്ട്. ആയത് പ്രകാരം നിലവിൽ പൊളിച്ച മാറ്റിയ ഉപയോഗ ശൂന്യമായ ഷീറ്റ് എന്ത് ചെയ്തു, ആയതിന്റെ തുടർ നടപടി എന്നിവ വ്യക്തമല്ല. ഇനം ഒന്നിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| അളവു പുസ്തകം പ്രകാരം രേഖപ്പെടുത്തിയ പ്രവൃത്തി (അലുമിനിയം) | | | |
|---|---|---|---|
| ഇനം | തുക കൈമാറിയ പ്രവൃത്തിയുടെ അളവ് | റേറ്റ് / Kg | അനുവദിച്ച തുക |
| 1.001 | 30.851 Kg | 669.860/kg | 20665.85 |

അളവു പുസ്തകത്തിൽ ഉൾപ്പെടുത്തി തുക കൈമാറിയ പ്രവൃത്തി ചെയ്തിട്ടില്ലായെന്നത് ഗൗരവകരമാണ്. മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.40 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരിച്ച പ്രവൃത്തി GI വെച്ചാണ് ചെയ്തിരിക്കുന്നത്. ആയതിന്റ അളവ് സംബന്ധിച്ച് പരിശോധന വിധേയമാക്കിയിട്ടില്ല. ആയതിനാൽ ടി ഇനത്തിന്റെ തുക കൈമാറിയതിന്റെ വിവരം പരിശോധന വിധേയമാക്കേണ്ടതുണ്ട്. നഗരസഭ ആയതിന്റെ മൂല്യം വിലയിരുത്തി അധികമായി അനുവദിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകത തുടരുന്നതിനാൽ പദ്ധതിയിനത്തിൽ ചെലവഴിച്ച 130872.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ യഥാർത്ഥ ഇനമാണ് (എസ്റ്റിമേറ്റ് പ്രകാരം) പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടുള്ളതെന്നും ആയിനം പ്രവൃത്തി തന്നെയാണ് നടപ്പിലാക്കിയതെന്നും ഉറപ്പാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

1-22 നിലാവ് പദ്ധതി നടപ്പാക്കിയില്ല

ഫയൽ നം.പിഡബ്ലിയു 3-451/21

സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പരമ്പരാഗത തെരുവു വിളക്കുകൾ പൂർണ്ണമായും എൽ. ഇ.ഡി യിലേയ്ക്ക് മാറ്റുക വഴി ഊർജ്ജ ഉപഭോഗവും പരിസ്ഥിതി ആഘാതവും കുറച്ചുകൊണ്ട് ഊർജ ലാഭം നേടുകയെന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് നിലാവ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് കണ്ടെത്തുന്നതിനായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ഒരു പഠനം നടത്തുകയും ഈ പഠനത്തിന്റെയും വിവിധ തലങ്ങളിൽ നടത്തിയ ചർച്ചകളുടെയും അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സ്വീകാര്യമായ രീതിയിൽ പദ്ധതി പുന:ക്രമീകരിച്ച് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 25.12.2020 ലെ 202/2020 നമ്പറായി നിലാവ് പദ്ധതിക്ക് പുതിയ ഉത്തരവ് പുറപ്പെടുവിച്ചു.

നിലാവ് പദ്ധതി നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ തദ്ദേശ സ്വയം ഭരണ (ഇ ഡബ്ലിയു ബി) വകുപ്പിന്റെ 07.01.2021 ലെ ഇ ഡബ്ലിയു ബി 1/ 101/2020 ത.സ്വ.ഭ.വ നം. കത്ത് 14.01.2021 ൽ കൗൺസിൽ അജൻഡയായി പരിഗണിച്ചിരുന്നു. 21.01.2021 ൽ ചേർന്ന കൗൺസിൽ യോഗം ഈ പദ്ധതിയെപ്പറ്റി കെ.എസ്.ഇ.ബി. അധികൃതരുമായി വിശദമായ ചർച്ച നടത്തി വിഷയം കൗൺസിലിലേയ്ക്ക് ശുപാർശ ചെയ്യുന്നതിന് പൊതു മരാമത്ത് സ്റ്റാൻഡിങ്ങ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. (തീരുമാനം 21) പൊതു മരാമത്ത് സ്റ്റാൻഡിങ്ങ് കമ്മിറ്റി വിഷയം ചർച്ച ചെയ്ത് മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള വിവിധ പാക്കേജുകളിൽ പാക്കേജ് നം. 2 തെരഞ്ഞെടുക്കാവുന്നതാണെന്ന് കൗൺസിലിലേയ്ക്ക് ശുപാർശ ചെയ്തു. (തീരുമാനം3 ) എന്നാൽ പദ്ധതി നഗരസഭയിൽ നടപ്പാക്കുന്നതിനും ഉത്തരവിലെ പാക്കേജ് 2

തെരഞ്ഞെടുക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചെലവുവരുന്ന തുക വരുന്ന ഏഴു വർഷങ്ങളിലെ വികസന ഫണ്ടിൽ നിന്ന് കുറവു ചെയ്ത് കിഫ്ബിക്കു നൽകുന്നതിന് സമ്മതമാണെന്ന് സർക്കാരിനെ അറിയിക്കുന്നതിനും കൗൺസിൽ തീരുമാനിച്ചത് 21.06.2021 ലെ 5-ാം നമ്പർ തീരുമാന പ്രകാരമാണ്. ഈ കാലതാമസം മൂലം ഇലക്ട്രിസിറ്റി ബോർഡുമായിച്ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കേണ്ട ഇലക്ട്രിക് പോസ്റ്റുകൾ കണ്ടെത്തി അവയുടെ ഡേറ്റ എൻട്രി പൂർത്തിയാക്കി എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നഗരസഭയ്ക്കു കഴിഞ്ഞില്ല. പദ്ധതി പ്രകാരം എൽ. ഇ .ഡി ലൈറ്റുകൾ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന പ്രദേശവും വൈദ്യുതി പോസ്റ്റിന്റെ നമ്പറും അറിയിക്കണമെന്നാവശ്യപ്പെട്ട് എല്ലാ വാർഡ് മെമ്പർമാർക്കും കത്തു നൽകിയെങ്കിലും ആകെയുള്ള 27 വാർഡുകളിൽ 21 വാർഡുകളിൽ നിന്നു മാത്രമാണ് വിശദാംശങ്ങൾ ലഭ്യമാക്കിയത്. തെരുവു വിളക്കുകളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി കെ.എസ്.ഇ.ബിയുമായിച്ചേർന്ന് സർവ്വെ നടത്തുന്നതിന് നഗരസഭയിൽ ആവശ്യമായ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനും നിലാവ് വെബ്ബ് പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്നതിന് സർവ്വെ ഡേറ്റയുടെ പകർപ്പ് ഐ.കെ.എം.ന് നൽകുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നെങ്കിലും ഇപ്രകാരം സർവ്വെ നടത്തിയതിന്റെയോ പോർട്ടലിൽ വിവരങ്ങൾ ചേർത്തതിന്റെയോ രേഖകളൊന്നും ഫയലിൽ ഇല്ല. എൽ. ഇ .ഡി ലൈറ്റുകൾ സ്ഥാപിക്കേണ്ട പോസ്റ്റുകളുടെ വിവരം എല്ലാ വാർഡുകളിൽനിന്നും ലഭ്യമാകാത്തതിനാൽ പദ്ധതി മുമ്പോട്ടു കൊണ്ടു പോകാൻ സാധിക്കാത്ത അവസ്ഥയായതിനാൽ തുടർ നിർദ്ദേശത്തിനായി ഫയൽ ബഹു. ചെയർമാനു സമർപ്പിക്കുവാൻ സെക്രട്ടറി 02.02.2022 ൽ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രായോഗികമായി നടപ്പാക്കാൻ കഴിയാത്തതിനാൽ ഡ്രോപ്പ് ചെയ്യുന്ന വിഷയം കൗൺസിലിൽ വയ്ക്കാൻ ചെയർമാൻ നിർദ്ദേശിച്ചു. 07.07.2022 ൽ ചേർന്ന കൗൺസിൽ യോഗം നിലാവ് പദ്ധതി നഗരസഭയിൽ നടപ്പാക്കേണ്ടതില്ലയെന്ന് തീരുമാനിച്ചു. (തീരുമാനം നം. 13)

നഗരസഭയിൽ ഇപ്പോഴും പരമ്പരാഗത തെരുവു വിളക്കുകളായ സോഡിയം വേപ്പർലാമ്പ്, ട്യൂബ്സെറ്റ് എന്നിവ കൂടുതലായി ഉപയോഗിക്കുകയും ഇവ വാങ്ങുന്നതിനും അറ്റ കുറ്റപ്പണി നടത്തുന്നതിനും മാർഗ്ഗരേഖ പാലിക്കാതെ പദ്ധതി വിഹിതം ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെട്ട ഈ പദ്ധതിയിലൂടെ നഗരസഭയ്ക്ക് വലിയ സാമ്പത്തിക ബാധ്യതയില്ലാതെ കുറെ വിളക്കുകളെങ്കിലും എൽ.ഇ.ഡി യിലേയ്ക്ക് മാറ്റാൻ ലഭിച്ച അവസരമാണ് സമയ ബന്ധിതമായി നടപടിയെടുക്കാത്തതിനാൽ നഷ്ടമായത്.

## 1-23 ഡെപ്പോസിറ്റ് പ്രവൃത്തി

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈറ്റ് മെയിൻ വലിക്കൽ | 76004 | -ഇല്ല- | 76004 |
| കേരള ജല അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 780000 | | 780000 |
| | - | ആകെ | - | 856004.00 |

നഗരസഭാ സെക്രട്ടറി നടപ്പിലാക്കിയ മേൽ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം

ലഭ്യമാക്കാത്തതിനാൽ ചെലവഴിച്ച 856004/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

1-24 റിംഗ് കംമ്പോസ്റ്റ് വിതരണം -മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പദ്ധതി നം. / പേര് | 0114/22 റിംഗ് കംമ്പോസ്റ്റ് വിതരണം |
| അടങ്കൽ | 2500000/- |
| ചെലവ്/ബിൽ നം,തീ | 344000/-(CFC) 223/16.03.22, (CFC) |
| നിർവ്വഹണം | ഹെൽത്ത് സൂപ്പർവൈസർ,നഗരസഭ |
| നിർവ്വഹണ ഏജൻസി | IRTC, പാലക്കാട് |

തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന്റ ഭാഗമായി വീടുകൾ തോറും (അഞ്ച് സെന്റിൽ താഴെ മാത്രം സ്ഥലം ഉള്ളവർക്ക് മുൻഗണന നല്കി) റിംഗ് കംമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ച് ജൈവ മാലിന്യ സംസ്കരണത്തിൽ ഓരോ ഗുണഭോക്താവിനേയും സ്വയം പര്യാപ്തമാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 688 ഗുണഭോക്താക്കൾക്ക് റിംഗ് കംമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും അതിന്റ മൊത്തം ചെലവിനത്തിലെ (688 X2500 = 1720000/-) രൂപയിൽ നിന്നും അഡ്വാൻസായി 344000/- രൂപ തന്നാണ്ട് നിർവ്വഹണ ഏജൻസിക്ക് നഗരസഭ കൈമാറിയിട്ടുണ്ട്. ഏകദേശം 1000 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്ന തരത്തിലാണ് പദ്ധതി തയ്യാറാക്കി നിർവ്വഹണ ഏജൻസിയുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിരിക്കുന്നത്.

അപാകതകൾ

1.ജി.ഒ.(പി)നം.220/97, തീ.02.10.1997 പ്രകാരമുള്ള ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗരേഖയിൽ ഓരോ വാർഡിലും മുൻഗണന ക്രമ ലിസ്റ്റിനോടൊപ്പം, പരിശോധന പൂർത്തിയാക്കിയതിനു ശേഷം മുൻഗണന ക്രമത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി നഗരസഭ മൊത്തത്തിൽ ഒരു പട്ടിക തയ്യാറാക്കേണ്ടതുമാണ്. അപേക്ഷ ഫോറങ്ങൾ, പരിശോധന റിപ്പോർട്ടുകൾ, അന്വേഷണ റിപ്പോർട്ടുകൾ, തീരുമാനമെടുത്ത മിനിട്സുകൾ എല്ലാം തന്നെ പൊതുരേഖയായിരിക്കേണ്ടതും ഇത് എല്ലാവർക്കും ലഭ്യമാക്കേണ്ടതും, എല്ലാവർക്കും ഇതിന്റ പകർപ്പുകൾ എടുക്കാവുന്നതുമായിരിക്കണം. അനർഹമായ തെരഞ്ഞെടുക്കലിന് ഗുണഭോക്താവോ, അന്വേഷണ ഉദ്യോഗസ്ഥനോ, തെരഞ്ഞെടുക്കുന്ന അധികാരസ്ഥനോ ഉത്തരവാദിയാണെന്ന് പിന്നീട് കണ്ടെത്തിയാൽ ചെലവ് പലിശ സഹിതം തിരികെ ഈടാക്കുന്നതിന് അപ്രകാരമുള്ള വ്യക്തികൾ ബാധ്യസ്ഥരാണെന്ന് ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. മേൽ ഉത്തരവിലെ നിബന്ധനകൾ പദ്ധതി നടത്തിപ്പിൽ നഗരസഭയോ /നിർവ്വഹണ ഉദ്യാഗസ്ഥനോ പാലിച്ചിട്ടില്ല.

2. വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് നിലവിൽ ഇല്ല. പദ്ധതിയുടെ ഭാഗമായി റിംഗ് കംമ്പോസ്റ്റ് യൂണിറ്റുകൾ തികച്ചും സൗജന്യമായി വിതരണം ചെയ്യുന്നതിന് നഗരസഭ പത്ര മാധ്യമത്തിൽ അറിയിപ്പ് തയ്യാറാക്കി നല്കി ആവശ്യക്കാരായ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തുവെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. (ഫയലിനൊപ്പം പരസ്യ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല) ഫയൽ നം. PH1 – 7704/21, തീ.20.12.21 പ്രകാരം പത്ര പരസ്യത്തിലൂടെ 526 ഗുണഭോക്താക്കളെയും (തീരുമാനം. 32/28.12.21) 09.11.2021 ലെ 25 -ാം നമ്പർ തീരുമാന പ്രകാരം നഗരസഭാ ലിസ്റ്റിൽ നിന്ന് 162 ഗുണഭോക്താക്കളെയും കൗൺസിൽ അംഗീകരിച്ചിട്ടുണ്ട് (ആക 688). വാർഡ് സഭയിൽ അംഗീകാരം വാങ്ങാതെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത് ജി.ഒ. (പി) നം.220/97, തീ.02.10.1997 പ്രകാരമുള്ള ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗരേഖക്ക് വിരുദ്ധമാണ്.

3.വാർഡ് കമ്മിറ്റികളുടെ പരിശോധന റിപ്പോർട്ടിന്റെയും, അർഹതയുള്ള മാനദണ്ഡങ്ങളുടേയും അടിസ്ഥാനത്തിൽ വാർഡു കമ്മിറ്റി ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കേണ്ടതും, വാർഡു കമ്മിറ്റിയിൽ എല്ലാ അപേക്ഷകരേയും വിളിക്കേണ്ടതും പരിശോധന പ്രക്രിയാ വേളയിൽ വെളിവാക്കപ്പെടുന്ന വസ്തുതകൾ കണക്കിലെടുത്ത് മുൻഗണനാ മാനദണ്ഡം അടിസ്ഥാനമാക്കി അവരുടെ സാന്നിധ്യത്തിൽ

തന്നെ മുൻഗണനാ ക്രമം നിശ്ചയിക്കേണ്ടതുമാണ്. എന്നാൽ ഈ നിബന്ധന പ്രസ്തുത പദ്ധതിയിൽ പാലിയ്ക്കപ്പെട്ടില്ല.

4. ശുചിത്വ മിഷൻ ജില്ലാ കോ – ഓർഡിനേറ്ററുടെ ഉത്തരവിൽ (നം. 500/SBM(U) 2021-22 / TS-49, തീ.18.01.2022) വ്യക്തമാക്കുന്ന പ്രകാരം ഖര മാലിന്യ പ്ലാന്റുകളുടെ നിർമ്മാണം ഏറ്റെടുത്ത് പൂർത്തികരിക്കേണ്ടത് സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായിരിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നു. കൂടാതെ അനുവദിച്ച തുക കൃത്യമായും നിയമാനുസൃതമായും സമയ ബന്ധിതമായും ചെലവഴിയ്ക്കുന്നവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നു. ആയത് പാലിച്ചിട്ടില്ല.

5. ക്രമ നം.2 ൽ വ്യക്തമാക്കിയ ആകെ 688 ഗുണഭോക്താക്കളിൽ താഴെ ഉൾപ്പെടുത്തിയ വ്യക്തികൾ രണ്ട് ലിസ്റ്റിലും ഉൾപ്പെടുകയും, ഇരട്ടിപ്പായി അധിക തുക / യൂണിറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു

<table>
<tr><th>ക്രമ നം</th><th>പേര്/വിലാസം</th><th>വാർഡ്</th><th>ഫോൺ നം.</th><th>റിമാർക്സ്</th></tr>
<tr><td>1</td><td>അബൂബക്കർ,അമ്പാടൻ</td><td>1</td><td>9846842053</td><td rowspan="2">ഒരേ വീട്ടിലെ വ്യക്തി കളാണ് / ഒരേ ഫോൺ നമ്പർ / നഗരസഭ ലിസ്റ്റ് ക്രമ നം.1,2</td></tr>
<tr><td>2</td><td>സബിത മജീദ്,അമ്പാടൻ</td><td>1</td><td>9846842053</td></tr>
<tr><td>3</td><td>ലിയോ പോൾ,അപ്പാടൻ</td><td>1</td><td>9847272470</td><td rowspan="2">ഒരേ വീട്ടിലെ വ്യക്തി കളാണ് / ഒരേ ഫോൺ നമ്പർ / നഗരസഭ ലിസ്റ്റ് ക്രമനം. 7/ പത്രപരസ്യ ലിസ്റ്റ് ക്രമനം.4</td></tr>
<tr><td>4</td><td>ധന്യ ലിയോ പോൾ, അപ്പാടൻ</td><td>1</td><td>9847272470</td></tr>
<tr><td>5</td><td>അന്ന ജയകൃഷ്ണൻ</td><td>4</td><td>8281896698</td><td>നഗരസഭ ലിസ്റ്റ് ക്രമ നം. 29/ പത്രപരസ്യ ലിസ്റ്റ് ക്രമ നം.73</td></tr>
<tr><td>6</td><td>രാജപ്പൻ.കെ.ആർ, കക്കാട്ടുപറമ്പിൽ</td><td>5</td><td>9747436367</td><td>നഗരസഭ ലിസ്റ്റ് ക്രമനം. 37/ പത്രപരസ്യ ലിസ്റ്റ് ക്രമനം.94</td></tr>
<tr><td>7</td><td>രാജീവ്.കെ, ലക്ഷ്മി ഭവൻ</td><td>12</td><td>9562468559</td><td>നഗരസഭ ലിസ്റ്റ് ക്രമ നം. 52/ പത്രപരസ്യ ലിസ്റ്റ് ക്രമനം.211</td></tr>
<tr><td>8</td><td>സജി.എം.ഗീവർഗ്ഗീസ്, മന്നരേത്ത്</td><td>13</td><td>9495966721</td><td rowspan="2">ഒരേ വീട്ടിലെ വ്യക്തി കളാണ് / ഒരേ ഫോൺ നമ്പർ / നഗരസഭ ലിസ്റ്റ് ക്രമനം. 68/ നഗരസഭ ലിസ്റ്റ് ക്രമനം.69</td></tr>
<tr><td>9</td><td>എം.ഗീവർഗ്ഗീസ്, മന്നരേത്ത്</td><td>13</td><td>9495966721</td></tr>
<tr><td>10</td><td>നബീൽ.കെ.എസ്, ഹാരൂൺ മൻസിൽ</td><td>13</td><td>9497366007</td><td>നഗരസഭ ലിസ്റ്റ് ക്രമനം. 71/ പത്രപരസ്യ ലിസ്റ്റ് ക്രമനം.249</td></tr>
</table>

| | | | | |
|---|---|---|---|---|
| 11 | സി.എം.ജോൺ, ചെറുകര | 15 | 7428806628 | നഗരസഭ ലിസ്റ്റ് ക്രമനം. 74/ പത്രപരസ്യ ലിസ്റ്റ് ക്രമനം.298 |
| 12 | നിഷ വിനയൻ, തെറ്റിക്കോട്ട് | 24 | 9387927505 | നഗരസഭ ലിസ്റ്റ് ക്രമനം. 109 / പത്ര പരസ്യ ലിസ്റ്റ് ക്രമനം.440 |
| 13 | സുബൈദ ലത്തീഫ്, കാരിയേലി | 25 | 9961871460 | ഒരേ വീട്ടിലെ വ്യക്തി കളാണ് / ഒരേ ഫോൺ നമ്പർ / നഗരസഭ ലിസ്റ്റ് ക്രമനം. 125/ പത്ര പരസ്യ ലിസ്റ്റ് ക്രമനം.463 |
| 14 | ഫാത്തിമ.എം.ഒ, കാരിയേലി | 25 | 9961871460 | |

ഇരട്ടിപ്പായി അധികം അനുവദിച്ചത് 30,000/- രൂപ (റിംഗ് കംമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 12 X 2500/- എന്ന നിരക്കിൽ ).

6. പത്ര മാധ്യമങ്ങൾ വഴി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റിൽ അവസാനമായി ചേർത്തിരിക്കുന്ന 23 ഗുണഭോക്താക്കളുടെ വാർഡ് / മേൽവിലാസം മറ്റ് വിവരങ്ങൾ എന്നിവ ഫയലിൽ നിന്നും ലഭ്യമല്ല.

7. സ.ഉ. (കൈ) നം.22/2018/ ത.സ്വ.ഭ.വ, തീ.14.02.2018 പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ ഖണ്ഡിക 6(8) ൽ വ്യക്തമാക്കുന്ന പ്രകാരം ഖര മാലിന്യ സംസ്കരണം ഗാർഹികത്തിൽ വിവിധ തരത്തിലുള്ള കംമ്പോസ്റ്റിംഗ് യൂണിറ്റുകൾക്ക് യൂണിറ്റ് കോസ്റ്റിന്റെ 90% മാത്രമാണ് അനുവദനീയമായ വിഹിതം (തദ്ദേശ സ്വയം ഭരണ സ്ഥാപനവും ശുചിത്വ മിഷൻ ഫണ്ടും). ഗുണഭോക്തൃ വിഹിതം 10% ആണ്. എന്നാൽ മേൽ പദ്ധതിയിൽ സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി ഗുണഭോക്തൃവിഹിതം യൂണിറ്റ് കോസ്റ്റിന്റെ 10% ഈടാക്കുന്നതിനു പകരം യൂണിറ്റ് കോസ്റ്റ് പൂർണ്ണമായും സൗജന്യമായിട്ടാണ് അനുവദിച്ചിരിക്കുന്നത്. ആയത് പ്രകാരം യൂണിറ്റ് കോസ്റ്റായ 2500/- രൂപയുടെ 10% ആയ 250/- രൂപ ഓരോ ഗുണഭോക്താക്കളിൽ നിന്നും വിഹിതമായി പദ്ധതിയിലേക്ക് ഈടാക്കേണ്ടതായിരുന്നു. എന്നാൽ ടി തുക ഈ പദ്ധതിയിൽ ഈടാക്കിയിട്ടില്ല. പദ്ധതി വിഹിതമായി ലഭിക്കേണ്ട 250 X 688 = 172000/- രൂപ ഈയിനത്തിൽ നഗരസഭ അധികം ചെലവഴിച്ചിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26 തി. 09.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ തുടരുന്നതിനാൽ പദ്ധതിക്കായി ചെലവഴിച്ച 142000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. ഗുണഭോക്തൃ വിഹിതമിനത്തിൽ അധികമായി ചെലവഴിച്ച 172000/- രൂപയും, ഗുണഭോക്താക്കൾക്ക് ഇരട്ടിപ്പായി അധികം അനുവദിച്ച 30000/- രൂപ മേൽ വ്യക്തികളിൽ നിന്നോ / ചെലവഴിച്ച നിർവ്വഹണ ഉദ്യാഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗ രേഖയിൽ വ്യക്തമാക്കുന്ന പ്രകാരവും, കാലാകാലങ്ങളായി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയാൽ മാത്രമേ ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ മേൽ വിവരിച്ച കാര്യങ്ങൾ വിലയിരുത്തി നിർവ്വഹണത്തിൽ സൂക്ഷ്മത പുലർത്തേണ്ടതാണ്.

## 1-25 നഗരസഭ സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കാത്തത്

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 48(3), കേരള സർവ്വീസ് റൂൾ 146- എന്നിവ പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കപ്പെട്ട നഗരസഭ സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും സംസ്ഥാന ഫണ്ടിൽ നിന്നും പിൻവലിക്കേണ്ടതും ടി തുകകളും പെൻഷൻ അംശദാനവും

നഗരസഭ തനതു ഫണ്ടിൽ നിന്നും മാസം തോറും സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്. എന്നാൽ ഈ ആവശ്യത്തിന് ട്രഷറിയിൽ നിന്നും പിൻവലിച്ച തുകകൾ സർക്കാരിലേക്ക് തിരികെ അടവാക്കിയിട്ടില്ല. ഓഡിറ്റ് വർഷം ചുമതലയുണ്ടായിരുന്ന സെക്രട്ടറിയുടെ (ശ്രീമതി. മേഘാ മേരി കോശി) ശമ്പളത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | തുക |
|---|---|
| 04/21 | 55947.00 |
| 05/21 | 62376.00 |
| 06/21 | 62376.00 |
| 07/21 | 62376.00 |
| 08/21 | 62376.00 |
| 09/21 | 62376.00 |
| 10/21 | Nil |
| 11/21 | Nil |
| 12/21 | Nil |
| 01/22 | Nil |
| 02/22 | Nil |
| 03/22 | Nil |
| ആകെ | 367827+2750 = 370577.00 |

മറ്റു അപാകതകൾ ചുവടെ-

1.ട്രഷറിയിൽ നിന്ന് തൻവർഷം പിൻവലിച്ച മേൽ പ്രതിപാദിച്ച തുകകൾ നാളിതുവരെ സർക്കാരിലേക്ക് തിരികെ അടവാക്കിയിട്ടില്ല.

2.സർക്കാരിലേയ്ക്ക് യഥാസമയം അടവാക്കാത്ത മേൽ തുക നഗരസഭയുടെ ബാദ്ധ്യതയാണ്. എന്നാൽ നഗരസഭയുടെ ബാലൻസ് ഷീറ്റിൽ ടി-തുകകൾ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം. 5 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയ മറുപടിയിൽ നഗരസഭയുടെ തനത് വരുമാനത്തിൽ വന്നിട്ടുള്ള കുറവ് മൂലം നഗരസഭയിലെ ദൈനംദിന കാര്യങ്ങൾ പോലും നിർവ്വഹിക്കുന്നതിന് സാധിക്കുന്നില്ലായെന്നും, കൂടാതെ ജീവനക്കാർക്ക് സമയബന്ധിതമായി ശമ്പളം നല്കുന്നതിനോ, യഥാസമയം റിക്കവറി അടയ്ക്കുന്നതിനോ, ജീവനക്കാർക്ക് മറ്റൊരു ആനുകൂല്യവും

നല്കുന്നതിനോ നഗരസഭക്ക് കഴിയുന്നില്ലായെന്നുള്ള വിശദീകരണമാണ് ലഭ്യമാക്കിയിരിക്കുന്നത്. നഗരസഭയുടെ തനത് വരുമാനത്തിൽ നികുതി കുടിശ്ശിക തുക ധാരാളമായി പിരിഞ്ഞു കിട്ടാനുള്ള അവസ്ഥയിൽ ഇത്തരം മറുപടി അംഗീകരിക്കത്തക്കതല്ല. മേൽ അപാകത നിലനില്ക്കുന്നതിനാൽ ചെലവഴിച്ച 370577/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

മേൽവിവരിച്ച അപാകതകൾ വിലയിരുത്തേണ്ടതും, കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള സർവ്വീസ് റൂൾ എന്നിവ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതായ തുകകൾ കാലാനുസൃതമായി അടവാക്കാൻ ശ്രദ്ധാന്തി കാണിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-26 മത്സ്യ,ഇറച്ചി,പച്ചക്കറി മാർക്കറ്റുകളിലെ വേസ്റ്റുകൾ നീക്കം ചെയ്യൽ - നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| വൗച്ചർ നം. | 86/10/2021 |
| ഫയൽ നം. | PHI-12346/21 |
| ചെലവ്/ചെക്ക് നം | 30000.00 രൂപ 618330/ 22.10.2021 |

ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 20.10.2021 ലെ 8-ാം നമ്പർ തീരുമാന പ്രകാരം ശ്രീ സാദിഖ് പി.വി, പാറാട്ട് തെക്കേക്കുടി, പെരുമ്പാവൂർ എന്നയാൾക്ക് 30000/- രൂപ നൽകിയിട്ടുണ്ട്. ടിയാൻ പെരുമ്പാവൂർ നഗരസഭ വക മത്സ്യ, ഇറച്ചി, പച്ചക്കറി മാർക്കറ്റുകളിലെ വേസ്റ്റുകൾ നീക്കം ചെയ്യുന്നത് ഏറ്റെടുത്ത ആളാണ്. ലോഡൊന്നിന് 15000/- രൂപ നിരക്കിൽ രണ്ട് ലോഡ് വേസ്റ്റുകൾ ടിയാന് നഗരസഭ കൈമാറിയിട്ടുണ്ട്.

ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു

1. ഹെൽത്ത് സ്റ്റാന്റിംഗ് കമ്മറ്റിയുടെ 20.10.21 ലെ 8-ാം നമ്പർ തീരുമാനപ്രകാരമാണ് ടിയാന് തുക കൈമാറിയിരിക്കുന്നത്. കൗൺസിൽ അംഗീകാരം ലഭിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. നിലവിൽ നഗരസഭയിൽ മാലിന്യ നിർമ്മാർജ്ജനത്തിന് ഒരു സംവിധാനം നിലനിൽക്കെ മത്സ്യ, ഇറച്ചി, പച്ചക്കറി മാർക്കറ്റുകളിലെ വേസ്റ്റുകൾ നീക്കാൻ പുറം സേവനം തേടിയതിന്റെ കാരണം വ്യക്തമല്ല.

3. ലോഡ് ഒന്നിന് മേൽ തുക കൈമാറിയിട്ടുണ്ടെങ്കിലും ആയത് നീക്കം ചെയ്തത് ക്രമ പ്രകാരമാണെന്നും മാലിന്യം സംബന്ധിച്ച വിലയിരുത്തലും, നഗരസഭയിലെ നിലവിലെ സംവിധാനത്തിൽ ടി പ്രവൃത്തി സാധ്യമല്ലായെന്നും ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ വിലയിരുത്തുകയോ, കൗൺസിലിനെ ബോധ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4. മാലിന്യം നീക്കം ചെയ്ത് നിക്ഷേപിച്ചിരിക്കുന്നത് നഗരസഭ അനുവദിച്ചിരിക്കുന്ന പ്രദേശത്താണോ, അതോ കരാറുകാരൻ തന്നെ സ്വന്തം നിലയിൽ മാലിന്യം കൈകാര്യം ചെയ്തതാണോയെന്ന് ഫയലിൽ നിന്നും വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.7/ തിയതി 26.09.2022) പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭിക്കാത്തതിനാൽ ചെലവഴിച്ച 30000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

മാലിന്യം നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും നഗരസഭ നൂതന മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

## 1-27 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഫണ്ടുകൾ ചെലവഴിക്കുന്നു

| | |
|---|---|
| പദ്ധതി നം. പേര് | 1)S0180/22 വയബിലിറ്റി ഗ്യാപ്പ് ഫണ്ട് |
| | 2) 0123/22 ഹരിത കർമ്മ സേനാ പ്രവർത്തനങ്ങൾ (വി.ജി.എഫ്) |
| അടങ്കൽ | 1.338000/- രൂപ |
| | 2.125408/- രൂപ |
| ചെലവ് /ബിൽ നം, തീ | 1.331750/- (CFC) 80/ 06.11.21, 294/27.3.22 |
| | 2.118100/- (CFC) 296/ 27.03.2022 |
| നിർവ്വഹണം | ഹെൽത്ത് സൂപ്പർവൈസർ, നഗരസഭ |

തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് (ജൈവ / അജൈവ) ഫീൽഡു തല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിത കർമ്മസേന. ജൈവമാലിന്യം അതിന്റ ഉറവിടത്തോട് ഏറ്റവും അടുത്ത് അതാത് ദിവസം തന്നെ സംസ്കരിക്കുകയും പുനചംക്രമണത്തിലൂടെ സംസ്കരിക്കപ്പെടേണ്ട പ്ലാസ്റ്റിക്കും ചില്ലും ലോഹവുമടക്കമുള്ള മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് സംസ്കരണ കേന്ദ്രങ്ങളിലേക്ക് അയക്കുകയും ചെയ്യുകയെന്നതാണ് ഹരിത കർമ്മസേനയുടെ മുഖ്യ ദൗത്യം. യൂസർ ഫീയിനത്തിൽ ലഭിക്കുന്ന തുക, പാഴ് വസ്തുക്കൾ വിറ്റ് കിട്ടുന്ന തുക, മറ്റിനങ്ങളും ചേർത്ത് ഹരിത കർമ്മസേനയ്ക്ക് ലഭിക്കേണ്ട പ്രതീക്ഷിത പ്രതിമാസ വരുമാനവും, പ്രതിമാസം ലഭിക്കുന്ന വരുമാനവും തമ്മിലുള്ള വ്യത്യാസം കണക്കാക്കുമ്പോൾ കുറവ് വരുന്ന തുകയാണ് വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി അനുവദിക്കുന്നത്.

പദ്ധതി നടപ്പിലാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു

(എ). സ.ഉ. (സ.ധാ) നം.2420 / 2017. ത.സ്വ.ഭ.വ. തീ. 15.07.2017, സ.ഉ. (സ.ധാ) നം. 1496 / 2020. ത.സ്വ.ഭ.വ. തീ. 12.08.2020 എന്നിവയിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ നിർവ്വഹണ മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമാക്കുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റ ചുമതലയിൽ വരുന്ന പ്രവർത്തനങ്ങളിൽ താഴെ ഉൾപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചിട്ടില്ലായെന്ന് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നതാണ്.

നഗരസഭ പരിഗണനാ വിധേയമാക്കാത്ത വിഷയങ്ങൾ

1. ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തെ സംബന്ധിച്ച റിപ്പോർട്ട് പരിശോധിച്ച് തുടർ നടപടി സ്വീകരിച്ചിട്ടില്ല.

2. ഹരിത കർമ്മസേനയും, ഹരിത സഹായ സ്ഥാപനവും മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നടത്തിപ്പിലോ, അറ്റ കുറ്റപ്പണികളിലോ, പരാതികൾ സമയ ബന്ധിതമായി പരിഹരിക്കുന്നതിലോ വീഴ്ച വരുത്തുന്നുവെങ്കിൽ അവർക്ക് പിഴ ചുമത്തുന്നതടക്കമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

3. സോഷ്യൽ ഓഡിറ്റ് ടീമിനെ നിയോഗിച്ചിട്ടില്ല.

4. പൊതു സംവിധാനങ്ങളുടെ പരിപാലനം ഹരിത കർമ്മസേനയെ ഏല്പിച്ചിട്ടില്ല.

5.സോഫ്റ്റ് വെയറിന്റെ സഹായത്തോടെ സർവ്വേ നടത്തി ഉണ്ടാക്കുന്ന ഡേറ്റ പ്രകാരം വീടുകളിൽ നിശ്ചിത സമയത്തിനുള്ളിൽ പരിശോധന നടത്തി വീഴ്ച വരുത്തുന്നവർക്കെതിരെ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല.

6. മാലിന്യ സംസ്കരണത്തിന് തെരഞ്ഞെടുക്കുന്ന വീടുകളിൽ, ഇടവേളകളിൽ പരിശോധന നടത്തി പ്രവർത്തനം നടക്കുന്നു എന്ന് ഉറപ്പാക്കിയില്ല.

7. ജൈവ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ജൈവ പച്ചക്കറി കൃഷി എന്നത് മാലിന്യ സംസ്കരണ പദ്ധതിയുടെ തുടർച്ചയാണ്. വകുപ്പുമായി ചേർന്ന് വളം , വിത്ത്, ജൈവ കീടനാശിനി, പച്ചക്കറി തൈ, ഗ്രോബാഗ് എന്നിവ ജനങ്ങളിലേക്ക് എത്തിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ട നടപടി എടുത്തില്ല.

8. വീടുകളിലും സ്ഥാപനങ്ങളിലും ഉല്പാദിപ്പിക്കുന്ന ജൈവവളം ആവശ്യമില്ലാത്തവരിൽ നിന്നും ഹരിത കർമ്മസേന ശേഖരിച്ച് തദ്ദേശ സ്ഥാപനത്തിന് നല്കേണ്ടതും തദ്ദേശ സ്ഥാപനം കൃഷി വകുപ്പിന്റെ സഹായത്തോടെ വളത്തെ സംപുഷ്ടീകരിച്ച് ആവശ്യക്കാർക്ക് നല്കേണ്ടത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചില്ല.

9. പ്രദേശത്ത് നടക്കുന്ന പൊതു /സ്വകാര്യചടങ്ങുകൾ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം നടത്തുന്നതിന് വേണ്ട സേവനം നല്കി ഹരിത കർമ്മ സേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധന വിധേയമാക്കിയില്ല.

10. ബി.പി.എൽ., ആശ്രയ എന്നീ ഗുണഭോക്താക്കളുടെ വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന് തദ്ദേശ സ്ഥാപനം നല്കേണ്ട യൂസർഫീ പ്രയോജനപ്പെടുത്തിയില്ല.

11. പുന:ചംക്രമണം സാധ്യമല്ലാത്ത അപകടകരമായ മാലിന്യങ്ങളുടെ നീക്കത്തിനായി ഫണ്ട് വകയിരുത്തിയില്ല.

12. ഗ്രാമസഭകൾ നടത്തുമ്പോൾ ഒരു പ്രധാന അജണ്ടയായി ഹരിത കർമ്മസേന തത്വങ്ങളും ശുചിത്വ പ്രവർത്തനങ്ങളും വിലയിരുത്തൽ നടത്തിയില്ല.

13. ഹരിത കർമ്മസേനയെ വിവിധ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചു കൊണ്ട് വരുമാന ദായക പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ നടപടികൾ എടുത്തില്ല.

(ബി). ജി.ഒ. (ആർ.ടി)നം.880/ 21/ ത.സ്വ.ഭ.വ, തീ.16.04.21 പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനത്തിന്റെയും സ്ഥാപനത്തിലെ സെക്രട്ടറിയുടേയും മറ്റ് ബന്ധപ്പെട്ട ഹെൽത്ത് സൂപ്പർവൈസർ / ഓഫീസർ, എഞ്ചിനീയർ എന്നിവരുടെയും ചുമതലകൾ വ്യക്തമാക്കുന്നുണ്ട്.

പദ്ധതി നടത്തിപ്പിൽ പരിഗണനവിധേയമാക്കാത്ത ചുമതലകൾ താഴെ കൊടുക്കുന്നു

1. സ്റ്റേറ്റ് പോളിസിയെ അടിസ്ഥാനമാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഖര മാലിന്യ സംസ്കരണ പ്ലാൻ തയ്യാറാക്കേണ്ടതാണ്.

2. വികേന്ദ്രീകൃത കംമ്പോസ്റ്റ് പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ മാർക്കറ്റിനുള്ളിലോ പരിസര പ്രദേശത്തോ വൃത്തിയുള്ള സാഹചര്യത്തിൽ നിർമ്മിക്കുക.

3. കെട്ടിട നിർമ്മാണത്തിന്റെയും പൊളിക്കലിന്റെയും ഭാഗമായി വരുന്ന മാലിന്യങ്ങളിൽ നിന്നും 10 മുതൽ 20 ശതമാനം വരെ മെറ്റീരിയൽ ഗവൺമെന്റ് കോൺട്രാക്ട് വർക്കുകൾക്ക് ഉപയോഗിക്കണമെന്ന നിബന്ധന പരിഗണനാ വിധേയമാക്കിയിട്ടില്ല.

4. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഇതിനു വേണ്ടിയുള്ള ഡേറ്റാ ബേസ് ഉണ്ടാക്കുകയും അത് വർഷം തോറും അപ്ഡേറ്റ് ചെയ്യുകയും വേണം.

5. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുള്ളതും യന്ത്ര സാമഗ്രികൾ സ്ഥാപിക്കേണ്ടതുമായ മാലിന്യ സംസ്കരണ പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതും, നടപ്പിലാക്കേണ്ടതും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതലയിൽപ്പെടുന്നു. ആയത് പരിശോധനാ വിധേയമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 23 തീ.16.12.2022 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ രണ്ട് പദ്ധതികൾക്കുമായി ചെലവഴിച്ച 449850/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ നഗരസഭയുടെ തന്നെ ആകെ മുഖമായി മാറുന്ന ഇക്കാലത്ത് പ്രസ്തുത സംരംഭത്തിന്റെ പ്രാധാന്യം മനസിലാക്കി നഗരസഭയുടെ ഭാഗത്ത് നിന്നും ക്രിയാത്മകമായ സമീപനങ്ങൾ തുടർ നാളുകളിൽ സ്വീകരിച്ചാൽ മാത്രമേ മാലിന്യ സംസ്കരണം, ആരോഗ്യ മേഖല എന്നിവയിൽ നഗരസഭക്ക് സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുവാനും സാമൂഹിക വികസനം ഉറപ്പാക്കാനും സാധിക്കുകയുള്ളു.

1-28 വാഴ കൃഷി വികസനം - മാർഗ്ഗ രേഖ പാലിക്കപ്പെട്ടില്ല

| | |
|---|---|
| പദ്ധതി നം. /പേര് | S0060/22 വാഴ കൃഷി വികസനം |
| അടങ്കൽ | 337422/- |
| ചെലവ്/ബിൽ നം.,തീയതി | 206185 /- രൂപ 157/ 29.01.22,<br>26152/- രൂപ 174/ 03.02.22,<br>105085/- രൂപ 153/ 29.01.22<br>(വികസന ഫണ്ട്) ഗു.വി.7800.00 (52x150) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഫീൽഡ് ഓഫീസർ |

കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡ്, അത്താണി എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് ടിഷ്യുകൾച്ചർ വാഴ തൈ, എല്ലുപൊടി, കടലപ്പിണ്ണാക്ക്, വേപ്പിൻ പിണ്ണാക്ക് തുടങ്ങിയവ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണ് പദ്ധതി ലക്ഷ്യം.

പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു

1. വാഴ തൈ വിതരണത്തിനായി യൂണിറ്റ് ഒന്നിന് 150/- രൂപ പ്രകാരം 52 ഗുണഭോക്താക്കളിൽ നിന്നും 7800/- രൂപ ഗുണഭോക്തൃ വിഹിതമായി ഈടാക്കിയിട്ടുണ്ട്. എന്നാൽ വാഴ തൈ ആകെ കൈമാറിയിരിക്കുന്നത് 210 പേർക്കാണ്.

2. സ.ഉ.(കൈ)നം. 22/2018 /ത.സ്വ.ഭ.വ. തിയതി 14.02.2018 സബ്സിഡി ഉത്തരവ് ഖണ്ഡിക 6.1.(1) പ്രകാരം ജൈവ വളം, കുമ്മായം, ഡോളോമേറ്റ് എന്നിവയ്ക്ക് പൊതുവിഭാഗം 75% ആണ് ഉയർന്ന സബ്സിഡി നിരക്ക്. ആയത് പദ്ധതിയിൽ പാലിച്ചിട്ടില്ല.

3. 14.02.2018 ലെ സ.ഉ.(കൈ) നം. 22/2018/ ത.സ്വ.ഭ.വ. സബ്സിഡി ഉത്തരവ് ഖണ്ഡിക6.1.(4) പ്രകാരം വാഴകൃഷിക്ക് എല്ലാ വിഭാഗങ്ങൾക്കും 100% സബ്സിഡി തുകയാണ് അനുവദിക്കേണ്ടത്. എന്നാൽ ഈ പദ്ധതിയിൽ 25% ഗുണഭോക്തൃ വിഹിതമായി ഈടാക്കിയിട്ടുണ്ട്.

4. കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡ്, അത്താണി എന്ന സ്ഥാപനത്തിന് വാഴ തൈ, ജൈവ വളം എന്നിവ വിതരണം ചെയ്യുന്നതിനുള്ള അനുമതി ഉത്തരവുകൾ ഫയലിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

5. മേൽ ഇനങ്ങൾ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയ വേളയിൽ ഒരു വിധ നെഗോസിയേഷൻ നടപടികളും നടത്തിയിട്ടില്ല.സ്ഥാപനം നിശ്ചയിച്ച വിലയിൽ തന്നെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 8 / തിയതി 10.10.2022) ലഭിച്ച മറുപടിയിൽ വാഴ തൈ വിതരണം നടത്തിയത് ക്രമ പ്രകാരമാണെന്ന് വ്യക്തമാക്കുന്നുണ്ടെങ്കിലും ആയതിന് തെളിവായി അനുബന്ധ രജിസ്റ്ററുകളോ, കൈപ്പറ്റ് വിവര രേഖകളോ ഫയലിനൊപ്പം ചേർത്തിട്ടില്ല. പ്രോജക്ടനുസരിച്ചും, കൗൺസിൽ തീരുമാനം അനുസരിച്ചും മാത്രമാണ് പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. കൃത്യമായ രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 337422/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്ന പ്രകാരമുള്ള നിർവ്വഹണ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുവേണം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത്.

1-29 തെങ്ങ് കൃഷി വികസനം പ്രൊജക്ട് നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പദ്ധതി നം./ പേര് | S0054/22 തെങ്ങ് കൃഷി വികസനം |
| അടങ്കൽ | 418570/- |

| | |
|---|---|
| ചെലവ് /ബിൽ നം, തീയതി | 1) 248119/- 152/29.01.22,<br>2) 45000/- 158/29.01.22,<br>3)20749/- 173/03.02.22<br>ഗു.വി.15000/-<br>ആകെ 313868/- രൂപ, (വികസനഫണ്ട്), |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഫീൽഡ് ഓഫീസർ |

കേരള ആഗ്രോ ഇൻഡസ്ടീസ് കോർപറേഷൻ ലിമിറ്റഡ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് തെങ്ങിൻതൈ, എല്ലുപൊടി, കടലപ്പിണ്ണാക്ക്, വേപ്പിൻപ്പിണ്ണാക്ക് തുടങ്ങിയവ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയെന്നതാണ് പദ്ധതി .

പദ്ധതി നടത്തിപ്പാക്കിയതിലെ അപാകതകൾ

1.തെങ്ങിൻ തൈ വിതരണത്തിനായി 240/- രൂപ പ്രകാരം 40 പേരുടെ പക്കൽ നിന്നും 15000/- രൂപ ഗുണഭോക്തൃ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. എന്നാൽ തെങ്ങിൻതൈ ആകെ കൈമാറിയിരിക്കുന്നത് 244 പേർക്കാണ്. തെങ്ങ് കൃഷി വികസനം ലക്ഷ്യമാക്കി തയ്യാറാക്കിയിരിക്കുന്ന പദ്ധതിയിൽ വള വിതരണത്തിനു മാത്രമായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ട്.

2.14.02.2018-ലെ സ.ഉ.(കൈ).നം.22/2018/ ത.സ്വ.ഭ.വ. സബ്സിഡി ഉത്തരവ് 6.1.(1) പ്രകാരം ജൈവവളം, കുമ്മായം, ഡോളോമേറ്റ് എന്നിവയ്ക്ക് പൊതു വിഭാഗത്തിൽ 75% ആണ് ഉയർന്ന സബ്സിഡി നിരക്ക്. ആയത് പദ്ധതിയിൽ പാലിച്ചിട്ടില്ല.

3.കേരള ആഗ്രോ ഇൻഡസ്ടീസ് കോർപറേഷൻ ലിമിറ്റഡ്, പാലക്കാട് എന്ന സ്ഥാപനത്തിന് തെങ്ങിൻതൈ, ജൈവവളം എന്നിവ വിതരണം ചെയ്യുന്നതിനുള്ള അനുമതി ഉത്തരവുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

4.മേൽ ഇനങ്ങൾ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയ വേളയിൽ വില കുറവ് ലഭിക്കുന്നതിനു വേണ്ടി ഒരു വിധ നെഗോസിയേഷൻ നടപടികളും നടത്തിയിട്ടില്ല. സ്ഥാപനം നിശ്ചയിച്ച വിലയിൽ തന്നെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദികരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.13, തി.10.10.2022 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും ലഭിച്ച മറുപടിയിൽ കെയ്ക്കോ വഴി വിതരണം നടത്തുന്നതിന് കൗൺസിൽ തീരുമാനം ലഭ്യമാക്കിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. മറുപടി തൃപ്തികരമല്ലാത്തതിനാൽ ചെലവഴിച്ച 313868/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-30 ജാതി കൃഷി വികസനം - തൈ വിതരണത്തിലെ അപാകതകൾ

| | |
|---|---|
| പദ്ധതി നം. / പേര് | S0056/22 ജാതി കൃഷി വികസനം |
| അടങ്കൽ | 239222/- |
| ചെലവ്/ബിൽ നം,തീ | 179416/- രൂപ 154/29.01.22, 156/ 29.01.22, 173/ 03.02.22 (വികസനഫണ്ട്) ഗു.വി.17500/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഫീൽഡ് ഓഫീസർ |

കേരള ആഗ്രോ ഇൻഡസ്ടീസ് കോർപറേഷൻ ലിമിറ്റഡ്, അത്താണി എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് ജാതി തൈ, എല്ലുപൊടി, കടലപ്പിണ്ണാക്ക്, വേപ്പിൻപിണ്ണാക്ക് തുടങ്ങിയവ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയെന്നതാണ് പദ്ധതി.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1.ജാതി തൈ വിതരണത്തിനായി 350/- രൂപ പ്രകാരം 50 പേരുടെ പക്കൽ നിന്നും 17500/- രൂപ ഗുണഭോക്തൃ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. എന്നാൽ ജാതി തൈ ആകെ കൈമാറിയിരിക്കുന്നത് 182 പേർക്കാണ്.

2. 14.02.2018 ലെ സ.ഉ.(കൈ) നം. 22/2018/ ത.സ്വ.ഭ.വ. സബ്സിഡി ഉത്തരവ് 6.1.(1)- പ്രകാരം ജൈവ വളം, കുമ്മായം, ഡോളോമേറ്റ് എന്നിവയ്ക്ക് പൊതുവിഭാഗം 75% ആണ് ഉയർന്ന സബ്സിഡി നിരക്ക്. ആയത് പദ്ധതിയിൽ പാലിച്ചിട്ടില്ല.

3. ആകെ 200 തൈകൾ വാങ്ങിയെങ്കിലും 182 പേർക്ക് മാത്രമാണ് തൈകൾ കൈമാറിയിട്ടുള്ളത്.

4. കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡ്, അത്താണി എന്ന സ്ഥാപനത്തിന് ജാതി തൈ, ജൈവ വളം എന്നിവ വിതരണം ചെയ്യുന്നതിനുള്ള അനുമതി ഉത്തരവുകൾ ഫയലിനൊപ്പം പരിശോധനക്ക് ലഭ്യമാക്കിയില്ല.

5.മേൽ ഇനങ്ങൾ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയ വേളയിൽ നെഗോസിയേഷൻ നടപടികളും നടത്തിയിട്ടില്ല.സ്ഥാപനം നിശ്ചയിച്ച വിലയിൽ തന്നെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.12 / 23.11.2022 ന് ലഭിച്ച മറുപടിയിൽ കൈയ്യോ വഴി ടി വസ്തുക്കൾ വിതരണം നടത്തുന്നതിന് കൗൺസിൽ തീരുമാനം ലഭ്യമാക്കിയിട്ടുണ്ടെന്നും പ്രോജക്ടനുസരിച്ച് മാത്രമാണ് വസ്തുക്കൾ വിതരണം നടത്തിയിട്ടുള്ളതെന്നും , പദ്ധതി വേളയിൽ ലഭ്യമായ വില വിവരവും, പ്രോജക്ടിൽ രേഖപ്പെടുത്തിയതുമായ വിലയും മാത്രമേ നല്കിയിട്ടുള്ളൂ എന്നുമാണ്. എന്നാൽ മറുപടിക്ക് ആധാരമായ തെളിവുകൾ ഫയലിനൊപ്പം ലഭ്യമല്ല. ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ മേൽ ചെലവഴിച്ച 179416/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്ന പ്രകാരമുള്ള നിബന്ധനകൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-31 ഗ്രോബാഗ് പച്ചക്കറി വികസനം -പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പദ്ധതി നം./ പേര് | S0133/22 ഗ്രോബാഗ് പച്ചക്കറി വികസനം |
| അടങ്കൽ | 495500/- |
| ചെലവ് / ബിൽ നം, തീയതി | 1) 148500/- 155/29.01.22,<br>2) 79500/- 123/31.12.21<br>(വികസനഫണ്ട്) ഗു.വി. 49500/-<br>ആകെ 228000/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഫീൽഡ് ഓഫീസർ |

കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡ്, അത്താണി എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് നിറച്ച ഗ്രോബാഗ് വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണ് പദ്ധതി.

പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1.ബിൽ നം.155/29.01.22- പ്രകാരം വിതരണത്തിനായി 99 നിറച്ച ഗ്രോ ബാഗുകൾക്കായി 198000/- രൂപ മേൽ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. ഈയിനത്തിൽ 49500/- രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കിയിട്ടുണ്ട്(99 X 500). എന്നാൽ (25/20-വീതം) എല്ലാ ഗുണഭോക്താക്കൾക്കും തുല്യമായല്ല ഗ്രോബാഗുകൾ കൈമാറിയിരിക്കുന്നത്.

ഔട്ട് ഡോർ കളക്ഷൻ തുകകൾ കൃത്യമായി പരിശോധിച്ചതിന് ശേഷം അടവാക്കേണ്ടതാണ്. 27.08.2022, 14.09.2022, 15.09.2022, 22.09.2022, 27.09.2022, 21.10.2022, 22.10.2022, 25.10.2022, 26.10.2022, 27.10.2022 എന്നീ തിയതികളിലെ കളക്ഷൻ തുകകൾ റവന്യൂ സെക്ഷനിൽ പരിശോധന നടത്താതെയാണ് ക്യാഷ് കൗണ്ടറിൽ അടവാക്കിയത്.

## 1-52 പ്രഥമ മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഇളവുകൾ അനുവദിച്ചു

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയം നടത്തുമ്പോൾ ചട്ടം 6 പട്ടിക 1 പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖലകളുടെ അടിസ്ഥാനത്തിൽ ഇളവുകൾ കണക്കാക്കേണ്ടതുണ്ട്. നഗരസഭ കൗൺസിൽ മാനദണ്ഡങ്ങൾക്കനുസരിച്ച് നഗരസഭ പ്രദേശത്തെ വ്യത്യസ്ത മേഖലകളെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളായി തരംതിരിച്ചിട്ടുണ്ട്. നഗരസഭയുടെ പ്രഥമ മേഖലയിലാണ് "എ.എം റോഡ് ", " എം.സി റോഡ് " എന്നിവ ഉൾപ്പെടുന്നത്. ചട്ടം 6 പട്ടിക 1 ൽ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖലകളുടെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള ഇളവുകളിൽ പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് ഇളവുകൾ അനുവദീയമല്ല ദ്വിതീയ മേഖലയിൽ 10% തൃതീയ മേഖലയിൽ 20% ഇളവുകളാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ പ്രഥമ മേഖലയിലെ എ.എം റോഡ്, എം.സി റോഡ് എന്നിവയുടെ സമീപത്തുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയിന്മേൽ ദ്വിതീയ മേഖലയിലെ 10% ഇളവുകൾ അനുവദിച്ചാണ് വസ്തു നികുതി നിർണ്ണയം നടത്തി നമ്പർ അനുവദിച്ചിട്ടുള്ളത്. കെട്ടിട നമ്പർ അനുവദിക്കുന്നതിനായി കെട്ടിട ഉടമ വസ്തു നികുതി റിട്ടേണിനോടൊപ്പം (ഫോറം 2) ഹാജരാക്കിയിരിക്കുന്ന കംപ്ലീഷൻ പ്ലാനിലും, സഞ്ചയയിലെ ഫോം 6 ലും കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡിന്റെ പേര് എ.എം. റോഡ്/ എം.സി. റോഡ് എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ തെറ്റായ രീതിയിൽ വസ്തു നികുതി നിർണ്ണയം നടത്തിയതു കാരണം നഗരസഭയ്ക്ക് 22705/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ഭാഗം 2 ൽ ഖണ്ഡിക 2-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-53 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ

തദ്ദേശ സ്വയം ഭരണ (ആർ.ഡി.) വകുപ്പിന്റെ 14-01-11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 18/2011 ത.സ്വ.ഭ.വ. നമ്പർ ഉത്തരവിന് വിധേയമായി നഗരസഭ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 80/- രൂപയും, 200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 90/- രൂപയും വസ്തു നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം മുൻ വർഷങ്ങളിൽ വസ്തു നികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരം പരിശോധിച്ചതിൽ കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരം ഉദാഹരണത്തിനായി ചുവടെ ചേർക്കുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ ശ്രീ. എസ്.കെ. ഹുസൈൻ & ശ്രീമതി. റംല ഹുസൈൻ,

ശങ്കരൻകുഴി, പെരുമ്പാവൂർ പി.ഒ. വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ആകെ 3473.7 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണവുമുള്ള വാണിജ്യം & പാർപ്പിടം എന്നീ ആവശ്യത്തിനുള്ള കെട്ടിടത്തിനെ വിവിധ ഉപയോഗക്രമം അനുസരിച്ച് വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തി വിവിധ കെട്ടിട നമ്പറുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 22/682 A, 22/682 B എന്നീ നമ്പരിലുള്ള ആകെ 1008.35 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണവുമുള്ള കെട്ടിടങ്ങളിൽ മാക്സ് എന്ന സ്ഥാപനമാണ് പ്രവർത്തിച്ച് വരുന്നത്.

2016-17 സാമ്പത്തിക വർഷത്തിൽ ശ്രീ. എം.എസ്. മനോജ്, ശ്രീ. അമൽ മധു, ശ്രീമതി. അശ്വതി മധു, ശ്രീമതി. ആരതി മധു, മൂലേക്കുടി, ഇടവൂർ പി.ഒ. എന്നി വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ആകെ 716.79 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണവുമുള്ള വാണിജ്യം & ലോഡ്ജ് എന്നീ ആവശ്യത്തിനുള്ള കെട്ടിടത്തിനെ ഉപയോഗക്രമം അനുസരിച്ച് വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തി 23/61A, 61B എന്നീ നമ്പരുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 23/61A നമ്പരിലുള്ള 503.44 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണവുമുള്ള കെട്ടിടത്തിൽ "ആസാദ് സൂപ്പർ മാർക്കറ്റ് " എന്ന സ്ഥാപനമാണ് പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ ഈ കെട്ടിടത്തിൽ "ക്രിസ്റ്റൽ സൂപ്പർ മാർക്കറ്റ്" എന്ന സ്ഥാപനം പ്രവർത്തിച്ച് വരുന്നു.

മുകളിൽ പറഞ്ഞിട്ടുള്ള പ്രസ്തുത കെട്ടിടങ്ങൾ 200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നീ ഉപയോഗ ക്രമത്തിലാണ് ഉൾപ്പെടുന്നത്. എന്നാൽ പ്രസ്തുത കെട്ടിടങ്ങൾക്ക് 200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് ബാധകമായ നികുതി നിരക്കായ 90/- രൂപ ഈടാക്കാതെ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നികുതി നിരക്കായ 80/- രൂപ ഈടാക്കിയാണ് വസ്തുനികുതി നിർണ്ണയം നടത്തി വാർഷിക വസ്തുനികുതി കണക്കാക്കി യിട്ടുള്ളത്. ഇത് പ്രകാരം നികുതി ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.)/ ഉപയോഗക്രം | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന ഉൾപ്പെടെ (ലൈബ്രറി സെസ്സ്, സേവന നികുതി ഒഴികെ) (ച.മീറ്ററിന് 80/- രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹത പ്പെട്ട വർദ്ധന ഉൾപ്പടെ (ലൈബ്രറി സെസ്സ്, സേവന നികുതി ഒഴികെ) (ച.മീ.ന് 90/- രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| 1 | 22/682 A, ശ്രീ. എസ്.കെ.ഹുസൈൻ & ശ്രീമതി റംല ഹുസൈൻ | 467.06 GF വാണിജ്യം | 54179.00 | 60951.00 | 6772.00 |
| | 22/682 B ശ്രീ. എസ്.കെ. ഹുസൈൻ & ശ്രീമതി റംല ഹുസൈൻ | 541.29 FF വാണിജ്യം | 58460.00 | 65767.00 | 7307.00 |

| | | | | | |
|---|---|---|---|---|---|
| 2 | 23/61A ശ്രീ. എം.എസ് മനോജ് & Ors | 503.44 GF, FF വാണിജ്യം | 48331.00 | 54372.00 | 6041.00 |
| | ആകെ | | | | 20120.00 |

ഒരു കെട്ടിടത്തിന് രണ്ടോ അതിലധികമോ ഉപയോഗങ്ങൾ ഒരേ സമയം ബാധകമാകുമ്പോൾ മാത്രമാണ് പ്രസ്തുത കെട്ടിടത്തിന്റെ അതാത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കാൻ നിഷ്കർഷിച്ചിട്ടുള്ളത്. പ്രസ്തുത കെട്ടിടങ്ങൾ ഒരേ കെട്ടിട ഉടമയുടെ പേരിലും ഒരേ ഉപയോഗക്രമത്തിലും ഉൾപ്പെട്ടതിനാൽ ഇതിനെ ഒന്നിച്ചുള്ള വാണിജ്യാവശ്യമായി കണക്കാക്കി കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി നിരക്ക് പ്രകാരം വസ്തുനികുതി തുക ഈടാക്കേണ്ടതാണ്.

പ്രസ്തുത കെട്ടിടങ്ങളുടെ വാർഷിക വസ്തു നികുതി ഈടാക്കിയതിൽ 20,120/- രൂപയുടെ കുറവ് വന്നിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 23.02.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 41 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് തുക ഈടാക്കുന്നതിനും സമാന രീതിയിൽ ഇത്തരത്തിലുള്ള മറ്റ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-54 ഉപയോഗ ക്രമമനുസരിച്ച് വസ്തുനികുതി പുനർ നിർണ്ണയിക്കാത്തത്

പെരുമ്പാവൂർ നഗരസഭയിൽ 21/940 കെട്ടിട നമ്പരിൽ പ്രവർത്തിക്കുന്ന "വിവിദ് ഡയഗ്നോസ്റ്റിക് സെന്റർ" എന്ന വാണിജ്യ സ്ഥാപനം സഞ്ചയ പ്രകാരം സിസ്റ്റർ മരിയന്ന എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ 20 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണമുള്ള പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്. 2021-22 സാമ്പത്തിക വർഷത്തിൽ ടി സ്ഥാപനത്തിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതിന്റെ വിവരം സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിക്കാതെയാണ് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിൽ വാണിജ്യാവശ്യത്തിനുള്ള സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ മറ്റ് ഉപയോഗ ക്രമത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതി വരുമാനത്തിൽ കുറവ് വരുന്നതിന് കാരണമാകുന്നുണ്ട്. നിലവിൽ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങൾ ശരിയായ ഉപയോഗ ക്രമത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് നഗരസഭ പോസ്റ്റ് ഒക്യുപ്പെൻസി ഓഡിറ്റ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും പ്രസ്തുത കെട്ടിടത്തിന്റെ നിലവിലെ ഉപയോഗ ക്രമം സംബന്ധിച്ച് പരിശോധന നടത്തി ആയതിന്റെ വിവരവും ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി 23.02.2023 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 43 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിച്ച് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പോസ്റ്റ് ഒക്യുപ്പെൻസി ഓഡിറ്റ് നടത്തി സമാന രീതിയിൽ മറ്റ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ കണ്ടെത്തുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-55 വാർഷിക വസ്തു നികുതി തുക ഈടാക്കിയതിൽ കുറവ്

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 6 പട്ടിക 2 പ്രകാരം കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗമായിട്ടുള്ള റോഡിന്റെ വീതി അഞ്ചു മീറ്ററോ അതിൽ കൂടതലോ ആണെങ്കിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് കണക്കാക്കേണ്ടതുണ്ട്. എന്നാൽ താഴെപ്പറയുന്ന പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയ പ്രകാരം കെട്ടിട നമ്പർ

നല്കിയിട്ടുള്ളത് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് കണക്കാക്കാതെയാണ്. കെട്ടിട നമ്പർ അനുവദിക്കുന്നതിനായി കെട്ടിട ഉടമ വസ്തുനികുതി റിട്ടേണിനോടൊപ്പം (ഫോറം 2) ഹാജരാക്കിയിരിക്കുന്ന കംപ്ലീഷൻ പ്ലാനിൽ കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗം രേഖപ്പെടുത്തിയിരിക്കുന്ന റോഡിന്റെ വീതി 5 മീറ്ററാണ്. തെറ്റായ രീതിയിൽ വസ്തുനികുതി നിർണ്ണയം നടത്തിയതു കാരണം നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതി തുകയിൽ 925/- രൂപയുടെ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം ഭാഗം 2, ഖണ്ഡിക 2-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-56 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് പുതുക്കാത്തത്

ഓഡിറ്റ് വർഷം നഗരസഭ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമായി ലൈസൻസ് അനുവദിച്ചതും പുതുക്കി നൽകിയതുമായ സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ പരിശോധിച്ചതിൽ ലൈസൻസ് പുതുക്കാത്തതായി കണ്ടെത്തിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് 17.01.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം. 32 പ്രകാരം സെക്രട്ടറിക്ക് നൽകുകയും, പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയവയാണെങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ ഇതു സംബന്ധിച്ച മറുപടി നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ടി ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ ലൈസൻസ് സംബന്ധിച്ച രേഖകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം, സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ അനുബന്ധം 6 ആയി ഈ റിപ്പോർട്ടിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-57 ചെയ്യാത്ത ഇനം പ്രവൃത്തിക്ക് 41740.00 രൂപ നൽകി

വാർഡ് 14 പട്ടാൽ ആർ.ടി ലൈയിൻ റോഡ് / അക്വഡേറ്റ് ബൈലൈൻ കാവ് റോഡ് ഐറിഷ് ഡ്രെയിൻ എന്ന പ്രൊജക്ടിൽ ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.39/തീ.23.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെയ്യാത്ത ഇനം പ്രവൃത്തിക്ക് തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല. അധികം നൽകിയ തുകയായ 41740.00 രൂപ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദ വിവരം ഭാഗം 3 ൽ ഖണ്ഡിക 3-2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-58 മരണപ്പെട്ടവരുടെ വിവരങ്ങൾ മറ്റു തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയില്ല

ധനകാര്യ (എസ്.എഫ്.സി. ബി) വകുപ്പിന്റെ 02.08.2021 ലെ 63/2021/ധന നമ്പർ സർക്കുലർ ഖണ്ഡിക 2(1) പ്രകാരം പ്രാദേശിക സർക്കാരിൽ അതാതു മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10 -ാം തീയതിക്കു മുമ്പ് അറിയിക്കേണ്ടതും , ആയത് പരിശോധിച്ച് മരണപ്പെട്ട /അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഉപഭോക്തൃ ലിസ്റ്റിൽ നിന്നും സമയ ബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്. പെരുമ്പാവൂർ നഗരസഭയിൽ 2021-22 വർഷം രജിസ്റ്റർ ചെയ്തിട്ടുള്ളതും മറ്റു തദ്ദേശ സ്ഥാപനത്തിൽ സ്ഥിര താമസമാക്കിയവരുടെ മരണങ്ങളിൽ ക്ഷേമ പെൻഷൻ ഉപഭോക്തൃ ലിസ്റ്റിൽ ഇപ്പോഴും ആക്ടീവ് സ്റ്റാറ്റസിൽ തുടരുന്നതും, പെൻഷൻ തുക വിതരണം ചെയ്യപ്പെട്ടുവരുന്നതുമായ ചുവടെ ചേർത്തിരിക്കുന്ന വ്യക്തികളുടെ മരണങ്ങൾ യഥാസമയം അതാതു തദ്ദേശ സ്ഥാപനത്തിൽ അറിയിച്ചില്ലായെന്നതിന്റെ തെളിവാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| നം. | പേര്/ആധാർ നം. | സ്ഥിര താമസമാക്കിയിട്ടുള്ള തദ്ദേശ സ്ഥാപനം (പഞ്ചായത്ത് /നഗരസഭ) | മരണപ്പെട്ട തീയതി | മരണം രജിസ്റ്റർ ചെയ്യപ്പെട്ട തീയതി | പെൻഷൻ വിഭാഗം |
|---|---|---|---|---|---|
| 1 | മരയ്ക്കാർ എൻ.എ. (581831604976) | വെങ്ങോല | 18.04.2021 | 28.04.2021 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |

| | | | | | |
|---|---|---|---|---|---|
| 2 | എം.സി.ജോർജ് (607554906667) | രായമംഗലം | 29.06.2021 | 12.07.2021 | ,, |
| 3 | വേലായുധൻ ടി.വി. (718464521564) | രായമംഗലം | 05.07.2021 | 12.07.2021 | ,, |
| 4 | രാധാകൃഷ്ണൻ കെ.എൻ. (599185600586) | രായമംഗലം | 05.07.2021 | 12.07.2021 | ,, |
| 5 | വർഗീസ് എം.എം. (356632152779) | മലയാറ്റൂർ നീലീശ്വരം | 05.07.2021 | 12.07.2021 | ,, |
| 6 | ഐഷ (435839137640) | വെങ്ങോല | 06.07.2021 | 23.07.2021 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ |
| 7 | രാമകൃഷ്ണൻ ടി.കെ. (950557479680) | - | 14.07.2021 | 03.08.2021 | കർഷക തൊഴി ലാളി പെൻഷൻ |
| 8 | ജി.ഒ. പൌലോസ് (709596882024) | മലയാറ്റൂർ നീലീശ്വരം | 30.07.2021 | 16.08.2021 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ |
| 9 | മൂസ (643493250266) | വാഴക്കുളം | 04.08.2021 | 16.08.2021 | ,, |
| 10 | ചാക്ക പൈലി (846294284562) | ഒക്കൽ | 15.08.2021 | 06.09.2021 | 1.ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ 2.കർഷക തൊഴിലാളി പെൻഷൻ |
| 11 | മൌല ടി.എ. (696105794917) | ഒക്കൽ | 14.04.2021 | 04.05.2021 | ഇന്ദിരാഗാന്ധി ദേശീയവാർദ്ധ ക്യകാല പെൻഷൻ |
| 12 | തങ്കമ്മ ഗോപാലൻ (392112605385) | വെങ്ങോല | 28.04.2021 | 05.05.2021 | ഇന്ദിരാഗാന്ധി ദേശീയവിധവ പെൻഷൻ സ്കീം |
| 13 | ത്രേസ്യാമ്മ (431334473371) | ശ്രീമൂലനഗരം | 25.04.2021 | 11.05.2021 | ,, |
| 14 | ഔസേഫ് (722958198297) | മലയാറ്റൂർ നീലീശ്വരം | 20.05.2021 | 26.05.2021 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ |
| 15 | ചാക്കപ്പൻസി. വി. (843681007103) | മുടക്കുഴ | 14.06.2021 | 25.06.2021 | 1.ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ 2.കർഷക തൊഴിലാളി പെൻഷൻ |
| 16 | കാർത്ത്യായനി കാർത്തികേയൻ (428948082228) | അശമന്നൂർ | 01.09.2021 | 10.09.2021 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം |
| 17 | മൈക്കിൾ എ. എക്സ്. (791923538105) | കാഞ്ഞൂർ | 28.09.2021 | 11.102021 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ |
| 18 | ഔസേഫ് (983245085338) | കുവപ്പടി | 20.10.2021 | 02.11.2021 | ,, |
| 19 | ചാക്കോ വി.ഒ. (881867498457) | കുവപ്പടി | 21.10.2021 | 02.11.2021 | ,, |

| | | | | | |
|---|---|---|---|---|---|
| 20 | തങ്കമണി പത്മനാഭൻ നായർ | കവളങ്ങാട് | 31.10.2021 | 20.11.2021 | ,, |

മേൽ വിവരിച്ചിരിക്കുന്ന മരണപ്പെട്ട വ്യക്തികളുടെ വിവരങ്ങൾ യഥാസമയം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ അറിയിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.33 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1-59 പി.എം.എ.വൈ -ലൈഫ് (നഗരം)പദ്ധതി അവലോകനം

ഭാരതത്തിന്റെ 75 -ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന 2022 ൽ എല്ലാവർക്കും ഭവനം ലഭ്യമാക്കണം എന്ന ലക്ഷ്യത്തോടെ 2015-16 കാലയളവിൽ കേന്ദ്രസർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന ( പി.എം.എ .വൈ ) . സംസ്ഥാന സർക്കാർ ഭവന പദ്ധതിയായ ലൈഫ് പദ്ധതിയുമായി പി.എം.എ.വൈ. (നഗരം)പദ്ധതി സംയോജിപ്പിച്ചാണ് നഗരസഭയിൽ നടപ്പാക്കുന്നത്. നഗരസഭയിലെ പി.എം.എ.വൈ. ലൈഫ് പദ്ധതിയുടെ അവലോകന റിപ്പോർട്ട് താഴെ ചേർക്കുന്നു.

നഗരസഭാ പ്രദേശത്ത് നടത്തിയ ഡിമാന്റ് സർവ്വേയിൽ കണ്ടെത്തിയ ഗുണഭോക്താക്കളുടെ എണ്ണം താഴെക്കാണും വിധമാണ്

| ഘടകം | എണ്ണം |
|---|---|
| ക്രെഡിറ്റ് ലിങ്ക് സബ്സിഡി സ്കീം | 62 |
| ഗുണഭോക്തൃ കേന്ദ്രീകൃത സ്കീം | 262 |

ഗുണഭോക്തൃ കേന്ദ്രീകൃത നിർമ്മാണ ഘടകത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പദ്ധതിയാണ് നഗരസഭയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഈ സ്കീമിലെ 8 ഡി.പി. ആർ ഇതുവരെ

അംഗീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാറ്റഗറി | ഡി. പി. ആർ വിശദാംശം | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | DP R1 | DP R2 | DP R3 | DP R4 | DP R5 | DP R6 | DP R7 | DP R8 | |
| ജനറൽ | 9 | 10 | - | 5 | 7 | - | 4 | 4 | 39 |
| എസ്.റ്റി | 7 | 8 | 2 | 8 | 8 | 7 | 5 | 2 | 47 |
| ഒ.ബി.സി | 38 | 21 | 4 | 20 | 39 | 15 | 12 | 27 | 176 |
| ആകെ | 54 | 39 | 6 | 33 | 54 | 22 | 21 | 33 | 262 |

ഈ ഭവനപദ്ധതിയുടെ പ്രോജക്റ്റ് കോസ്റ്റ് താഴെ വിശകലനം ചെയ്യുന്നു (തുക ലക്ഷത്തിൽ )

| ഫണ്ട് | ഡി. പി.ആർ വിശദാംശം | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | DP R1 | DP R2 | DP R3 | DP R4 | DP R5 | DP R6 | DP R7 | DP R8 | ആകെ |
| കേന്ദ്രം | 81 | 58.5 | 9 | 49.5 | 81 | 33 | 31.5 | 49.5 | 393 |
| സംസ്ഥാനം | 27 | 19.5 | 3 | 16.5 | 27 | 11 | 10.5 | 16.5 | 131 |
| നഗരസഭ | 108 | 78 | 12 | 66 | 108 | 44 | 42 | 66 | 524 |
| ആകെ | 216 | 156 | 24 | 132 | 216 | 88 | 84 | 132 | 1048 |

പദ്ധതിയുടെ നിർവ്വഹണപുരോഗതി താഴെ ചേർക്കുന്നു.

| ഡി. പി. ആർ വിവരം | അംഗീകരിച്ച എണ്ണം | പെർമിറ്റ് അനുവദിച്ചത് | എഗ്രിമെന്റ് വച്ചത് | ഒന്നാം ഗഡു അനുവദിച്ചത് | രണ്ടാം ഗഡു അനുവദിച്ചത് | മൂന്നാം ഗഡു അനുവദിച്ചത് | ഭവന നിർമ്മാണം പൂർത്തീകരിച്ചവർ | ആകെ ചെലവ് (ലക്ഷത്തിൽ) |
|---|---|---|---|---|---|---|---|---|
| ഫേസ് 1 | 54 | 54 | 54 | 54 | 53 | 52 | 52 | |
| ചെലവ് | - | - | - | 21.6 | 84.8 | 83.2 | 20.8 | 210.4 |
| ഫേസ് 2 | 39 | 39 | 39 | 39 | 39 | 38 | 35 | |
| ചെലവ് | - | - | - | 15.6 | 62.4 | 60.8 | 14 | 152.8 |
| ഫേസ് 3 | 6 | 6 | 6 | 6 | 6 | 6 | 6 | |
| ചെലവ് | - | - | - | 2.4 | 9.6 | 9.6 | 2.4 | 24 |
| ഫേസ് 4 | 33 | 33 | 33 | 33 | 33 | 32 | 29 | |
| ചെലവ് | - | - | - | 11.6 | 46.4 | 44.8 | 10 | 112.8 |
| ഫേസ് 5 | 54 | 52 | 52 | 52 | 49 | 45 | 37 | |
| ചെലവ് | - | - | - | 20.8 | 78.4 | 72 | 14.8 | 186 |
| ഫേസ് 6 | 22 | 19 | 18 | 18 | 10 | 6 | - | |
| ചെലവ് | - | - | - | 7.2 | 16 | 9.6 | - | 32.8 |
| ഫേസ് 7 | 21 | 14 | 13 | 13 | 10 | 5 | - | |
| ചെലവ് | - | - | - | 5.2 | 16 | 8 | - | 29.2 |
| ഫേസ് 8 | 33 | 19 | 13 | - | - | - | - | - |
| ചെലവ് | - | - | - | - | - | - | - | - |
| ആകെ ചെലവ് | | | | 84.4 | 313.6 | 288 | 62 | 748 |

പി.എം.എ.വൈ ലൈഫ് പദ്ധതിയുടെ 31.03.2022 ലെ അവസ്ഥാ റിപ്പോർട്ട് താഴെ ചേർക്കുന്നു.

| നിലവിലെ അവസ്ഥ | ഡി. പി. ആർ വിശദാംശം | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | ആകെ |
| പൂർത്തീകരിച്ചത് | 52 | 35 | 6 | 29 | 37 | – | – | – | 159 |
| 3 ഗഡു | – | 3 | – | 3 | 8 | 6 | 5 | – | 25 |
| 2 ഗഡു | 1 | 1 | – | 1 | 4 | 4 | 5 | – | 16 |
| 1 ഗഡു | 1 | – | – | – | 3 | 8 | 3 | – | 15 |
| ആരംഭിക്കാത്തത് | – | – | – | – | 2 | 4 | 8 | 33 | 47 |
| ആകെ | 54 | 39 | 6 | 33 | 54 | 22 | 21 | 33 | 262 |

ഈ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ 159 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. 56 പേരുടെ നിർമ്മാണ പ്രവൃത്തി വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. അവശേഷിക്കുന്ന 47 പേരിൽ 21 പേർക്ക് പെർമിറ്റ് ലഭ്യമായിട്ടുണ്ട്. 26 പേർ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. ഈ പദ്ധതിക്കായി നഗരസഭയ്ക്ക് ഹഡ്കോയിൽ നിന്ന് 96 ലക്ഷം രൂപ വായ്പ ലഭിച്ചിട്ടുണ്ട്. 2022 മാർച്ച് 31 ന് അവസാനിക്കേണ്ട പദ്ധതിയുടെ കാലാവധി 2024 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

## 1-60 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതിലെ അപാകതകൾ

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം II ചട്ടം 26 പ്രകാരം മൊത്തം കെട്ടിടത്തിന് ആവശ്യമായ കുറഞ്ഞ തുറസ്സായ സ്ഥലങ്ങൾ (സെറ്റ് ബാക്കുകൾ) ഭൂനിരപ്പ് നിലയിൽ തന്നെ നൽകേണ്ടതാണ്. ചട്ടം 26 പട്ടിക 4 പ്രകാരം ഏത് വിസ്തൃതിയിലുള്ള ഗണം A1 കെട്ടിടങ്ങൾക്കും 200 ച.മീറ്ററിൽ കൂടാത്ത ഗണം F കെട്ടിടങ്ങൾക്കും പുറകുവശത്ത് (Rear Side) ആവശ്യമായ കുറഞ്ഞ തുറസ്സായ സ്ഥലങ്ങൾ (സെറ്റ് ബാക്കുകൾ) 1.5 മീറ്ററാണ്.

ഡോ. വെൽവിൻ കെ. ഏലിയാസ്, കണക്കമ്മാക്കുടി ഇരിങ്ങോൾ പി.ഒ എന്ന വ്യക്തിക്ക് (പെരുമ്പാവൂർ വില്ലേജിൽ റീസർവ്വേ നമ്പർ 27 സ്ഥലത്ത്) 540.17 ച.മീറ്റർ (ബിൽഡ് അപ് ഏരിയ) വാണിജ്യം & പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിനായി പെരുമ്പാവൂർ മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ 29.11.2021-ലെ PW2-10729/2021 (BA-55/21-22) നമ്പർ പ്രകാരം ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത് പുറകുവശത്ത് ആവശ്യമായ സെറ്റ് ബാക്കായ 1.5 മീറ്റർ സ്ഥലം ഇല്ലാതെയാണ്. അപ്പന്റിക്സ് A1 അപേക്ഷ ഫോറത്തോടൊപ്പം ഹാജരാക്കിയിട്ടുള്ള കെട്ടിടത്തിന്റെ പ്ലാനിൽ പുറകുവശത്തെ സെറ്റ് ബാക്ക് 1.2 മീറ്റർ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ഓവർസിയർ (PWO-III) സർവ്വേ സ്കെച്ചും സൈറ്റ് പ്ലാനും പരിശോധിച്ച് പുറകുവശത്തെ സെറ്റ് ബാക്ക് 1.2 മീറ്ററാണ് എന്ന് 16.11.2021 ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അനുവദിച്ചിട്ടുള്ള ബിൽഡിംഗ് പെർമിറ്റിൽ പുറകുവശത്തെ സെറ്റ് ബാക്ക് 1.2 മീറ്റർ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

കെട്ടിടത്തിന്റെ പുറകുവശത്ത് ആവശ്യമായ സെറ്റ് ബാക്ക് 1.5 മീറ്ററായിരിക്കെ 1.2 മീറ്റർ സെറ്റ് ബാക്കുള്ള കെട്ടിടത്തിന് ചട്ടങ്ങൾക്ക് വിരുദ്ധമായി ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 23.02.2023-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 45 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ട പ്രകാരമുള്ള പരിശോധനകൾ നടത്താതെ തെറ്റായി കെട്ടിട നിർമ്മാണ അനുമതി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-61 അനുബന്ധ രേഖകൾ ഹാജരാക്കാതെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം II ചട്ടം 5 ഉപചട്ടം (4) ലെ ക്രമനമ്പർ 13 പ്രകാരം ഗ്രൂപ്പ് A1, F ഒക്യുപൻസിയിൽപ്പെട്ട നിർമ്മിതി വിസ്തൃതി 300 ച.മീറ്ററിൽ കൂടുതലാണെങ്കിൽ അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ കെട്ടിട നിർമ്മാണത്തിൽ പാലിച്ചിട്ടുണ്ടെന്ന്

അപ്പന്റിക്സ് L ൽ പ്ലാൻ തയ്യാറാക്കിയ എഞ്ചിനീയറുടെ സാക്ഷ്യപത്രം സഹിതം അപേക്ഷകന്റെ സ്വയം സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും പകർപ്പ് അടുത്തുള്ള ഫയർ സ്റ്റേഷനിൽ അറിവിലേക്കായി സമർപ്പിക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന 300 ചതുരശ്ര മീറ്ററിൽ കൂടുതൽ നിർമ്മിതി വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിരിക്കുന്നത് അപ്പന്റിക്സ് A1 ഫോറത്തോടൊപ്പം അപ്പന്റിക്സ് L ലുള്ള അപേക്ഷകന്റെ സ്വയം സാക്ഷ്യപത്രം ഹാജരാക്കാതെയാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽഡിംഗ് പെർമിറ്റ് നമ്പർ, തീയതി, | ആകെ നിർമ്മിത വിസ്തൃതി, കെട്ടിടത്തിന്റെ ഉപയോഗ ക്രമം | പേര്, മേൽവിലാസം |
|---|---|---|---|
| 1 | BA-262/2013-14 (PW2-455/14), 05.11.2021 | 524.89 ച.മീറ്റർ, പാർപ്പിടാവശ്യം & വാണിജ്യം | ശ്രീ. പൗലോസ്, പാത്തിക്കൽ, പെരുമ്പാവൂർ പി.ഒ. |
| 2 | PW2-9400/21 (BA-35/2021-22), 25.09.2021 | 381.62 ച.മീറ്റർ, വാണിജ്യം | ശ്രീമതി. റിനി സി.വി, ശ്രീവിലാസത്ത്, പെരുമ്പാവൂർ പി.ഒ. |
| 3 | RA-13/21-22 (PW2-79861/21), 13.07.2021 | 563.94 ച.മീറ്റർ, പാർപ്പിടാവശ്യം | ശ്രീ. ആഷിം എ.കെ, അമ്പാടൻ, വല്ലം, റയോൺപുരം. പി.ഒ |

അനുബന്ധ രേഖകൾ ഹാജരാക്കാതെ പ്രസ്തുത കെട്ടിടങ്ങൾക്ക് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 23.02.2023 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 47 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിട ഉടമസ്ഥരിൽ നിന്ന് അപ്പന്റിക്സ് L ലുള്ള സാക്ഷ്യപത്രം ലഭ്യമാക്കുവാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-62 റെഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ്

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം XX അനുമതിയില്ലാത്ത നിർമ്മാണങ്ങളുടെയും വ്യതിയാനങ്ങളുടെയും ക്രമവത്കരണം ചട്ടം 95 പ്രകാരം ക്രമവത്കരണം അനുവദിക്കാവുന്ന കെട്ടിടങ്ങൾക്ക് രാജിയാക്കൽ ഫീസ് ഈടാക്കി അനുമതി നൽകാവുന്നതാണ്. എന്നാൽ ശ്രീമതി. സുമീത് പ്രീത, കീഴ്പറമ്പിൽ, ഇരിങ്ങോൾ എന്ന വ്യക്തിയിൽ നിന്നും ക്രമവത്ക്കരണ ഫീസ് ഈടാക്കിയിട്ടുള്ളതിൽ 1095/- രൂപയുടെ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം ഭാഗം-2, ഖണ്ഡിക 2-4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-63 ഒറ്റ തവണ കെട്ടിട നികുതി അടവാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ച രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ 09.07.2015 ലെ സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ പെരുമ്പാവൂർ നഗരസഭയിൽ 2021-22 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ച രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ സ്വീകരിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചിരിക്കുന്നത് . വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | തറ വിസ്തീർണ്ണം (ച.മീറ്റർ), കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 23/266 B,C,D,E | ശ്രീ. രാജേഷ് ജി & ധനലക്ഷമി, വെങ്കിടേശ്വര ഹൗസ്, കടുവാൾ, പെരുമ്പാവൂർ പി.ഒ | 212.13<br>വാണിജ്യം |
| 2 | 8/311 A,B,C,D | ശ്രീ. റിയാസ് മുഹമ്മദ്, പുത്തിരി, ഒക്കൽ പി.ഒ | 577.17<br>വാണിജ്യം |

സർക്കാർ ഉത്തരവിന് വിരുദ്ധമായി മുകളിൽ സൂചിപ്പിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 23.02.2023 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 44 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് നികുതി അടവാക്കിയതിന്റെ രസീത് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-64 സേവന പുസ്തക പരിശോധന

രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി 22.01.2002 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ കെ.പി. സുബൈറിന്റെ ( നിലവിൽ ഹെൽത്ത് സൂപ്പർവൈസർ) ഇതുവരെയുള്ള ശമ്പള നിർണ്ണയങ്ങൾക്കൊന്നും ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. സേവന പുസ്തക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു

1. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി 22.01.2002 ൽ സേവനത്തിൽ പ്രവേശിച്ചു. 01.01.2003 ൽ ആദ്യ ഇൻക്രിമെന്റ് അനുവദിച്ചു. രണ്ടാം ഇൻക്രിമെന്റ് പ്രൊബേഷൻ പൂർത്തീകരിക്കുന്ന 16.02.2004 ൽ അനുവദിക്കുന്നതിനു പകരം 01.01.2004 ൽ അനുവദിച്ചിട്ടുണ്ട്. 01.01.2004 മുതൽ 15.02.2004 വരെ അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

2. ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആയി 19.01.2009 ൽ സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ റൂൾ 28 എ യുടെ ഓപ്ഷൻ എ അനുസരിച്ചാണ് ശമ്പളം നിജപ്പെടുത്തിയിരിക്കുന്നത്. എ ഓപ്ഷനിൽ ശമ്പളം നിജപ്പെടുത്തിയാൽ ഒരു വർഷം പൂർത്തീകരിച്ച് 01.01.2010 ലാണ് അടുത്ത ഇൻക്രിമെന്റ് അനുവദിക്കേണ്ടത്. എന്നാൽ ബി ഓപ്ഷനിലേതു പോലെ ലോവർ തസ്തികയുടെ ഇൻക്രിമെന്റ് തീയതിയായ 01.06.2009 ൽ ഇൻക്രിമെന്റ് അനുവദിച്ചിട്ടുണ്ട്. കെ.എസ്.ആർ ഭാഗം 1, റൂൾ 33 ബി (1) അനുസരിച്ച് ഇത് അനുവദനീയമല്ല. ആയതിനാൽ 2009, 2014 ശമ്പളപരിഷ്കരണങ്ങളിൽ ഒരു സ്റ്റേജ് മുകളിലായാണ് ശമ്പളം നിജപ്പെടുത്തി നൽകിയിരിക്കുന്നത്.

3. വിദേശത്തു ജോലി ചെയ്യു 11.07.2006 മുതൽ 28.12.2008 വരെയുള്ള ശൂന്യവേതനാവധി കാലയളവിന് അർദ്ധ വേതനാവധി കണക്കാക്കിയിട്ടുണ്ട്. ഇത് അനുവദനീയമല്ല.

4. 16.05.2017 മുതൽ 22.02.2018 വരെയുള്ള സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിക്കാനും ഒരു ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെയല്ലാതെ മൂന്നു മാസത്തേയ്ക്കു തടയാനും നിർദ്ദേശിച്ചുകൊണ്ട് അച്ചടക്കനടപടികൾ അവസാനിപ്പിച്ചെങ്കിലും ഇതനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. 01.07.2017-ൽ അനുവദിക്കേണ്ട ഇൻക്രിമെന്റ് , ഇൻക്രിമെന്റ് ബാർ കാലയളവിനു ശേഷം അനുവദിച്ചിട്ടില്ല. ഇതു മൂലം പിന്നീടുള്ള ഉദ്യോഗക്കയറ്റം, ശമ്പളപരിഷ്കരണം എന്നിവയുടെ ശമ്പള നിർണ്ണയങ്ങൾ ശരിയായ വിധത്തിലല്ല നടത്തിയിരിക്കുന്നത്.

മേൽ അപാകതകൾ പരിഹരിക്കുന്നതിന് 21.02.2022 ൽ നഗരസഭയ്ക്ക് കെ .എസ്.എ - പി.ബി .എം - എ3/53/2022 പ്രകാരം നൽകിയ കത്തിന് 04.05.2022 ൽ നഗരസഭ മറുപടി (ജി1/4733/21) നൽകിയിരുന്നു. എന്നാൽ അപാകതകൾ പരിഹരിച്ച് സേവനപുസ്തകം പിന്നീട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

## 1-65 ദുരിതാശ്വാസ നിധി

1994 ലെ കേരള മുനിസിപ്പൽ നിയമം 565 -ാം വകുപ്പിലെ ഒന്നാം ഉപ വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ രൂപീകരിച്ച 2003 ലെ (കേരള മുനിസിപ്പാലിറ്റി ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങൾക്കനുസൃതമായി രൂപീകരിച്ച ദുരിതാശ്വാസ നിധിയുടെ (അക്കൗണ്ട് നം.8876 പെരുമ്പാവൂർ അർബൻ കോ- ഓപ്പറേറ്റീവ് ബാങ്ക്) 2021-22 വർഷത്തെ വരവുചെലവു വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരുപ്പ് | 47634.00 |
| വരവ് | 134184.00 (2684/- രൂപ പലിശ) |
| ആകെ | 181818.00 |
| ചെലവ് | 131000.00 |
| നീക്കിയിരുപ്പ് | 50818.00 |

മേൽ ചട്ടങ്ങളിലെ 5 -ാം ചട്ടത്തിൽ അനുശാസിക്കുന്ന പ്രകാരം രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നുണ്ട്. ദുരിതാശ്വാസ നിധിയുടെ ധന സമാഹരണവും വിനിയോഗവും ചട്ടങ്ങളിലെ നിർദ്ദേശങ്ങൾക്ക് അനുസൃതവുമാണ്. തൻവർഷം 14 പേർക്ക് ദുരിതാശ്വാസ നിധിയിൽനിന്ന് സഹായം അനുവദിച്ചിട്ടുണ്ട്.

## 1-66 പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 563 എ വകുപ്പിനോട് 565 -ാം വകുപ്പ് കൂട്ടി വായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് രൂപീകരിച്ച 2000 ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 3 (1) അനുസരിച്ച് പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു കൗൺസിൽ രൂപീകരിക്കപ്പെട്ടതിനു ശേഷം കഴിയുന്നതും നേരത്തെ എന്നാൽ ആറു മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ കൗൺസിൽ യോഗം ചേർന്ന് മുനിസിപ്പാലിറ്റിക്ക്, മുനിസിപ്പൽ പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും അത്തരം ഒരു സേവനം ലഭ്യമാകുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും പ്രസ്തുത സേവനം ലഭ്യമാക്കുന്നത് എന്തെല്ലാം വ്യവസ്ഥകൾക്കു വിധേയമായിരിക്കണമെന്നും പ്രസ്തുത സേവനം ലഭ്യമാക്കുന്നതിനുള്ള സമയ പരിധി എത്രയായിരിക്കണമെന്നും ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതും ഈ സേവനങ്ങളുടെ വിവരം ചട്ടം 7 ൽ പറയുന്ന പൗരാവകാശ രേഖ എന്ന പേരിൽ തയ്യാറാക്കി ചട്ടം 4 ൽ പറയുന്ന പ്രകാരം പ്രസിദ്ധീകരിക്കേണ്ടതുമാണ്. ഇപ്രകാരം പ്രസിദ്ധീകരിച്ച പൗരാവകാശ രേഖ വർഷത്തിലൊരിക്കൽ കൗൺസിൽ ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യണം. പുതിയ ഭരണസമിതി അധികാരത്തിൽ വന്നിട്ട് രണ്ടു വർഷം തികഞ്ഞെങ്കിലും പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല. വിവര ശേഖരണം നടത്തി കരട് തയ്യാറാക്കുകയാണെന്നും കാലികമായ മാറ്റങ്ങൾ വരുത്തി അടിയന്തിരമായി പ്രസിദ്ധീകരിക്കുമെന്നും നഗരസഭ അറിയിച്ചിട്ടുണ്ട്.

## 1-67 തൊഴിൽ നികുതി -ഈടാക്കിയതിൽ കുറവ്

തൊഴിൽ നികുതി (ജീവനക്കാരുടെ) ഈടാക്കിയതിലെ അപാകതകൾ ഭാഗം 2, ഖണ്ഡിക 2-1 ൽ വിശദീകരിച്ചിട്ടുണ്ട്.

## 1-68 ശോചനീയാവസ്ഥയിൽ സ്കൂൾ കെട്ടിടം-തുടർ നടപടികൾ വൈകുന്നു

ഫയൽ നം. പി ഡബ്ലിയു 3- 8490/21

നഗരസഭയ്ക്കു കൈമാറിക്കിട്ടിയ സ്ഥാപനമായ ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിന്റെ ചില കെട്ടിടങ്ങൾ ശോചനീയാവസ്ഥയിലായതിനാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാത്തതാണെന്നും ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം ചരിഞ്ഞ അവസ്ഥയിലാണെന്നും ആയതിന്റെ കേടുപാടുകൾ ഉടനെ തീർത്ത് ഉപയോഗയോഗ്യമാക്കണമെന്നും ഈ പ്രവൃത്തികൾക്ക് കാലതാമസം നേരിട്ടാൽ വലിയ

ദുരന്തങ്ങൾക്ക് കാരണമാകുമെന്നും വാർഡ് കൗൺസിലർ 29.06.2021 ലെ കത്തിലൂടെ നഗരസഭയെ അറിയിച്ചിട്ടുണ്ട്. റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഫയൽ 12.07.2021 ൽ ഓവർസിയർക്ക് നൽകിയെങ്കിലും തുടർ നടപടി സ്വീകരിച്ചില്ല. 8.10.2021 ൽ അസിസ്റ്റന്റ് എഞ്ചിനിയർ 3,21,808/- രൂപയുടെ സർവ്വെ റിപ്പോർട്ട് തയ്യാറാക്കുകയും 12.10.2021 ൽ ചേർന്ന കൗൺസിൽ യോഗം 37 -ാം തീരുമാനപ്രകാരം സർവ്വെ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു. ലേലം നടത്തുന്നതിന് ഓവർസിയർ ശ്രീ പി.സി.സജീവനെ ചുമതലപ്പെടുത്തുകയും ഇതനുസരിച്ച് 16.11.2021 ൽ ലേലം നടത്തുകയും ചെയ്തു. ലേലത്തിൽ പങ്കെടുത്തവർ കൗൺസിൽ നിശ്ചയിച്ച തുകയിൽക്കൂട്ടി വിളിക്കാൻ തയ്യാറാകാത്തതിനാൽ ലഭിച്ച രണ്ട് ക്വട്ടേഷനിൽ കൂടിയ തുക ക്വോട്ട് ചെയ്ത ഷാജി എ.ഐ., അമ്പാടൻ എന്നയാളുടെ 4,40,000/- രൂപയുടെ ക്വട്ടേഷൻ കൗൺസിൽ അംഗീകാരത്തിനു വിധേയമായി താൽക്കാലികമായി സ്ഥിരപ്പെടുത്തി നൽകി. എന്നാൽ ലേലക്കാരനെക്കൊണ്ട് 1/3 തുക അടപ്പിച്ച് ലേലനടപടികൾ കൗൺസിലിൽ റിപ്പോർട്ട് ചെയ്ത് ലേലം സ്ഥിരപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയതിനാൽ ലേലം റദ്ദ് ചെയ്ത് പുനർലേലം നടത്തുന്നതിന് 28.12.2021 ലെ കൗൺസിൽ യോഗം തീരുമാനമെടുത്തു. (അഡീഷണൽ തീരുമാനം.5) കൗൺസിൽ തീരുമാനമനുസരിച്ച് 15.03.2022 ൽ നടന്ന ലേലം സർവ്വെ റിപ്പോർട്ടിലും കൂടിയ തുകയ്ക്ക് ആരും വിളിക്കാത്തതിനാൽ റദ്ദുചെയ്തു. 05.04.2022 ൽ വീണ്ടും ലേലം നടത്തിയെങ്കിലും തുക കൂട്ടി വിളിക്കുവാൻ ആരും തയ്യാറായില്ല. 3,60,000/- രൂപയുടെ ക്വട്ടേഷൻ ലഭിച്ചെങ്കിലും അതും സ്ഥിരപ്പെടുത്താൻ കഴിഞ്ഞില്ല. 11.11.2022 ലെ കൗൺസിൽ യോഗം വാല്യുവേഷൻ തുക അടിസ്ഥാനപ്പെടുത്തി ഓഫർ ക്ഷണിക്കുവാൻ തീരുമാനമെടുത്തു. (തീരുമാനം.8) പല തവണ ഓഫർ ക്ഷണിച്ചിട്ടും നഗരസഭ നിശ്ചയിച്ച തുക ലഭിക്കാത്തതിനാൽ ഈ വിഷയത്തിൽ ഇതുവരെ തുടർ നടപടിയുണ്ടായിട്ടില്ല. ഈ വിഷയത്തിൽ കുട്ടികളുടെ സുരക്ഷയ്ക്ക് കൂടി മുൻതൂക്കം കൊടുക്കുന്ന നിലപാട് പരിഗണിക്കാവുന്നതാണ്.

## 1-69 ഉപയോഗ ശൂന്യമായ തെരുവു വിളക്കുകളുടെ ലേല നടപടിയിൽ കാലതാമസം- നഗരസഭയ്ക്കു നഷ്ടം

ഫയൽ നം പി.ഡബ്ല്യു 3/9949/20

നഗരസഭയിൽ പുതിയ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്ന സമയത്ത് അഴിച്ചുമാറ്റിയ കേടായ സോഡിയം വേപ്പർ ലാമ്പുകൾ, ട്യൂബ് സെറ്റുകൾ, എൽ.ഇ.ഡി. ലൈറ്റുകൾ എന്നിവ അടിയന്തിരമായി ലേലം ചെയ്യുന്നതിന് 27.08.2020 ൽ നഗരസഭാ ചെയർപേഴ്സൺ നഗരസഭാ സെക്രട്ടറിക്ക് കത്തു നൽകി. കേടായ ലൈറ്റുകളുടെ എണ്ണം തിട്ടപ്പെടുത്തി വാല്യുവേഷൻ നിശ്ചയിച്ച് നൽകുന്നതിന് 08.09.2020 ൽ ഫയൽ അസിസ്റ്റന്റ് എഞ്ചിനിയർക്ക് കൈമാറി. നീണ്ട കാല താമസത്തിനുശേഷം 22.06.2021 ലാണ് എഞ്ചിനിയറിങ്ങ് വിഭാഗത്തിൽ നിന്ന് 94,000/- രൂപയുടെ വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കി നൽകിയത്. 30.07.2021 ൽ ചേർന്ന കൗൺസിലിന്റെ 11 -ാം തീരുമാന പ്രകാരം വാല്യുവേഷൻ റിപ്പോർട്ട് അംഗീകരിച്ചു. എഞ്ചിനിയറിങ്ങ് വിഭാഗത്തിൽ ലേല നടപടികൾ ആരംഭിക്കുകയും 09.09.2021 -ൽ ലേലം നടത്താൻ നിശ്ചയിക്കുകയും ചെയ്തു. ലേലത്തിന്റെ ചുമതലയേൽപ്പിച്ചിരുന്ന ഓവർസിയർ 08.09.2021 -ൽ ലേല വസ്തുക്കൾ സൂക്ഷിച്ചിരുന്ന നഗരസഭ വക വർക്കിങ്ങ് വിമൻസ് ഹോസ്റ്റൽ പരിശോധിക്കാനെത്തിയപ്പോൾ ഹോസ്റ്റലിന്റെ 9 മുറികളിലായി സൂക്ഷിച്ചിരുന്ന ലേല വസ്തുക്കളും കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ, ഫർണിച്ചറുകൾ, ഫാൾസ് സീലിങ്ങ് എന്നിവയും വാതിൽ തകർത്ത് മോഷ്ടിക്കപ്പെട്ടിട്ടുള്ളതായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഇതേ ഫയലിൽ 29.12.2020 ൽ നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ സമർപ്പിച്ച ഒരു റിപ്പോർട്ടും ചേർത്തിട്ടുണ്ട്. (പി. എച്ച്-2 14218/20) നഗരസഭാ ഹോസ്റ്റലിൽ സൂക്ഷിച്ചിരുന്ന കട്ടിൽ സാമൂഹ്യ വിരുദ്ധർ മോഷ്ടിച്ചുകൊണ്ടു പോകുന്നതായി 22 -ാം വാർഡ് അംഗൻവാടി ടീച്ചർ ഫോൺ മുഖേന അറിയിച്ച പ്രകാരം അന്വേഷണം നടത്തി റോഡിൽ ഉപേക്ഷിച്ചനിലയിൽ കണ്ടെത്തിയ കട്ടിൽ വീണ്ടെടുത്ത് നഗരസഭാ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ഹോസ്റ്റലിന്റെ ഓഫീസ് മുറിയിൽ സൂക്ഷിച്ചിട്ടുള്ള മറ്റു മൂന്നു കട്ടിലുകളും തെരുവുവിളക്കുകളുടെ സാമഗ്രികളും നഷ്ടപ്പെടാതെ തകർത്ത വാതിൽ പൂട്ടുന്നതിനും സാമൂഹ്യവിരുദ്ധ ശല്യം നിയന്ത്രിക്കുന്നതിന് പോലീസിന്റെ സഹായം ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ

സ്വീകരിക്കണമെന്നുമാണ് ഈ റിപ്പോർട്ടിലുള്ളത്. ഇതനുസരിച്ച് പെരുമ്പാവൂർ പോലീസിൽ 29.12.2020 ൽ നഗരസഭ പരാതി നൽകിയിട്ടുണ്ട്. ഹോസ്റ്റലിലെ വിലപിടിപ്പുള്ള സാധനങ്ങൾ കെട്ടുറപ്പുള്ള സുരക്ഷിതമായ സ്ഥലത്തേയ്ക്ക് മാറ്റി ഈ സ്ഥലം അടച്ചുറപ്പുള്ളതാക്കണമെന്നും പരാതി അന്വേഷിക്കുന്നതാണെന്നും ഈ പരാതിയുടെ മറുവശത്ത് അതേ തീയതിയിൽ പോലീസ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേത്തുടർന്ന് വാല്യുവേഷൻ റിപ്പോർട്ട് അടിയന്തിരമായി തയ്യാറാക്കി ലേലം നടത്തുവാൻ സെക്രട്ടറി 15.01.2021 ൽ നിർദ്ദേശിച്ചതിനെത്തുടർന്നാണ് ഈ ഫയലിൽ തുടർനടപടിയുണ്ടായത്. നഗരസഭാധ്യക്ഷ 27.08.2020 ൽ നൽകിയ നിർദ്ദേശത്തിന്മേൽ തുടർ നടപടി വൈകിപ്പിച്ചതും പോലീസിന്റെ മുന്നറിയിപ്പ് പരിഗണിക്കാത്തതും മൂലമാണ് നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന ഒരു വരുമാനം ഇല്ലാതായത്. മോഷണം സംബന്ധിച്ച് അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കണമെന്നറിയിച്ച് 08.09.2021 ൽ തന്നെ പോലീസിൽ പരാതി നൽകിയെങ്കിലും കുറ്റവാളികളെ കണ്ടെത്തി നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കാനുതകുന്ന തുടർ നടപടികളൊന്നും കൗൺസിൽ സ്വീകരിച്ചിട്ടില്ല. സമയബന്ധിതമായി തീരുമാനങ്ങൾ നടപ്പാക്കിയിരുന്നുവെങ്കിൽ ഇപ്രകാരം നഷ്ടം ഉണ്ടാകുമായിരുന്നില്ല. ഇത്തരത്തിലുള്ള കാര്യങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-70 നഗരസഭ വക ഹോസ്റ്റൽ ഉപയോഗമില്ലാതെ നശിക്കുന്നു

ഒരു കാലത്ത് വളരെ പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചിരുന്ന നഗരസഭാ ഹോസ്റ്റൽ ഇപ്പോൾ അടച്ചുപൂട്ടിയ അവസ്ഥയിലാണ്. 2011-12 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഈ കെട്ടിടത്തിനു മുകളിൽ ഷീറ്റു മേഞ്ഞ് സംരക്ഷിച്ചിട്ടുണ്ട്. കോടതി സമുച്ചയത്തിന്റെ നിർമ്മാണം നടക്കുന്ന സമയത്ത് അറ്റകുറ്റപ്പണി നടത്തി കോടതി താൽക്കാലികമായി ഇവിടെ പ്രവർത്തിച്ചിരുന്നു. എന്നാൽ കോടതി പുതിയ കെട്ടിടത്തിലേയ്ക്ക് മാറിയതിനുശേഷം ഹോസ്റ്റൽ ഒന്നിനും ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുകയാണ്.

നഗരസഭയുടെ പട്ടാൽ ഷോപ്പിങ്ങ് കോംപ്ലക്സ് മുറിയിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന പെരുമ്പാവൂർ ജോയിന്റ് ആർ.ടി.ഒ. ഓഫീസ് സ്ഥല പരിമിതി മൂലം ഏറെ അസൗകര്യം സൃഷ്ടിക്കുന്നതിനാൽ കോടതി പ്രവർത്തിച്ചിരുന്ന നഗരസഭ വക ഹോസ്റ്റൽ കെട്ടിടം ജോയിന്റ് ആർ.ടി.ഒ ഓഫീസ് പ്രവർത്തിക്കുന്നതിന് അനുവദിക്കണമെന്നപേക്ഷിച്ച് 19.09.2018 ൽ ജോയിന്റ് ആർ.ടി.ഒ. നഗരസഭയ്ക്ക് കത്തു നൽകിയിരുന്നു. എന്നാൽ നിലവിൽ ഹോസ്റ്റൽ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നഗരസഭ പുതിയ ഓഫീസ് മന്ദിരം പണിയുന്നതിനു തീരുമാനിച്ചിട്ടുള്ളതിനാൽ ഈ അപേക്ഷ പരിഗണിക്കേണ്ടതില്ലയെന്ന് കൗൺസിൽ തീരുമാനിച്ചു.

എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം താൽക്കാലികമായി പ്രവർത്തിക്കാനുതകും വിധം കോടതി പ്രവർത്തിച്ചിരുന്ന പെരുമ്പാവൂർ മുനിസിപ്പാലിറ്റി വക പഴയ ഹോസ്റ്റൽ കെട്ടിടം റിപ്പയർ ചെയ്യുന്നതിനാവശ്യമായ എസ്റ്റിമേറ്റും കെട്ടിടത്തിന്റെ കൃത്യമായ വിസ്തീർണ്ണവും സംബന്ധിച്ച റിപ്പോർട്ട് താമസിയാതെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 06.07.2021 ൽ പെരുമ്പാവൂർ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ നഗരസഭയ്ക്ക് കത്തു നൽകിയിരുന്നു. വിഷയം കൗൺസിലിൽ സമർപ്പിക്കുവാൻ ചെയർമാൻ നിർദ്ദേശിച്ചതനുസരിച്ച് 25.08.2021 ന് കൗൺസിൽ അജണ്ട തയ്യാറാക്കി. 23.09.2021 ൽ ചേർന്ന കൗൺസിൽ യോഗം സബ്ബ് കമ്മിറ്റി കൂടി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിന് ചെയർമാനെ ചുമതലപ്പെടുത്തി (തീരുമാനം.12). കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾക്കായി ഫയൽ 7.10.2021 ൽ ചെയർമാനയച്ചു. സബ്ബ് കമ്മിറ്റി അംഗങ്ങളുടെ പേരും യോഗ തീയതിയും രേഖപ്പെടുത്തി 26.10.2021 ൽ ഫയൽ തിരികെ ലഭിച്ചു. ഇതുപ്രകാരം 28.10.2021 ൽ സബ്ബ്കമ്മിറ്റി യോഗം നടത്താൻ നിശ്ചയിച്ച് അംഗങ്ങൾക്ക് നോട്ടീസയച്ചുവെങ്കിലും ആരും ഹാജരാകാതിരുന്നതിനാൽ യോഗം നടന്നില്ല. 09.11.2021 ൽ യോഗം നിശ്ചയിച്ചെങ്കിലും കൗൺസിൽ മീറ്റിങ്ങ് തീരുവാൻ വൈകിയതിനാൽ മാറ്റി വച്ചു. 29.11.2021 ൽ വീണ്ടും സബ്ബ് കമ്മിറ്റിയുടെ യോഗം നിശ്ചയിച്ച് നോട്ടീസും പോലീസ് സ്റ്റേഷനിലേയ്ക്കുള്ള കത്തും ഒപ്പുവയ്ക്കുന്നതിനു സമർപ്പിച്ച ഫയലിൽ "പോലീസ് മേധാവികളുമായി നേരിട്ടു സംസാരിച്ചപ്പോൾ മറ്റു സ്ഥലങ്ങൾ

പരിഗണിക്കുന്നതിനാൽ ആവശ്യമുള്ള പക്ഷം പിന്നീട് മീറ്റിങ്ങ് വിളിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുള്ളതാണ്" എന്നു കുറിപ്പെഴുതി ചെയർമാൻ മടക്കുകയാണു ചെയ്തത്. നിലവിൽ നിഷ്ക്രിയ ആസ്തിയായി ഹോസ്റ്റൽ കെട്ടിടം നിലകൊള്ളുകയാണ്. ഹോസ്റ്റൽ കെട്ടിടത്തിൽനിന്ന് സാമൂഹ്യവിരുദ്ധർ ഉപകരണങ്ങളടക്കം മോഷ്ടിച്ച സാഹചര്യത്തിൽ ഹോസ്റ്റലിന്റെ സുരക്ഷയ്ക്ക് വേണ്ട ക്രമീകരണങ്ങൾ അത്യാവശ്യമായി ഒരുക്കുകയും കെട്ടിടം ഉപയോഗത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-71 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശ, കസേര നൽകൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. പേര് | 0209/2021-22 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശ, കസേര നൽകൽ |
| അടങ്കൽ | 1,50,000/- |
| ചെലവ് | 1,43,972/- വികസന ഫണ്ട് (SCP) |
| ബിൽ നം. | 64/15.09.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്, ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ പെരുമ്പാവൂർ |

പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര നൽകൽ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 4,799/- രൂപ വീതം 30 പേർക്കായി ആകെ 1,43,972/- രൂപ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്റെ 14.02.2018 ലെ സ.ഉ. (കൈ) നം.22/2018/തസ്വഭവ സബ്സിഡി മാർഗ്ഗരേഖ 7.2.7 പ്രകാരം ആനുകൂല്യം നൽകുമ്പോൾ നിർധനരായ കുടുംബങ്ങളിലെ കുട്ടികൾക്കാണ് മുൻഗണന നൽകേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പെരുമ്പാവൂർ നഗരസഭയിലെ 6-ാം വാർഡിൽ താമസിക്കുന്ന കാലടി ബ്രഹ്മോദയം എച്ച്.എസ്.എസിൽ പത്താം ക്ലാസ്സിൽ പഠിക്കുന്ന വീണ സത്യൻ, കൊടിമറ്റത്തിൽ, റയോൺപുരം പി.ഒ, കാഞ്ഞിരക്കാട്, പെരുമ്പാവൂർ എന്ന കുട്ടിക്ക് പ്രസ്തുത പദ്ധതി പ്രകാരം മേശയും കസേരയും നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവ് ഹാജരാക്കിയിരിക്കുന്ന റേഷൻ കാർഡിലെ (നം.1738023259) ക്രമ നം. 2 ൽ അംഗത്തിന്റെ തൊഴിൽ രേഖപ്പെടുത്തിയിരിക്കുന്നത് സംസ്ഥാന സർക്കാർ ജീവനം എന്നാണ്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട യോഗ്യരായ മറ്റ് അംഗങ്ങളെ പരിഗണിക്കാതെ സർക്കാർ ജോലിയുള്ള വ്യക്തിയുടെ മകൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 16.2.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 24 ന് നഗരസഭയിൽ നിന്നും അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് സ്കൂളിലേക്ക് തരുകയും ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കളുടെ പക്കൽ നിന്നും അപേക്ഷയും അനുബന്ധ രേഖകളും സ്വീകരിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ മേശ കസേര എന്നിവ വാങ്ങി വിതരണം ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ടി മറുപടിയിൽ വ്യക്തതയില്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കളും ആനുകൂല്യത്തിന് അർഹരാകണമെന്ന് നിർബന്ധമില്ല. ഗുണഭോക്തൃ ലിസ്റ്റിൽ അനർഹർ ഉണ്ടെങ്കിൽ ആയത് പരിശോധിക്കേണ്ട ഉത്തരവാദിത്വം നിർവഹണോദ്യോഗസ്ഥനുണ്ട്. മാർഗ്ഗരേഖ മാനദണ്ഡങ്ങൾ വിലയിരുത്തി മാത്രമേ നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തികൾക്ക് അനുകൂല്യം അനുവദിക്കാവൂ എന്നതിനാൽ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ സാധിക്കുകയുമില്ല. ഭാവിയിൽ ഇത്തരം അപാകതകളില്ലാതെ പ്രോജക്ട് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-72 ഫയർ എൻ.ഒ.സി ലഭ്യമാക്കാതെ കെട്ടിട നിർമ്മാണ പെർമിറ്റ് പുതുക്കി നൽകിയത്

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം II ചട്ടം 4 പ്രകാരം ഗ്രൂപ്പ് F ഒക്യുപ്പൻസിയിൽപ്പെട്ട നിർമ്മിതി വിസ്തൃതി 1000 ചതുരശ്ര മീറ്ററിൽ കൂടുതലാണെങ്കിൽ നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ, 2016 ലെ പാർട്ട് 4 ഫയർ ആന്റ് ലൈഫ് സേഫ്റ്റിയിലേയും തുടർ ഭേദഗതികളിലേയും അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ കെട്ടിട നിർമ്മാണത്തിൽ പാലിച്ചിട്ടുണ്ടെന്ന്

ഉറപ്പാക്കുന്നതിനായി ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം/അനുമതി ലഭ്യമാക്കേണ്ടതാണ്.

ശ്രീ. പി.കെ. മുഹമ്മദ്, പുതുക്കാട്ട്, വാരപ്പെട്ടി പി.ഒ, എറണാകുളം എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ പെരുമ്പാവൂർ വില്ലേജിൽ റീസർവ്വേ നം.14/4, 14/3, 32/2 സ്ഥലത്ത് വാർഡ് 15 ൽ ആകെ 2809.22 ചതുരശ്ര മീറ്റർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി 21.08.2017 ലെ BA-90/16-17 (PW2-BA41713/2017) നമ്പർ പ്രകാരം നഗരസഭ സെക്രട്ടറി 20.08.2020 വരെ കാലാവധിയുള്ള ബിൽഡിംഗ് പെർമിറ്റ് നൽകിയിരുന്നു. ഗവൺമെന്റ് സർക്കുലർ പ്രകാരം 31.03.2021 വരെ പെർമിറ്റ് കാലാവധി നീട്ടി നൽകിയിട്ടുണ്ട്. പെർമിറ്റ് പുതുക്കി ലഭിക്കുന്നതിനുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ 28.04.2021 ലെ 121020100938 രസീത് പ്രകാരം 2810/- രൂപ ഈടാക്കി 30.04.2021 ൽ നഗരസഭ സെക്രട്ടറി പ്രസ്തുത ബിൽഡിംഗ് പെർമിറ്റ് 21.08.2023 വരെ പുതുക്കി നൽകിയിട്ടുണ്ട്.

പ്രസ്തുത ബിൽഡിംഗ് പെർമിറ്റ് ഫയലിൽ ഇനീഷ്യൽ ഫയർ എൻ.ഒ.സി ലഭ്യമാക്കുന്നതിന് പെരുമ്പാവൂർ ഫയർ ആന്റ് റസ്ക്യൂ ഓഫീസർക്ക് നഗരസഭ സെക്രട്ടറി 27.09.2016 ലെ BA-90/16-17 നമ്പർ പ്രകാരം നൽകിയ കത്തിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം/അനുമതി ലഭിച്ചിട്ടുള്ളതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. ഒക്യുപ്പൻസി അപേക്ഷയുമായി ബന്ധപ്പെട്ട് ന്യൂനതകൾ പരിഹരിക്കുന്നതിനായി നഗരസഭ സെക്രട്ടറി നൽകിയ 14.07.2022 ൽ BA-90/16-17 നമ്പർ നോട്ടീസിൽ ഫയർ എൻ.ഒ.സി. ഹാജരാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ഫയർ എൻ.ഒ.സി രേഖകൾ ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കാതെ പ്രസ്തുത കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് പുതുക്കി നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 07.03.2023 ൽ നൽകിയ ഓഡിറ്റ് എൻക്വയറി 51 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയർ എൻ.ഒ.സി. രേഖകൾ ലഭ്യമാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി (എംപ്ലോയീസ്) പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

എ. ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപന ത്തിന്റെ പേര് | ഉദ്യോഗ സ്ഥന്റെ പേര് | അർദ്ധ വാർഷിക വരുമാനം | നികുതി അടവാ ക്കിയത് | അടവാ ക്കേണ്ടത് | കുറവ് വന്ന തുക | അർദ്ധ വർഷം |
|---|---|---|---|---|---|---|---|
| 1 | ഇൻഡസ് ബാങ്ക് ലിമിറ്റഡ് | ജോർജ്ജ് ചെറിയാൻ | 102876 | 750 | 1000 | 250 | I |
| 2 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പെരുമ്പാവൂർ | സൗദാമിനി കെ.എൽ | 60000 | 450 | 600 | 150 | II |
| | | സംഗീത പ്രകാശ് | 60000 | 450 | 600 | 150 | II |
| | | ഇബ്രാഹീം ബാദുഷ | 60000 | 450 | 600 | 150 | II |
| | | മുഹമ്മദ് ഷാബിർ | 60000 | 450 | 600 | 150 | II |
| | | മനു എസ്. നായർ | 60000 | 450 | 600 | 150 | II |
| | | സീത സിജിൽ | 60000 | 450 | 600 | 150 | II |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | താലൂക്ക് ആശുപത്രി പെരുമ്പാവൂർ | അഞ്ചു കൃഷ്ണൻ (JPHN) | 28000 | 120 | 180 | 60 | II |
| | | ബേസിൽ ബെന്നി (Data Entry Operator) | 27000 | 120 | 180 | 60 | II |
| | | അശ്വതി അരവിന്ദ് (Data Entry Operator) | 27000 | 120 | 180 | 60 | II |
| | | ആര്യ പി. രാജൻ (Data Entry Operator) | 27000 | 120 | 180 | 60 | II |
| 4 | വിമല സെൻട്രൽ സ്കൂൾ | സിസ്റ്റർ അഖില | 126300 | 1000 | 1250 | 250 | II |
| ആകെ കുറവ് | | | | | | 1640/- | - |

ബി. സ്ഥാപനത്തിലെ ജീവനക്കാരുടെ ആകെ തൊഴിൽ നികുതി കണക്കാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| ക്രമ നം | സ്ഥാപനം | അടവാക്കിയ തുക | അടവാക്കേണ്ട തുക | കുറവു വന്ന തുക | അർദ്ധ വർഷം |
|---|---|---|---|---|---|
| 1 | ജി.എം. അസോസിയേറ്റ്സ് & ലൂബ്സ് | 1750 | 1950 | 200 | II |
| 2 | സിലോൺ ബേക്ക് ഹൗസ് | 6200 | 7200 | 1000 | II |
| ആകെ കുറവ് | | | | 1200/- | - |

ഓഡിറ്റ് എൻക്വയറി നം.15, തീ.18.10.2022 പ്രകാരം വിശദീകരണം ആവശ്യപ്പെടുകയും ലഭ്യമാക്കിയ മറുപടി പരിഗണിച്ച് ഈടാക്കിയതോ/നിലവിൽ ഇല്ലാത്തതോ ആയ സ്ഥാപനങ്ങളെ ഖണ്ഡികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട തുക (1640 + 1200 = 2840/-) ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ, ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-2 പ്രഥമ മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഇളവുകൾ അനുവദിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയത്

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം നടത്തുമ്പോൾ ചട്ടം 6 പട്ടിക 1 പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖലകളുടെ അടിസ്ഥാനത്തിൽ ഇളവുകൾ കണക്കാക്കേണ്ടതുണ്ട്. നഗരസഭ കൗൺസിൽ മാനദണ്ഡങ്ങൾക്കനുസരിച്ച് നഗരസഭ പ്രദേശത്തെ വ്യത്യസ്ത മേഖലകളെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. നഗരസഭയുടെ പ്രഥമ മേഖലയിലാണ് "എ.എം റോഡ് ", " എം.സി റോഡ് " എന്നിവ ഉൾപ്പെടുന്നത്. ചട്ടം 6 പട്ടിക 1 ൽ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖലകളുടെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള ഇളവുകളിൽ പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് ഇളവുകൾ അനുവദീയമല്ല. ദ്വിതീയ മേഖലയിൽ 10%, തൃതീയ മേഖലയിൽ 20% ഇളവുകളാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ പ്രഥമ മേഖലയിലെ എ.എം. റോഡ്, എം.സി. റോഡ് എന്നിവയുടെ സമീപത്തുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിന്മേൽ ദ്വിതീയ മേഖലയിലെ 10% ഇളവുകൾ അനുവദിച്ചാണ് വസ്തു നികുതി നിർണ്ണയം നടത്തി നമ്പർ അനുവദിച്ചിട്ടുള്ളത്. കെട്ടിട നമ്പർ അനുവദിക്കുന്നതിനായി കെട്ടിട ഉടമ വസ്തുനികുതി റിട്ടേണിനോടൊപ്പം (ഫോറം 2) ഹാജരാക്കിയിരിക്കുന്ന കംപ്ലീഷൻ പ്ലാനിലും, സഞ്ചയയിലെ ഫോം 6 ലും കെട്ടിടം സ്ഥിതി ചെയ്യുന്ന

റോഡിന്റെ പേര് എ.എം. റോഡ് / എം.സി. റോഡ് എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ തെറ്റായ രീതിയിൽ വസ്തുനികുതി നിർണ്ണയം നടത്തിയതു കാരണം നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതി തുകയിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം. | കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് | അസസ്മെന്റ് തീയതി | കെട്ടിട ത്തിന്റെ വിസ്തി (ച. മീ.) | കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡ്/ ഉപയോഗ ക്രമം /വസ്തുനികുതി നിരക്ക് | നിർണ്ണയിച്ച നികുതി. (ദ്വിതീയ മേഖലയിൽ 10% ഇളവ് ഉൾപ്പെടെ) | നിർണ്ണയിക്കേണ്ട നികുതി. (പ്രഥമ മേഖലയിൽ ഇളവ് ഇല്ലാതെ) | കുറവ് |
|---|---|---|---|---|---|---|---|
| 1 | 1/390 B ശ്രീ. സുധീർ കുമാർ & ബിന്ദു, മേപ്പുറത്തു മാലിൽ, 1-ാം മൈൽ, പെരുമ്പാവൂർ | 10.8. 2021 | 178.93 | എ.എം.റോഡ് വാണിജ്യം 80 | 14314 | 15746 | 1432 |
| 2 | 8/644 A ഡോ. ഉണ്ണികൃഷ്ണൻ എൻ.കെ, ഞാളൂപ്പടി, കുറുപ്പംപടി . പി.ഒ, പെരുമ്പാവൂർ | 13.9. 2021 | 642.72 | എ.എം.റോഡ് വാണിജ്യം 90 | 72300 | 78084 | 5784 |
| | 8/644 B ഡോ. ഉണ്ണികൃഷ്ണൻ എൻ.കെ, ഞാളൂപ്പടി, കുറുപ്പംപടി . പി.ഒ, പെരുമ്പാവൂർ | | 180.05 | എ.എം.റോഡ് വാണിജ്യം 90 | 17825 | 19446 | 1621 |
| | 8/644 C ഡോ. ഉണ്ണികൃഷ്ണൻ എൻ.കെ, ഞാളൂപ്പടി, കുറുപ്പംപടിപി.ഒ, പെരുമ്പാവൂർ | | 303.3 | എ.എം.റോഡ് വാണിജ്യം 90 | 32415 | 35145 | 2730 |
| | 8/644 D ഡോ. ഉണ്ണികൃഷ്ണൻ എൻ.കെ, ഞാളൂപ്പടി, കുറുപ്പംപടി പി.ഒ, പെരുമ്പാവൂർ | | 94.89 | എ.എം.റോഡ് വാണിജ്യം 90 | 8925 | 9779 | 854 |
| | 8/644 E ഡോ. ഉണ്ണികൃഷ്ണൻ എൻ.കെ, ഞാളൂപ്പടി, കുറുപ്പംപടി. പി.ഒ, പെരുമ്പാവൂർ | | 303.3 | എ.എം.റോഡ് വാണിജ്യം 90 | 30709 | 33439 | 2730 |
| | 8/644 F ഡോ. ഉണ്ണികൃഷ്ണൻ എൻ.കെ, ഞാളൂപ്പടി, കുറുപ്പംപടി. പി.ഒ, പെരുമ്പാവൂർ | | 94.89 | എ.എം.റോഡ് വാണിജ്യം 90 | 8455 | 9309 | 854 |
| | 8/644 G ഡോ. ഉണ്ണികൃഷ്ണൻ | | 351.9 | എ.എം.റോഡ് വാണിജ്യം | 33651 | 36818 | 3167 |

| | | | | | | | |
|---|---|---|---|---|---|---|---|
| | എൻ.കെ, ഞാളൂപ്പടി, കുറുപ്പംപടി . പി.ഒ,പെരുമ്പാവൂർ | | | 90 | | | |
| | 8/644 H ഡോ. ഉണ്ണി കൃഷ്ണൻ എൻ.കെ, ഞാളൂപ്പടി, കുറുപ്പംപടി. പി.ഒ, പെരുമ്പാവൂർ | | 82.72 | എ.എം.റോഡ് വാണിജ്യം 90 | 6961 | 7706 | 745 |
| 3 | 4/73 Aശ്രീ. ബേസിൽ പോൾ, പൂക്കാടൻ, ഇരി ങ്ങോൾ, പെരുമ്പാവൂർ | | 94.25 | എം.സിറോഡ് വാണിജ്യം 90 | 9331 | 10179 | 848 |
| | 4/73 A1 ശ്രീ. ബേസിൽ പോൾ, പൂക്കാടൻ, ഇരി ങ്ങോൾ, പെരുമ്പാവൂർ | 31.1.2022 | 35.46 | എം.സി റോഡ് വാണിജ്യം 90 | 3511 | 3830 | 319 |
| | 4/73 B ശ്രീ. ബേസിൽ പോൾ, പൂക്കാടൻ, ഇരി ങ്ങോൾ, പെരുമ്പാവൂർ | | 140.27 | എം.സി റോഡ് വാണിജ്യം 90 | 13193 | 14456 | 1263 |
| | 4/73 B1 ശ്രീ. ബേസിൽ പോൾ, പൂക്കാടൻ, ഇരി ങ്ങോൾ, പെരുമ്പാവൂർ | | 39.82 | എം.സി റോഡ് വാണിജ്യം 90 | 3746 | 4104 | 358 |
| ആകെ | | | | | | | 22705 |

വസ്തു നികുതി ഈടാക്കിയതിൽ 22705/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 23.02.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.40 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 വാർഷിക വസ്തുനികുതി തുക ഈടാക്കിയതിൽ കറവ്

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 6 പട്ടിക 2 പ്രകാരം കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗമായിട്ടുള്ള റോഡിന്റെ വീതി അഞ്ചു മീറ്ററോ അതിൽ കൂടുതലോ ആണെങ്കിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് കണക്കാക്കേണ്ടതുണ്ട്. എന്നാൽ താഴെപ്പറയുന്ന പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയ പ്രകാരം കെട്ടിട നമ്പർ നല്കിയിട്ടുള്ളത് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് കണക്കാക്കാതെയാണ്. കെട്ടിട നമ്പർ അനുവദിക്കുന്നതിനായി കെട്ടിട ഉടമ വസ്തു നികുതി റിട്ടേണിനോടൊപ്പം (ഫോറം 2) ഹാജരാക്കിയിരിക്കുന്ന കംപ്ലീഷൻ പ്ലാനിൽ കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗം രേഖപ്പെടുത്തിയിരിക്കുന്ന റോഡിന്റെ വീതി 5 മീറ്ററാണ്. തെറ്റായ രീതിയിൽ വസ്തുനികുതി നിർണ്ണയം നടത്തിയതു കാരണം നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതി തുകയിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ വിസ്തീ (ച.മീ.)/ഉപയോഗ ക്രമം/അസസ് മെന്റ് തീയതി | നിർണയിച്ച നികുതി (വർദ്ധനവ് 20% വഴി സൗകര്യം ഉൾപ്പെടാ തെ) (ച.മീറ്ററിന് 9/- രൂപാ നിരക്കിൽ) | നിർണ്ണയി ക്കേണ്ട നികുതി. വർദ്ധനവ് 20% വഴി സൗകര്യം ഉൾപ്പടെ (ച. | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | മീ.ന് 9/- രൂപ നിരക്കിൽ) | |
| 1 | 1/390 B ശ്രീ. ആഷിഷ് കെ ദേവസ്സി, കാട്ടുപറമ്പിൽ, വല്ലം, റയോൺപുരം പി.ഒ, പെരുമ്പാവൂർ | 381.65 പാർപ്പിടം 08.03.2022 | 3606.00 | 4293.00 | 687.00 |
| 2 | 3/81 A ശ്രീ. മുഹമ്മദ് സലിം സി.എം, ചിറയിലാൻ, കാഞ്ഞിരക്കാട്, റയോൺപുരം പി.ഒ, പെരുമ്പാവൂർ | 131.96 പാർപ്പിടം 05.03.2022 | 1069.00 | 1307.00 | 238.00 |
| ആകെ | | | | | 925.00 |

പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി തുകയിൽ 925/- രൂപയുടെ കുറവ് വന്നിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 23.02.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.42ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 2-4 റെഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ്

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം XX അനുമതിയില്ലാത്ത നിർമ്മാണങ്ങളുടെയും വ്യതിയാനങ്ങളുടെയും ക്രമവത്കരണം ചട്ടം 95 പ്രകാരം ക്രമവത്കരണം അനുവദിക്കാവുന്ന കെട്ടിടങ്ങൾക്ക് രാജിയാക്കൽ ഫീസ് ഈടാക്കി അനുമതി നൽകാവുന്നതാണ്. ക്രമവത്ക്കരണ ഫീസ് നിലവിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ്. ശ്രീമതി. സുമീത് പ്രീത, കീഴ്പറമ്പിൽ, ഇരിങ്ങോൾ എന്ന വ്യക്തിയുടെ 157.51 ച.മീറ്റർ നിർമ്മിത വിസ്തൃതിയിലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് പെരുമ്പാവൂർ നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയറുടെ 12.08.2021 ലെ PW2-8784/21 (RA-20/21-22) നമ്പർ പ്രകാരം ക്രമവത്കരണം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ക്രമവത്ക്കരണ ഫീസായി 2205/- (157.51 X 14) രൂപ ഈടാക്കുന്നതിന് പകരം 10.08.2021 ലെ 121020103533 രസീത് പ്രകാരം 1110/- (157.51 X 7) രൂപയാണ് ഈടാക്കിയിട്ടുള്ളത് ഇതുപ്രകാരം 1095/- രൂപയുടെ കുറവ് വന്നിട്ടുണ്ട്.

ചട്ട പ്രകാരമുള്ള റെഗുലറൈസേഷൻ ഫീസ് ഈടാക്കാത്തിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 23.02.2023 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 46 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമവത്ക്കരണ ഫീസിനത്തിൽ കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

